BANDHANATTIL NINNA KESAVA MENON

V222:25:N2
32F4

MUL
034879
RATTINAM PRESS
BINDERS
BADRIAN S...
MADRAS.

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or before
the date last marked below.

O.

Bandhanattil ninna

# ബന്ധനത്തിൽനിന്ന്.

UNIVERSITY LIB
4 DEC 1926

K.P. Kesava Menon

കെ. പി. കേശവമേനോൻ.

ാതൃഭൂമി അച്ചുകൂടം,
കോഴിക്കോട്.

വില 8 ണ.

1924.

34879

V222;28:N2

32F4

വന്ദ്യം

സത്യാഗ്രഹികൾക്ക്.

# മുഖവുര.

വൈക്കം സത്യാഗ്രഹത്തിന്റെ ഒരു ചരിത്രമല്ല ഈ ചെറിയ പുസ്തകത്തിൽ എഴുതിയിരിക്കുന്നതു്. അതിന്നുള്ള സമയം ഇനിയും ആയിട്ടില്ല. സത്യാഗ്രഹം ആരംഭിച്ച സമയത്തും, അതിന്നു് ശേഷവും ഈ ഗ്രന്ഥകൎത്താവിന്നുണ്ടായ ചില അനുഭവങ്ങളും, അതു് സംബന്ധമായി തിരുവനന്തപുരം സെൻറൽ ജെയിലിൽ ബന്ധനസ്ഥനായിരുന്നപ്പോൾ മനസ്സിൽ ഉദിച്ചിരുന്ന ചില ചിന്തകളും ആണു് ഇതിൽ വിവരിച്ചിരിക്കുന്നതു്. തീണ്ടലും, അയിത്തവും, ഐക്യത്തെയും ആത്മാഭിമാനത്തെയും നശിപ്പിക്കുന്നതുപോലെ കുററം ചെയ്യുന്ന മനുഷ്യരെ ശിക്ഷിക്കുവാനായി ഇപ്പോൾ ഏൎപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങൾ മനുഷ്യന്മാരെ മൃഗപ്രായന്മാരാക്കിത്തീൎക്കുക മാത്രമാണു് ചെയ്യുന്നതു്. ഇതിനെപ്പററിയും പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതായ മററു ചില സംഗതികളെക്കുറിച്ചും ഇതിൽ പ്രസ്താവിച്ചിട്ടുള്ളതു വായനക്കാൎക്കു് രുചിക്കുമെന്നു വിശ്വസിക്കുന്നു.

ചാലപ്പുറം,
27—10—1924.

ഗ്രന്ഥകൎത്താവു്.

# ബന്ധനത്തിൽനിന്ന്.

## ഒന്നാം അദ്ധ്യായം.

അന്തണനെ ചമച്ചുള്ളോരു കൈയല്ലോ
ഹന്ത നിർമ്മിച്ചു ചെറുമനേയും
ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും
സ്നേഹാർദ്രമാലിക്കുമുറവുകളും
ആഹന്തയെത്ര വിഫലമാക്കിത്തീർത്തു
നീ ഹിന്ദുധർമ്മമേ "ജാതി" മൂലം !
എത്രപെരുമാക്കൾ ശങ്കരാചാര്യന്മാ-
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരയാം ജാതിയാൽ ന്യൂന മലസിപ്പോയ്
കേരളമാതാവെ, നിൻ വയററിൽ.

അഞ്ചാറുകൊല്ലങ്ങൾക്കുമുമ്പ്, ഒരു ദിവസം, ഈ ഗ്രന്ഥകർത്താവു തെക്കെ മലയാളത്തിലെ ഒരു നിരത്തിന്മേൽക്കൂടി സഞ്ചരിക്കുകയായിരുന്നു. നേരം പകൽ 12 മണി കഴിഞ്ഞിരിക്കുന്നു. മേടമാസക്കാലമായിരുന്നതുകൊണ്ടു വെയിലിന്റെ ചൂടു സഹിക്കുവാൻ പ്രയാസമായിരുന്നു. കയറിപോയിരുന്ന കാളവണ്ടി നിരത്തിന്റെ ഇരുവശത്തും ഉണ്ടായിരുന്ന വലിയ വൃക്ഷങ്ങളുടെ തണലുകൾ വിട്ടു പെട്ടെന്നു അത്യുഗ്രമായ മദ്ധ്യാഹ്നസൂര്യന്റെ കഠിനമായശക്തി അനുഭവിക്കുവാൻ തുടങ്ങിയി

രിക്കുന്നു. വരണ്ട വയലുകളുടെ മദ്ധ്യത്തിൽക്കൂടി പോകു ന്ന കഴിഞ്ഞ പാതയിലേക്കാണ ഇപ്പോഠ വണ്ടി ഇറ ങ്ങിയിരിക്കുന്നതു. തീയിൻെറ ജ്വാലകഠപോലെ, ഇട ക്കിടെ വണ്ടിക്കകത്തു വന്നിരുന്ന ചൂടുള്ള കാററിനെ തടുക്കുവാനായി, വണ്ടിയുടെ പിൻഭാഗത്തുണ്ടായിരുന്ന ചാക്കിനെ തൂക്കി ഇട്ടു. സ്വല്പം ദൂരെ കണ്ടിരുന്ന തണ്ണീർ പന്തലിൽ എത്തിച്ചേരുവാനായി കാളയെ അതിവേ ഗത്തിൽ തെളിക്കുവാനായി പറഞ്ഞു. നിരത്തിൽനി ന്നു ഏകദേശം 300 വാര ദൂരത്തിൽ, വയലിൻെറ ഒരു വരമ്പിൽ, വികൃതസ്വരൂപികളായ നാലു മനുഷ്യന്മാർ നിന്നു ഉറക്കെ നിലവിളിക്കുന്നു. രണ്ടു പുരുഷന്മാരും, ഒരു സ്ത്രീയും, ഏഴെട്ടു വയസ്സു മാത്രം പ്രായമായ ഒരു കുട്ടിയും, ഉണ്ടായിരുന്നു. കറുത്തിരുണ്ട വസ്ത്രങ്ങഠ, നഗ്ന തയെ മറയ്ക്കുവാൻമാത്രം അവർ ധരിച്ചിട്ടുണ്ടായിരുന്നു. കയ്യിൽ ഓരോ വടിയും, താഴത്തു ഓരോ കൊട്ടകളും വെച്ചിരുന്നു. സ്ത്രീയുടെ കഴുത്തിൽ എന്തെല്ലാമോ ചി ലതു കെട്ടിത്തൂക്കിയിട്ടുണ്ടായിരുന്നു. നിരത്തിൻെറ വക്ക ത്തു് ഒരു ചെറിയവസ്ത്രം വിരിച്ചിട്ടുള്ളതിൽ കുറെ കാശും കിടക്കുന്നുണ്ടായിരുന്നു. പ്രകൃതി നിശ്ചലമായിരുന്ന ആ മദ്ധ്യാഹ്നസമയത്തിൽ ഈ നിർഭാഗ്യവാന്മാരുടെ നില വിളി മർമ്മഭേദ്യമായിത്തോന്നി. തീണ്ടൽ ജാതികളിൽ വെച്ചു ഏററവും നികൃഷ്ടന്മാരെന്നു വിചാരിക്കപ്പെട്ടുവരു ന്ന നായാടികളായിരുന്നു അവർ. സാധാരണമനുഷ്യർ വസിക്കുന്ന സ്ഥലത്തിൻെറ സമീപത്തൊന്നും അവൎക്കു പോകുവാൻ പാടില്ല. വയലിൽ പ്രവൃത്തി എടുക്കുവാൻ

അവർക്ക് തരമില്ല. കൂലിപ്രവൃത്തിക്കും നിവൃത്തിയില്ല. അടുക്കൽ വന്ന് ഇരക്കുവാൻ തരമില്ല. ദൂരെ നിന്നു വിളിക്കുവാനേ നിവൃത്തിയുള്ളു. പരിഷ്കൃതജീവിതം എന്തെന്ന് അവർക്ക് നിശ്ചയമില്ല. പൌരാവകാശത്തെപ്പററിയുള്ള വാദങ്ങളും അവർ പുറപ്പെടീക്കുന്നില്ല. തറയും, നഗരവും തമ്പുരാക്കന്മാർക്ക്, കാടും വയലും നായാടിക്ക്, സുഖവും പണവും തമ്പുരാക്കന്മാർക്ക്, വെയിലും പട്ടിണിയും നായാടിക്ക്, എന്ന നിലയാണു അവരുടേത്. എന്തൊരു ജീവിതം! എന്തൊരു സമ്പ്രദായം! അകലെനിന്നു കേട്ടിരുന്ന ആ ആർത്തസ്വരം ഏതൊരു യാത്രക്കാരന്റെ ഗതിയേയും പെട്ടെന്നു തടുക്കത്തക്ക ശക്തിയുള്ളതായിരുന്നു. വണ്ടി നിർത്തി, അതിൽനിന്നിറങ്ങി, നായാടികളെ അരികത്തുവിളിച്ചു കാശുകൊടുക്കാമെന്നു വിചാരിച്ച് വയലിലേക്കുനടന്നു. മുന്നോട്ടു നാലഞ്ചടി പോയി, 'നായാടി, നായാടി' എന്നു വിളിച്ച്, അവരുടെ അടുക്കലേക്കു ചെന്നപ്പോൾ അവർ നിന്നിരുന്ന സ്ഥലത്തുനിന്നു ദൂരെ പോകുവാൻ തുടങ്ങി. "അവിടെ നില്ക്കുവിൻ, അവിടെ നില്ക്കുവിൻ" എന്നു വിളിച്ചുപറഞ്ഞപ്പോൾ അവർക്ക് അധികം സംശയമായി. തിരിഞ്ഞു നോക്കികൊണ്ടു പിന്നേയും ഓടി. സാധാരണയുള്ളതിൽ കുറെ അധികം അടുത്തുവന്നിരുന്നതുകൊണ്ട് 'തമ്പുരാക്കൾ' തല്ലുവാൻ വരുകയാണെന്നാണ് അവർ വിചാരിച്ചതു. "പേടിക്കേണ്ട, കാശു തരുവാനാണ്, അവിടെതന്നെ നില്ക്കുവിൻ" എന്ന് നാലഞ്ചുപ്രാവശ്യം, പലസ്വരത്തിൽ, വിളിച്ചുപറഞ്ഞതിന്നുശേഷം മാത്രമാണ്

അവർ തിരിഞ്ഞുനിന്നു നോക്കിയത്രെ. അരികിൽചെന്ന് കാശ്ശു കയ്യിൽ കൊടുത്തപ്പോൾ അവരുടെ മുഖത്ത് സ്പ്ഫുരിച്ചിരുന്ന അതിശയവും, പരിഭ്രമവും, സന്തോഷവും, നന്ദിയും, ഭയവും, വിവരിക്കുവാൻ പ്രയാസം. താൻ അവയുടെ അടുക്കൽ പോകുമ്പോൾ പക്ഷികൾ ഭയന്ന് പറന്നുപോകുന്നതുകണ്ട് മഹാരാഷ്ട്രത്തിലെ മഹായോഗിയായിരുന്ന തുക്കാറാമിന്റെ മനസ്സിന്നു അതിയായ അസ്വാസ്ഥ്യം ഉണ്ടായതായി കേട്ടിട്ടുണ്ട്. 'ഞാൻ ഇത്ര ദുഷ്ടനായിപ്പോയല്ലോ' എന്ന് വിചാരിച്ചിട്ടാണത്രെ അദ്ദേഹത്തിന്റെ മനസ്സിന്നു ഉണ്ടായതായ വേദന. ഒരു മനുഷ്യനെ കണ്ട് മറ്റൊരു മനുഷ്യൻ ഭയന്ന് ഓടേണമെങ്കിൽ, ഭയത്തിന്ന് കാരണമായ മനുഷ്യൻ എത്ര കണ്ടു ലജ്ജിക്കണം ? യാതൊരു കാരണവും കൂടാതെയല്ല ആ നായാടികൾ ഞങ്ങൾ അടുത്തുചെല്ലുന്നതു കണ്ടപ്പോൾ ഭയപ്പെട്ട് ഓടിയത്രെ. അതിന്നു മുമ്പ് എത്രയോ പ്രാവശ്യം "തമ്പുരാക്കന്മാരെ" അയിത്താക്കിയതിന്ന് അവർക്ക് അടി കിട്ടിയിട്ടുണ്ടായിരിക്കണം. അതുകൊണ്ടാണു മനുഷ്യരെകണ്ടു ഭയന്നോടുന്ന മൃഗങ്ങളെപ്പോലെ 'തമ്പുരാക്കന്മാർ' അടുത്തുവരുന്നതുകണ്ടു നായാടികൾ ഓടിയത്രെ. ഇതു സാധാരണ കാണുന്ന ഒരു കാഴ്ചയാണെങ്കിലും അതിനെപ്പററി വിചാരിക്കുമ്പോൾ മനുഷ്യനെ മൃഗങ്ങളെക്കാളും നിന്ദ്യമായി വിചാരിക്കുന്ന ഈ സമ്പ്രദായത്തെ ഓർത്തു ലജ്ജയും വ്യസനവും തോന്നാതിരിക്കുന്നതല്ല. വളരെക്കാലത്തെ പരിചയംകൊണ്ട് ഈ നീചസമ്പ്രദായം ചിലർക്ക് നീചമായിട്ടു തോന്നു

ന്നതുതന്നെയില്ല. മദ്ധ്യാഹ്നവെയിലിൽ നിന്ന് ഭക്ഷണത്തിന്നായി നിലവിളിക്കുന്ന നായാടികളുടെ ശബ്ദങ്ങൾ ചിലരുടെ മനസ്സിൽ യാതൊരു വികാരവും ഉണ്ടാക്കുന്നില്ല. നമ്മുടെ ഗവ്വ്കൊണ്ടാണ അവർ ഇങ്ങിനെ അനുഭവിക്കേണ്ടിവരുന്നതു, നമ്മുടെ അസ്വധവിശ്വാസമാണ അവരുടെ സ്വാതന്ത്ര്യനാശത്തിന്റെ ഹേതു, നമ്മുടെ ഹൃദയശൂന്യതയാണ അവരുടെ നിസ്സഹായതക്കു കാരണം, നമുക്കു ജീവകാരുണ്യം ഇല്ലായ്മയാണ അവരുടെ ആത്മാഭിമാനത്തിന്നു നാശമായിതീൎന്നിരിക്കുന്നതു എന്ന നാം പക്ഷെ അറിയുന്നില്ലായിരിക്കാം.

നായാടികളോളം അകലെ നില്ക്കേണ്ടതില്ലെങ്കിലും പുലയരുടേയും ചെറുമക്കളുടേയും കഥ ആലോചിച്ചു നോക്കുക! കേരളത്തിലെ കൃഷി മിക്കതും കൊണ്ടു നടത്തുന്നതു ഇവരാണ. കന്ന് പൂട്ടുവാനും, വിത്ത് വിതക്കുവാനും, വിള കൊയ്യുവാനും, കററകെട്ടുവാനും എല്ലാററിന്നും ഇവർ തന്നെ. ഇവർ പണി എടുത്തില്ലെങ്കിൽ 'തമ്പുരാക്കന്മാർ' പട്ടിണികിടക്കുവാനേ നിവൃത്തിയുള്ളു. പട്ടിണിവയറുംകൊണ്ടു ചെറുമൻ എടുക്കുന്ന പണിയാണ മററുള്ളവരുടെ പത്തായത്തെ നിറക്കുന്നതു. എങ്കിലും,

മററുള്ളവൎക്കായുഴാനും നട്ടുവാനും
കററകൊയ്യാനും മെതിക്കുവാനും
പററുമിക്കൂട്ടരിരുകാലിമാടുകൾ
മററുകൃഷിപ്പണി ചെയ്യുവാനും

എന്നു മട്ടിൽ അല്ലാതെ മനുഷ്യരുടെ നിലയിൽ അവൎക്കു ചില അധികാരങ്ങൾ ഉണ്ടെന്നു വിചാരം നമുക്കില്ല. യൂറോപ്യന്മാർ ഒരു കാലത്തു അടിമവ്യാപാരം നടത്തിയതുപോലെ ഇപ്പോഴും കേരളത്തിലെ പല സ്ഥലങ്ങളിലും ചിലർ ചെറുമക്കളെ അടിമകളായി വിചാരിച്ചുവരുന്നുണ്ടു. ഭൂസമ്പത്തു് ക്രയവിക്രയം ചെയ്യുമ്പോൾ അതോന്നിച്ചു് ആ ഭൂമിയിൽ പണി ചെയ്യുന്ന ചെറുമക്കളേയും ക്രയവിക്രയം ചെയ്യാറുണ്ടു. അവൎക്കു ഇഷ്ടപ്രകാരം പണിക്കുപോകുവാൻ തരമില്ല. അവരുടെ വിവാഹവും, താമസവും എല്ലാം ആ ഭൂമിഉടമസ്ഥന്റെ ഇഷ്ടത്തിന്നനുസരിച്ചിരിക്കണം. ഇതിന്നെല്ലാം പുറമെ മററു രാജ്യങ്ങളിലെ അടിമകൾക്കു് ഇല്ലാത്തതായ അയിത്തവും ചെറുമക്കൾക്കുണ്ടു.

തണ്ടാൻ, ഈഴവർ, തിയ്യർ എന്നീ സമുദായത്തിൽ പെട്ടിട്ടുള്ളവരും അയിത്തജാതിക്കാരാണല്ലോ. ബുദ്ധികൊണ്ടും, പഠിപ്പുകൊണ്ടും, പ്രാപ്തികൊണ്ടും കേരളത്തിലെ മറേറതു സമുദായത്തിലെ അംഗങ്ങളോടും കിടപിടിക്കുവാൻ യോഗ്യതയുള്ളവർ എത്രയോ ഈ സമുദായങ്ങളിൽ ഉണ്ടു. വക്കീലന്മാരും, ജസ്റ്റിമാരും, ഡോക്ടർമാരും, ഉദ്യോഗസ്ഥന്മാരും, ശാസ്ത്രജ്ഞന്മാരും, പണ്ഡിതന്മാരും, പത്രാധിപന്മാരും, പ്രാസംഗികന്മാരും, മഹാകവികളും, വലിയ യോഗികളും ഈ സമുദായങ്ങളെ അലംകരിച്ചിട്ടുണ്ടു. എങ്കിലും ഇവർ അടുത്തുവരുന്നതായാൽ ഉയൎന്നജാതിക്കാർ അയിത്തമായി. ഇവർ

കൂടാതെ പാണൻ, പറയൻ, വടുകൻ എന്നിങ്ങനെ അയിത്തജാതിയിൽപെട്ട വളരെസമുദായങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. കേരളത്തിലെ 80 ലക്ഷംജനങ്ങളിൽ പകുതിയും അയിത്തജാതിയിൽ പെട്ടിട്ടുള്ളവരാണു. "തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ" എന്ന വൎഗ്ഗത്തിൽ ഏതിലെങ്കിലും പെടാത്തവർ കേരളത്തിൽ ചുരുക്കം ചിലർ മാത്രമേയുള്ളുവെന്നു പറയാം. ഈ ദുരാചാരം, മററുവിധത്തിൽ തന്നെ പരവശയായിരിക്കുന്ന നിർഭാഗ്യഭൂമിയെ സ്വാഭിമാനമുള്ള മനുഷ്യൎക്കു നിവസിക്കുവാൻ നിവൃത്തിയില്ലാത്തതാക്കിത്തീൎത്തിരിക്കുന്നു.

മനുഷ്യരുടെ നിലയിൽ അവരുടെ ധൎമ്മത്തെ നിറവേററേണ്ടതിന്നു തീണ്ടൽ ജാതിക്കാൎക്കു സൌകൎയ്യമില്ലാതെ വന്നിരിക്കുന്നു. നായാടിക്കു ശരിയായ വിദ്യാഭ്യാസത്തിന്നു സൌകൎയ്യമുണ്ടോ? ഒരു രാജ്യത്തിലെ പൌരനാണെന്ന ബോധം നായാടിക്കുണ്ടോ? ദേശാഭിമാനം നായാടിയുടെ ഉള്ളിൽ ഉദിക്കുമോ? ആത്മാഭിമാനം വളൎത്തുവാൻ വല്ല വഴിയും നായാടിക്കുണ്ടോ? മനുഷ്യൻെറ വളൎച്ചയെ തടുക്കുന്ന ഈ ആചാരത്തെ നാം പിന്നെ എങ്ങിനെ നിലനിൎത്തും?

ഒരേ രാജ്യത്ത് നിവസിക്കുന്നവരിൽ ചിലർ, അതിൽ ഉള്ള മററു ചിലരെ ഹീനന്മാരായി വിചാരിക്കുന്ന കാലത്തോളം പൊതുരാജ്യത്തിലെ സന്താനങ്ങളാണെന്നുള്ള അഭിമാനം രണ്ടുവൎഗ്ഗക്കാരിലും ഒരുപോലെ തോന്നുമോ? തങ്ങളുടെ നാട്ടുകാർ തന്നെ തങ്ങളുടെ ആത്മാ

ഭിമാനത്തെ ചവിട്ടിതാഴ്ത്തുന്നതു കണ്ടുകൊണ്ടു ദേശാഭിമാനത്തെ വളൎത്തുവാനായി അവരെ ഉപദേശിക്കുന്നതിൻെറ അൎത്ഥമെന്താണ ? അടിമകളെ അടിമകളാക്കിവെക്കുന്നതാണ തങ്ങളുടെ പദവിക്കു പററിയത എന്ന പുരാതന ഗ്രീസിലെ പ്രഭുക്കന്മാർ കരുതിവന്നു. ഈ മനസ്ഥിതിതന്നെ അവരുടെ ക്ഷയത്തിന്നും കാരണമായി ത്തീൎന്നു. വളരെ പ്രാബല്യത്തോടുകൂടി ഇരുന്നിരുന്ന റൊമൻ സാമ്രാജ്യത്തിൻെറ അധഃപതനത്തിന്നും അതിലെ അസംഖ്യ അടിമകളുടെ പരിതാപകരമായ സ്ഥിതി ഒരു പ്രധാന സംഗതിയായിവന്നു. തൻെറ രാജ്യത്തിൽനിന്ന അടിമവ്യാപാരത്തെ നീക്കുവാനായി തൻെറ നാട്ടുകാരോട വലിയ ഒരു യുദ്ധത്തിന്ന കൂടി അമേരിക്കയിലെ പ്രസിഡേണ്ടായിരുന്ന കീൎത്തിമാനായ ലിങ്കൻ ഒരുങ്ങി. ഇവിടത്തെ അയിത്തജാതിക്കാരുടെ സ്ഥിതിയും ഒരു തരം അടിമത്വമല്ലെന്നു ആരെങ്കിലും വാദിക്കുവാൻ ഒരുങ്ങുന്നുണ്ടൊ ?

ഈ ദുരാചാരത്തിൻെറ ഒഴിച്ചുകൂടാത്ത ഫലമായി, സമുദായമത്സരം ഈ രാജ്യത്തിൻെറ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്നും പ്രതിബന്ധമായിത്തീൎന്നു. അയിത്തം അഭിമാനത്തെ ക്ഷയിപ്പിച്ചു, ഐക്യം നശിപ്പിച്ചു, അനൎത്ഥം വലിച്ചിട്ടു, ജീവകാരുണ്യവും ഇല്ലാതെയാക്കി. അതു നിലനിന്നുവരുന്ന ഓരോ ദിവസവും നമ്മുടെ അടിമത്വത്തെ ദീൎഘിപ്പിക്കുകയാണ്. ഉയൎന്നജാതിക്കാർ തീണ്ടൽജാതിക്കാരോടു കാണിക്കുന്ന അക്രമത്തിൽ അധിക

മായി ഒന്നും ആഫ്രിക്കയിലെ വെള്ളക്കാർ ഇന്ത്യക്കാരോട്ട കാണിക്കുന്നില്ല. കാലക്രമേണ ഈ ദോഷമെല്ലാം തീരു മെന്നു പറയുന്നതു ശരിയല്ല. പ്രയത്നങ്ങൾകൊണ്ടുമാത്രമേ കാൎയ്യങ്ങൾ നിവൎത്തിച്ചിട്ടുള്ളു. കേരളത്തിൽ വേരൂന്നിപിടിച്ചു കിടക്കുന്ന ഈ ദുരാചാരത്തെ നീക്കേണമെങ്കിൽ സൎവ്വശക്തിയും ഉപയോഗിച്ചു അതിനെ എതിൎക്കുക മാത്രമേ വഴിയുള്ളു. അതുകൊണ്ടാണു അയിത്തോച്ചാടനത്തെ ഒരു പ്രധാനപ്രവൃത്തിയായി കോൺഗ്രസ് എടുത്തതും, അയിത്തോച്ചാടനകാൎയ്യത്തിൽ കോൺഗ്രസിന്റെ കാൎയ്യപരിപാടിയെ നിൎവ്വഹിക്കുവാനായി ഒരു പ്രത്യേക കമ്മററി കേരളസംസ്ഥാനകോൺഗ്രസ് കമ്മററി നിയമിച്ചതും. ഈ കമ്മററിയുടെ പ്രവൃത്തിയെപ്പററി അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം.

---

## രണ്ടാം അദ്ധ്യായം.

ഈശനു നമ്മിൽ കൃപവേണമെന്ന്
നമുക്കുമോഹം വളരുന്നുവെങ്കിൽ
മോശംവരാതന്യജനങ്ങളോടു
നമുക്കുമുള്ളിൽ കൃപതോന്നിടേണം.

അയിത്തവും തീണ്ടലും നീക്കേണ്ടതിന്നു മൂന്നു വിധത്തിൽ പ്രവൎത്തിക്കേണ്ടതുണ്ട്. അയിത്തത്തെപ്പററി നമുക്കെത്രതന്നെ വെറുപ്പുണ്ടായാലും അതുകൊണ്ടുള്ള ദ്രോഹങ്ങൾ അനുഭവിക്കുന്ന ജാതിക്കാർ തങ്ങളുടെ സ്വാഭിമാനത്തെ വീണ്ടെടുക്കുവാൻ വിചാരിക്കുന്നില്ലെങ്കിൽ പി

ൻ്റെ മററുള്ളവരുടെ പ്രവൃത്തികൊണ്ടു പ്രയോജനമില്ല. അടിമയെ അടിമത്വത്തിൽ ഇരുത്തുകയില്ലെന്ന് മററുള്ളവർ വിചാരിച്ചാൽ പോരാ. "ഞാൻ അടിമയായിരിക്കുകയില്ല. ഞാൻ മനുഷ്യനാണു. മനുഷ്യൻെറ നിലയിലുള്ള എൻെറ അവകാശങ്ങൾക്കായി ഞാൻ പൊരുതും" എന്ന ഉശിര്പ്പ് അടിമയുടെ മനസ്സിൽ ഉണ്ടായിരിക്കണം. അതില്ലെങ്കിൽ ആ മനസ്ഥിതി ഉണ്ടാക്കുവാൻ മററുള്ളവർ ശ്രമിക്കണം. അതുകൊണ്ടു ഒന്നാമതായി അയിത്തജാതിക്കാരുടെയിടയിൽ അവരുടെ സ്വാഭിമാനത്തെ ഉണർത്തുവാനും വളർത്തുവാനുമുള്ള വേലകൾ ചെയ്യണം. അതേ സമയത്തുതന്നെ താണജാതിക്കാരോടു തങ്ങൾ ചെയ്യുന്നതായ അക്രമത്തെക്കുറിച്ചു ഉയൎന്ന ജാതിക്കാരുടെ മനസ്സിലും പശ്ചാത്താപം ജനിപ്പിക്കണം. "എൻെറ പ്രവൃത്തികൊണ്ടു മറെറാരുത്തനെ ഉയൎത്തുവാൻ സാധിച്ചാൽ അതിലധികം വലിയതായ സന്തോഷം എനിക്കെന്തുണ്ടു" എന്ന തോന്നൽ അവരുടെ മനസ്സിലും ഉണ്ടാക്കണം. ഇപ്രകാരം അഭിപ്രായമുള്ള സവൎണ്ണഹിന്തുക്കൾ വൎദ്ധിക്കുന്തോറും അയിത്തത്തെ അകററുവാനുള്ള പ്രയത്നവും കുറഞ്ഞുവരും. ഈരണ്ടു കാൎയ്യങ്ങളും പ്രചാരപ്രവൃത്തികൊണ്ടു മാത്രമേ സാധിക്കുകയുള്ളു. അതുകൊണ്ടാണു, പ്രചാരകന്മാരെ അയച്ചും, ലഘുപത്രങ്ങൾ പ്രസിദ്ധം ചെയ്തും, പ്രത്യേക കമ്മററികളെ ഏൎപ്പെടുത്തിയും അയിത്തോച്ചാടനപ്രവൃത്തിക്കാവശ്യമായ മനസ്ഥിതി ജനങ്ങളുടെ ഇടയിൽ ഉണ്ടാക്കുവാൻ കാൺഗ്രസ് കമ്മിററി തീൎച്ചപ്പെടുത്തിയതു. ഇതു

കൊണ്ടു മാത്രം കാൎയ്യം സാധിക്കുന്നതല്ല. നൂറു പ്രസംഗങ്ങളെക്കാളും അധികം ഫലം ഉണ്ടാകുക ഒരു പ്രവൃത്തികൊണ്ടാണു അയിത്തത്തെ നിഷേധിച്ചുള്ള പ്രവൃത്തിയാണു അയിത്തത്തെ അകററുവാൻ മറെറല്ലാററിനെക്കാളും വേഗത്തിൽ സഹായിക്കുക. അതുകൊണ്ടു, തീണ്ടൽ ജാതിക്കാരുക്കു പ്രവേശനം ഇപ്പോൾ അനുവദിക്കാത്ത പൊതുസ്ഥലങ്ങളിൽക്കൂടി അവർ കടന്നു പോകുവാൻ ശ്രമിക്കുന്നതായിരിക്കും എല്ലാററിലും വെച്ചു അധികം ഫലത്തെ ഉണ്ടാക്കുക. ഇങ്ങനെയുള്ള പ്രവൃത്തികൾ, സൌകൎയ്യമുള്ള സ്ഥലങ്ങളിൽ ഉടനെ തുടങ്ങേണ്ടതാണെന്നും കോൺഗ്രസ് അയിത്തോച്ചാടനകമ്മററി തീരുമാനിച്ചു. ഇതിന്നുള്ള അവസരം ഒന്നാമതായി വൈക്കത്താണു നേരിട്ടതു.

വൈക്കം ക്ഷേത്രത്തിന്നു ചുററും റോഡുകൾ ഉണ്ടു. ഈ റോഡുകൾ പൊതുസ്ഥലങ്ങൾ ആണ്. എങ്കിലും ഇതിൽക്കൂടി എല്ലാ ജാതിക്കാൎക്കും പ്രവേശനമില്ല. സവൎണ്ണഹിന്ദുക്കൾക്കും, മുഹമ്മദീയൎക്കും, ക്രിസ്ത്യാനികൾക്കും അന്യമതക്കാൎക്കും ഇതിലെ പോകാം. എന്നാൽ തീണ്ടൽ ജാതിക്കാരായ ഈഴവർ പുലയർ മുതലായവർ ഇതിലെ കടന്നുപോയ്ക്കൂടാ. "പൊതുജനങ്ങൾക്കു ഈ വഴി കടന്നുപോയ്ക്കൂടാ" എന്നു എഴുതിയ ബോൎഡുകൾ ചില ഭാഗങ്ങളിൽ വെച്ചിട്ടുണ്ടെങ്കിലും തീണ്ടൽ ജാതിക്കാരൊഴികെ പൊതുജനങ്ങളിൽ പെട്ടിട്ടുള്ളവരായ മറെറല്ലാ ജാതിക്കാരും ഇതിലെ കടന്നുപോകുക പതിവുണ്ടു? വളരെക്കാലമായി നടന്നുവരുന്ന ആചാരമാണ് എന്നുള്ള

തു് ഏളരെക്കാലമായി നിലനിന്നുവരുന്ന ഒരു അനീതിയെ പിന്നെയും നിലനിൎത്തുവാൻ കാരണമായി വരുമോ? കേരളകോൺഗ്രസ്സ് നിവേദനസംഘം 1099 കുംഭമാസം 16-ാംനു- വൈക്കത്തു പോയിരുന്നപ്പോഴാണു് വൈക്കത്ത ക്ഷേത്രറോഡിനെപ്പററിയുള്ള ഈ വൎത്തമാനം ഒന്നാമതായി അറിഞ്ഞതു. അന്നു വൈകുന്നേരം വൈക്കത്തു വെച്ചുണ്ടായ ഒരു മഹാസഭയിൽ വളരെ സവൎണ്ണഹിന്ദുക്കളും, അവൎണ്ണഹിന്ദുക്കളിൽപെട്ട ഈഴവർ, പുലയർ തുടങ്ങിയവരും ഹാജരുണ്ടായിരുന്നു. അയിത്തത്തെപ്പററി പ്രസ്താവിച്ച കൂട്ടത്തിൽ വൈക്കത്തു അപ്പോൾ നിലനിന്നുവരുന്ന ആ വ്യത്യാസത്തെ മാററി ക്ഷേത്രറോഡിന്മേൽ കൂടി തീണ്ടൽ ജാതിക്കാരെ അനുവദിക്കുവാനായി സവൎണ്ണഹിന്ദുക്കളോടപേക്ഷിക്കുകയും, അതു പ്രവൃത്തിയിൽ കൊണ്ടുവരുവാനായി പിറേറദിവസം രാവിലെ 4 മണിക്കു്, നിരോധിക്കപ്പെട്ടിരിക്കുന്ന റോഡുകളിൽക്കൂടി തീണ്ടൽജാതിക്കാരും സവൎണ്ണഹിന്ദുക്കളും ചേൎന്നതായ ഒരു ഘോഷയാത്ര പോകുന്നതാണെന്നു അറിയിക്കുകയും, അതിന്നു വന്നു ചേരുവാനായി അവരെയെല്ലാം പ്രത്യേകം ക്ഷണിക്കുകയും ചെയ്തു.

അയിത്തത്തെ അകററേണ്ടുന്ന ആവശ്യകതയെപ്പററി പറഞ്ഞപ്പോൾ ഹസ്തതാഡനം ചെയ്തിരുന്ന പലരും ഈ ഘോഷയാത്രയെക്കുറിച്ചു കേട്ടപ്പോൾ ഒന്നു പരിഭ്രമിച്ചു. ചിലർ മുഖംചുളിച്ചു, ചിലർ തല കുലുക്കി, ചിലർ പിറുപിറുത്തു. "നമുക്കു ഇതിനെപ്പററി ഒന്നുകൂടി ആലോചിക്കണം. തടസ്ഥം ഒന്നും ഉണ്ടാകുകയില്ല,

എങ്കിലും ഒന്നുകൂടി ആലോചിക്കണേ!" എന്നായി. ചില സ്നേഹിതന്മാർ സഭ കഴിഞ്ഞു ഞങ്ങൾക്കു പാൎക്കുവാൻ ഏൎപ്പെടുത്തിയിരുന്ന മുസാവരി ബംഗ്ലാവിലേക്കു വന്നു. ഉടനെ അവിടെ താസിൽദാർ, മജിസ്ട്രേട്ട്, പോലീസ് ഇൻസ്പെക്ടർ മുതലായ ഉദ്യോഗസ്ഥന്മാർ എത്തി. വിചാരിച്ചിരുന്ന ഘോഷയാത്ര പിറ്റെദിവസം രാവിലെ ഉണ്ടാകുന്നതായാൽ അതു വലിയ ഒരു ലഹളക്ക് കാരണമായി വരുമെന്നും സവൎണ്ണഹിന്ദുക്കൾക്ക് ഈ പ്രവൃത്തി വലിയവിരോധമായി തീരുന്നതാണെന്നും പറഞ്ഞു. ലഹള ഉണ്ടാക്കണമെന്ന മോഹം ഞങ്ങൾക്കില്ല. സമാധാനത്തോടുകൂടി കാൎയ്യം നിവൎത്തിക്കാമെന്നാണു ഞങ്ങൾ വിചാരിക്കുന്നത്, എന്ന് അവരോടു സമാധാനവും പറഞ്ഞു. അവർ പോയ ഉടനെ സ്ഥലത്തെ ചില സവൎണ്ണഹിന്ദുക്കൾ അവിടെവന്നു. നിശ്ചയിച്ച ഘോഷയാത്രക്ക് വളരെ ആളുകൾക്കു വിരോധം ഉണ്ടാകുവാൻ തരമില്ല. എങ്കിലും മുമ്പ് നടപ്പില്ലാത്ത ഒരു കാൎയ്യം പെട്ടെന്ന് ഇങ്ങനെ തുടങ്ങുന്നതു നന്നായിരിക്കുകയില്ല. വേറെ ചില സമുദായപ്രമാണികളേയും അറിയിച്ച് നമുക്ക് ഈ ഘോഷയാത്ര വളരെ ഭംഗിയായി നടത്താം. അതിന്നു പത്തുദിവസത്തെ താമസം വേണ്ടിവരും. അതുകൊണ്ടു കുറെ ദിവസത്തിന്നു ഇതു നിൎത്തിവെച്ചാൽ നന്ന് എന്ന ആവശ്യപ്പെട്ടു. അതിന്നു ഞങ്ങൾക്കു യാതൊരു വിരോധമില്ലെന്നും, എങ്കിൽ മീനം 17-ാംനു-വരെക്കു ഇതിനെ നിൎത്തിവെയ്ക്കാമെന്നും പറഞ്ഞു. അതുപ്രകാരം നിശ്ചയിച്ചു ഞങ്ങൾ വൈക്കത്തുനിന്നു മടങ്ങി.

കോഴിക്കോട്ടു വന്നതിനു ശേഷം ഈ വിവരങ്ങൾ എല്ലാം കാണിച്ച് ഒരു അറിയിപ്പു പ്രസിദ്ധം ചെയ്തു.

മീനം 17-ാംനു- എല്ലാവരും കാത്തിരുപ്പായി. വാളന്റിയർമാർ വന്നു തുടങ്ങി. പണം പിരിക്കുവാൻ ആരംഭിച്ചു. തീവണ്ടിയിലും, ബോട്ടിലും, അമ്പലത്തിന്റെ മുമ്പിലും, ആൽത്തറമുകളിലും വൈക്കത്തു നടക്കുവാൻപോകുന്ന സത്യാഗ്രഹത്തെപ്പററി സംസാരം കേട്ടു തുടങ്ങി. ക്ഷേത്രറോഡിൽകൂടി തിണ്ടൽ ജാതിക്കാർ പ്രവേശിക്കുന്നതു രണ്ടു മാസത്തേക്കു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഒരു കല്പനമൂലം തടസ്ഥം ചെയ്തു. ഈ കല്പനയുടെ ഒരു പകപ്പ് എനിക്കും മാധവനും മററു ചില സ്നേഹിതന്മാക്കും തന്നിട്ടുണ്ടായിരുന്നു. അയിത്തോച്ചാടന കമ്മററിയിലെ മെമ്പർമാരും, മററു കാൺഗ്രസ് നേതാക്കന്മാരും രണ്ടു ദിവസം മുമ്പുതന്നെ വൈക്കത്തുവന്നു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യുവാൻ തുടങ്ങിയിരുന്നു. എല്ലാവരും ഇപ്പോൾ ചരിത്രപ്രസിദ്ധമായിത്തീൎന്ന ആ ദിവസത്തെ പ്രതീക്ഷിച്ചിരുപ്പായി.

കേരളത്തിലെ മിക്ക വൎത്തമാന പത്രങ്ങളും ഇതിനെപ്പററി മുഖപ്രസംഗങ്ങൾ എഴുതിയിരുന്നു. ഗവൎമ്മേണ്ടിന്റെ വിരോധമുണ്ടാകുവാൻ പോകുന്നുണ്ടെന്നു കേട്ടതല്ലാതെ സവൎണ്ണഹിന്ദുക്കളുടെ ഇടയിൽ പറയത്തക്ക വലിയ ആക്ഷേപങ്ങളൊന്നും അപ്പോൾ കേട്ടിരുന്നില്ല. ഗവൎമ്മേണ്ടു ഘോഷയാത്ര തടസ്ഥപ്പെടുത്തുവാൻ വിചാരിക്കുന്നതാണെങ്കിൽ ഘോഷയാത്ര വേണ്ടെന്നുവെച്ച്, അതിനു പകരം മൂന്നോ നാലോ ആളുകൾ നിരോധിക്ക

പ്പെട്ട വഴിയിൽക്കൂടി കടന്നു പോകുവാൻ ശ്രമിക്കുന്നതായിരിക്കും നല്ലതെന്നും തീൎച്ചപ്പെടുത്തി. അയിത്തത്തെ അകററേണ്ടതിന്നുള്ള ഒരു സത്യാഗ്രഹമാണു ആ സ്ഥിതിക്കു വൈക്കത്തു തുടങ്ങുവാൻ പോകുന്നതു. ഒരു റോട്ടിനെപ്പററിയുള്ള തൎക്കമല്ല. 40 ലക്ഷം ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യത്തെ സ്ഥാപിക്കുവാനുള്ള സമരമാണു. ആ സമരം തുടങ്ങേണ്ടിവന്നതു വൈക്കത്തുവെച്ചായിരുന്നു എന്നു മാത്രമേയുള്ളു. ഹരജി അയച്ചിട്ടു മനുഷ്യന്നു ഒരു കാലത്തും സ്വാതന്ത്ര്യം കിട്ടിയിട്ടില്ല. രാഷ്ട്രീയ സ്വാതന്ത്ര്യവും സാമുദായിക സ്വാതന്ത്ര്യവും ധനസ്വാതന്ത്ര്യവും മനുഷ്യർ എവിടെയെങ്കിലും അനുഭവിക്കുന്നുണ്ടെങ്കിൽ അതു പൊരുതലിന്റെ ഫലമായിട്ടു മാത്രമാണു. കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഈ ധൎമ്മസമരത്തിൽ അതിന്റെ നേതാവിന്റെ അനുഗ്രഹം ഉണ്ടായിരിക്കേണ്ടതു ആവശ്യമായിരിക്കെ ഈ വിവരങ്ങളെല്ലാം കാണിച്ചുകൊണ്ടു മഹാത്മജിക്കു ഒരു കത്തു് അയച്ചു. ഇതിന്നു മറുപടിയായി മഹാത്മജി ഇങ്ങനെ എഴുതി:—

അന്ധേരി,
19—3—24.

എഴുത്തു് കിട്ടി. ഇന്ത്യയിൽവെച്ചു നിങ്ങളുടെ ആ ദിക്കിലുള്ള അധഃകൃതവൎഗ്ഗക്കാരുടെ സ്ഥിതി ഏററവും ശോച്യമായിട്ടുള്ളതാണെന്നു എനിക്കറിയാം. നിങ്ങൾ പറയും പ്രകാരം അവരെ തൊടാൻ പാടില്ലെന്നു മാത്രമല്ല, അവൎക്കു ചില നിരത്തിന്മേൽ

കൂടി നടക്കുവാൻ തന്നെ പാടില്ല. അവരുടെ സ്ഥിതി എത്രയും ദയനീയം തന്നെ. നമുക്കിനിയും സ്വരാജ്യം കിട്ടാത്തതിൽ എനിക്കാശ്ചര്യം തോന്നുന്നില്ല. നമ്മുടെ നാട്ടുകാരായ അധഃകൃതവൎഗ്ഗക്കാൎക്ക് പബ്ലിക്ക് നിരത്തുകൾ ഉപയോഗിക്കുവാനുള്ള അവകാശം സ്ഥാപിക്കുവാൻ വേണ്ടിയാണ് കേരളസംസ്ഥാനകോൺഗ്രസ് കമ്മിററി, വിരോധിക്കപ്പെട്ട റോഡുകളിൽകൂടി അധഃകൃതവൎഗ്ഗക്കാർ അടങ്ങിയ ഒരു ഘോഷയാത്ര പോകേണമെന്നു വിചാരിക്കുന്നത്. ഇത് ഒരുവിധം സത്യാഗ്രഹമാണ്. ഇതിൽ പ്രത്യേകം ശ്രദ്ധവെക്കേണ്ട സംഗതികളെപ്പററി ഈ ഘട്ടത്തിൽ നിങ്ങളോടു പറയേണ്ടതായിട്ടുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ ആളുകൾ നിങ്ങളെ എതിൎക്കുന്നതായാൽകൂടി നിങ്ങൾ ശക്തി ഉപയോഗിക്കുവാൻ പാടുള്ളതല്ല. നിങ്ങൾ ശാന്തതയോടെ എല്ലാം സഹിക്കുകയും അടി കൊള്ളേണ്ടതായി വന്നാൽ കൊള്ളുകയും വേണം. ഈ സത്യാഗ്രഹത്തിൽ പങ്കുകൊള്ളുന്ന എല്ലാവരെയും ഈ സംഗതി ധരിപ്പിക്കുകയും, അവർ അതു പൂൎണ്ണമായി നിറവേററുവാൻ സന്നദ്ധരായിരിക്കുകയും വേണം. കുറച്ചുപേർ മാത്രമെ ഒരു സമയത്തു പോകാവു. എല്ലാവരും വിനയസ്വഭാവികളായിരിക്കണം. ഈ പ്രധാനസംഗതിയെ യാത്രയിൽ പങ്കുകൊള്ളുന്ന വല്ലവരും അനാദരിക്കുന്നതായാൽ യാത്ര നിൎത്തിവെക്കുവാൻ ഒട്ടും മടിക്കരുത്. ഈ ഒരു പരിഷ്കാരത്തിന്നു പ്രതികൂലികളായിട്ടുള്ളവരെ നമ്മുടെ ഭാഗത്തു ചേൎക്കുവാൻ നാം വേണ്ടത്ര യത്നങ്ങൾ ചെയ്തു കഴിഞ്ഞില്ല.

അതുകൊണ്ടു കരുതലൊടുകൂടി പ്രവൎത്തിക്കേണ്ടത് അധികം ആവശ്യമായിരിക്കുന്നു. ഈ കാൎയ്യം അത്ര എളുപ്പത്തിൽ സാധിക്കാവുന്നതല്ല. ഇവിടെ രോഗത്തിൽ കിടന്നുകൊണ്ടു നിങ്ങളെ ഉപദേശിക്കുവാൻ പ്രയാസമില്ല. അതുകൊണ്ടു, നിങ്ങൾ പ്രത്യേകം സൂക്ഷിക്കേണ്ടതായ ഒരു സംഗതിയെ ഓൎമ്മപ്പെടുത്തിക്കൊണ്ടും, നിങ്ങളുടെ പരിശ്രമത്തിൽ പൂൎണ്ണവിജയം ആശംസിച്ചുകൊണ്ടും, തല്ക്കാലം വിരമിക്കുകയാണ് ഉത്തമം എന്നു തോന്നുന്നു.

എം. കെ. ഗാന്ധി (ഒപ്പ്.)

---

## മൂന്നാം അദ്ധ്യായം

പരിശ്രമം ചെയ്യുകിലെന്തിനേയും
കരത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീൎഘങ്ങളാം കൈകളെനല്കിയത്രെ
മനുഷ്യനെ പാരിലയച്ചതീശൻ.

1099 മീനം 17-ാംനു- നേരം പുലൎന്നു. കുളിയും കുറിയും കഴിഞ്ഞു എല്ലാവരും തയ്യാറായിരിക്കുന്നു. ഒരു വിശേഷദിവസമാണ് അതെന്ന് ആരുടെ മുഖത്തുനോക്കിയാലും അറിയാം. വൈക്കത്തെ കോൺഗ്രസ് ക്യാമ്പിൽ എവിടെ നോക്കിയാലും ശ്രമവും, ഉത്സാഹവും കാണുന്നുണ്ടായിരുന്നു. 7 മണി ആകുമ്പോഴേക്ക് ക്ഷേത്രറോഡിലേക്കു പുറപ്പെടുവാൻ ഒരുക്കമായി. കുഞ്ഞപ്പി എന്നു പേരായ ഒരു പുലയനും, ബാഹുലേയൻ എന്ന

ഒരു ഈഴവയുവാവും, ഗോവിന്ദപണിക്കർ എന്ന ഒരു നായരും ആയിരുന്നു ആദ്യമായി സത്യാഗ്രഹത്തിന്നു പുറപ്പെട്ടതു. ക്യാമ്പിൽനിന്ന് പുറപ്പെട്ടതിന്നു മുമ്പായി മഹാത്മജിയുടെ സന്ദേശം വായിച്ചു കേൾപ്പിച്ചു. ഓരോവരിയിൽ ഈരണ്ടാളുകളായി യാത്രപുറപ്പെട്ടു. ക്യാമ്പിൻെറ പുറത്തുവന്നു കാത്തുനിന്നിരുന്ന വളരെ ആളുകൾ അവരുടെ പിന്നാലെ നടന്നു. ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്ത്നിന്നു ക്ഷേത്രറോട്ടിലേക്ക് ഏകദേശം ഒരു നാഴികയിൽ അധികം വഴിയുണ്ടു. ആറുമണിക്കു മുമ്പായി തന്നെ ക്ഷേത്രത്തിൻെറ പടിഞ്ഞാറെനടയിൽ പോലീസുകാരും, കാഴ്ചക്കാരും വന്നു നിറഞ്ഞിരിക്കുന്നു. നിരത്തിൻെറ ഇരുവശത്തും പല തരക്കാരായ ജനങ്ങൾ വന്നു നില്ക്കുന്നുണ്ടായിരുന്നു. ബോർഡു വെച്ചിരിക്കുന്ന സ്ഥലത്തുനിന്നു് ഏകദേശം കാൽ ഫർലോങ്ങ് അകലെ എത്തിയപ്പോൾ ഞങ്ങൾ എല്ലാവരും അവിടെനിന്നു. അന്നു് സത്യാഗ്രഹത്തിന്നു് പുറപ്പെട്ടിരുന്ന മൂന്നുപേരും മുന്നോട്ടുവന്നു. അവരെ മാല അണിയിപ്പിച്ചു. മനുഷ്യസ്വാതന്ത്ര്യത്തെ സ്ഥാപിക്കുവാനായി അവർ മുന്നോട്ടു പുറപ്പെട്ടു. ഇനി എന്താണ് ഉണ്ടാകുവാൻ പോകുന്നതു് എന്നറിയുവാനായി അത്യൽകണ്ഠയോടുകൂടി കാൽവിരലിന്മേൽ ഏന്തി, കഴുത്തുയർത്തി, എല്ലാവരും അവരെ തന്നെ നോക്കിനില്ക്കുകയായി. ബോർഡിൻെറ നേരെ അണിയായി എട്ടുപത്തു പോലീസുകാർ നില്ക്കുന്നുണ്ടായിരുന്നു. പോലീസ് സൂപ്രഡേണ്ടു്, ഇൻസ്പെക്ടർമാർ, ഹെഡ്കൺസ്റ്റേബൾമാർ എ

ല്ലാവരും അവിടെ ഉണ്ടായിരുന്നു. ജനങ്ങളുടെ തിരക്ക കുറുക്കുവാനും മററും അവർ കഴിയുന്ന പരിശ്രമം ചെയ്തിരുന്നു. തടഞ്ഞിരിക്കുന്ന സ്ഥലത്തെത്തിയപ്പോൾ വളണ്ടിയർമാർ അവിടെ നിന്നു. "നിങ്ങളുടെ ഓരോരുത്തരുടേയും ജാതി എന്തു" എന്നു് പോലീസുകാർ ചോദിച്ചു. "ഞാൻ പുലയനാണു്," "ഞാൻ ഈഴവനാണു," "ഞാൻ നായർ ആണു്" എന്നു് വളണ്ടിയർമാർ സമാധാനം പറഞ്ഞു. "നായക്കു കടന്നുപോകാം. മററവക്കു ഇതിലെ പോകുവാൻ പാടില്ല" എന്നു പോലീസുകാർ പറഞ്ഞു "മററവരെ കൊണ്ടുപോകുവാനാണു ഞാൻ വന്നിരിക്കുന്നതു. അവരുടെ ഒരുമിച്ചേ ഞാൻ പോകുന്നുള്ളു." എന്നായി നായർ. പോലീസുകാർ വഴി തടുത്തുനിന്നു. വളണ്ടിയർമാർ കൈകെട്ടിനിന്നു. അരമണിക്കൂർ കഴിഞ്ഞു. പോലീസുകാർ അവിടെനിന്നു് ഇളകുവാൻ ഭാവമില്ല. ഇതു കണ്ടപ്പോൾ വളണ്ടിയർമാർ അവിടെ ഇരുന്നു. "ഒന്നുകിൽ ഈ വഴിയെ പോകുവാൻ ഞങ്ങളെ അനുവദിക്കണം. അല്ലെങ്കിൽ അതിന്നു ശ്രമിച്ചതിന്നു് ഞങ്ങളെ അറസ്ററു ചെയ്യണം. അല്ലാതെ ഞങ്ങൾ മടങ്ങുവാൻ ഭാവമില്ല." എന്ന നിലയിൽ മൂന്നു സത്യാഗ്രഹികളും അവിടെ ഇരുന്നു. എന്താണു വേണ്ടതെന്നു് ഉദ്യോഗസ്ഥന്മാർ ആലോചനയായി. ഡിസ്ട്രിക്ടു്മജിസ്ട്രേട്ടു്, സ്റ്റേഷനറിമജിസ്ട്രേട്ടു് താസിൽദാർ മുതലായ ഉദ്യോഗസ്ഥന്മാർ അവിടെ എത്തി. കൂടിആലോചന നടത്തി. വളണ്ടിയർമാരെ അറസ്ററുചെയ്യുവാൻ തീച്ചപ്പെടുത്തി. അവരെ അറസ്ററുചെയ്തു കൊണ്ടുപോ

യതിനുശേഷം ഞങ്ങളെല്ലാവരും ക്യാമ്പിലേക്ക മടങ്ങി. അടുത്തദിവസം അവരുടെ കേസ് വിചാരണക്കെടുത്തു. ജാമ്യം കൊടുക്കുവാനായി കോടതി കല്പിച്ചപ്രകാരം അവർ ഒരുക്കമില്ലാത്തതിനാൽ അവരെ ആറുമാസം വെറും തടവിന്ന് വിധിച്ചു. അന്നും ഇതുപോലെ തന്നെ മൂന്നുപേർ പുറപ്പെട്ടു. അവരേയും അറസ്ടുചെയ്തു. വൈക്കത്തു സത്യാഗ്രഹം ആരംഭിച്ചതും രണ്ടു ദിവസം ഉണ്ടായ വിജയവും നാടെങ്ങും പരന്നു. പല സ്ഥലങ്ങളിൽനിന്ന് ഈ സംഭവം കാണുവാനായി ജനങ്ങൾ വന്നു തുടങ്ങി.

രണ്ടു ദിവസത്തെ വിജയവും, പോലീസിൻെറ നയവും സവൎണ്ണഹിന്ദുക്കളിൽ ചിലൎക്ക വലിയ നിരാശ ഉണ്ടാക്കി. ഇവരിൽ ചിലർ സത്യാഗ്രഹത്തിൻെറ ആരംഭംമുതല്ക്കുതന്നെ താണ ജാതിക്കാൎക്ക ഈ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുവാൻ പാടില്ല എന്ന അഭിപ്രായക്കാരായിരുന്നു. സത്യാഗ്രഹം കൊണ്ടു ഇവരെ വശീകരിക്കാം എന്നായിരുന്നു ഞങ്ങൾ വിചാരിച്ചതു. നേരെമറിച്ചു സത്യാഗ്രഹംകൊണ്ടു ഇവർ മുമ്പിലത്തെക്കാൾ അധികം കുപിതന്മാരായിത്തീൎന്നിരിക്കുകയാണ ചെയ്തത്. സത്യാഗ്രഹികളുടെ ഈ ജയം കണ്ടപ്പോൾ അവർ ഇനി എന്താണ വേണ്ടതെന്നു നിശ്ചയമില്ലാതെ പരുങ്ങലിലായി. അമ്പലത്തിൽ കയറുവാൻ ഭാവിക്കുന്നുണ്ടു, ലഹളക്ക തുടങ്ങുന്നുണ്ടു, എന്നുള്ള പല പ്രസ്താവങ്ങളും ജനങ്ങളുടെ ഇടയിൽ പരത്തുവാൻ തുടങ്ങി. "വലിയ ഒരു കലക്കം ഇപ്പോൾ ഉണ്ടാകും, ഈഴവന്മാരും

നായന്മാരും തമ്മിൽ തല്ലുണ്ടാകും" എന്നിങ്ങനെ അടിസ്ഥാനമില്ലാത്ത പല പ്രസ്താവങ്ങളും വൈക്കത്തു പരന്നു. 18-ാംനു- വൈകുന്നേരം ഞങ്ങൾ പാക്കുന്ന സ്ഥലത്തു ചില സ്നേഹിതന്മാർ വന്ന് "സവണ്ണഹിന്ദുക്കളിൽ ചിലരെ കാൎയ്യത്തിൻെറ സൂക്ഷ്മം പറഞ്ഞു മനസ്സിലാക്കേണ്ടതുണ്ടു, രണ്ടു ദിവസത്തേക്കു സത്യാഗ്രഹം നിൎത്തിവെയ്ക്കുന്നതായിരിക്കും നല്ലതു, അല്ലെങ്കിൽ ഒരു സമയം വലിയ ലഹള ഉണ്ടായേക്കാം" എന്നഭിപ്രായപ്പെട്ടു. അന്നു രാത്രിയിൽ തന്നെ വിപരീതകക്ഷിയിൽ പെട്ടിരുന്ന ചിലരും കാൺഗ്രസ് ക്യാമ്പിൽ വന്ന് ഇതേ അഭിപ്രായം പറഞ്ഞു. ഉടനെ സത്യാഗ്രഹകമ്മററിയുടെ ഒരു പ്രത്യേകയോഗംകൂടി സ്ഥിതിയെപ്പററി ദീൎഘമായി ആലോചിച്ചു. അവസാനം രണ്ടുദിവസം സത്യാഗ്രഹം നിൎത്തിവെച്ചു. ആ ദിവസങ്ങൾ ഇപ്പോൾ വിരോധികളായി തീൎന്നിരിക്കുന്ന സവണ്ണഹിന്ദുക്കളെകണ്ടു കാൎയ്യം നല്ലപോലെ പറഞ്ഞു മനസ്സിലാക്കുവാൻ ഉപയോഗിക്കുവാനായി നിശ്ചയിച്ചു.

പിറേറദിവസം രാവിലെ 11 മണിക്കു അവരുടെ ക്ഷണനത്തിന്നനുസരിച്ചു സവണ്ണഹിന്ദുക്കളുടെ ഒരു യോഗത്തിൽ ഞാൻപോയി. തീണ്ടൽജാതിക്കാരുടെ സഞ്ചാരസ്വാതന്ത്ര്യത്തെപ്പററി മാത്രമാണു ഇപ്പോൾ ഞങ്ങൾ വാദിക്കുന്നതെന്നും, അതിന്നു വിരോധമായി അവർ പ്രവൎത്തിക്കുന്നതു ഹിന്ദുധൎമ്മത്തിന്നും, രാജ്യക്ഷേമത്തിന്നും പററിയതല്ലെന്നും, ഈ കാൎയ്യത്തിൽ സവണ്ണഹിന്ദുക്കൾ അനുകൂലികളാണെന്നു ഗവമ്മേണ്ടിനെ അ

റിയിക്കേണ്ടതു അവരുടെ ഭാരമാണെന്നും മററും അവരോടുപറഞ്ഞു. ഈ യോഗത്തിൽ രണ്ടു തരക്കാർ ഉണ്ടായിരുന്നു. "കാര്യം സൂക്ഷ്മമായി മനസ്സിലാകാതിരുന്നവർ," അതു മനസ്സിലാക്കുവാൻ ഒരുക്കമില്ലാത്തവർ. ആദ്യത്തെക്കൂട്ടരുടെ അഭിപ്രായം സഭ കഴിഞ്ഞതിന്നുശേഷം ഏതാണ്ടു ഞങ്ങൾക്ക് അനുകൂലമായിട്ടുണ്ടെന്നു അവരുടെ മുഖത്തിൽനിന്നു അറിയാമായിരുന്നു. രണ്ടാമത്തെക്കൂട്ടരെ പറഞ്ഞു മനസ്സിലാക്കുവാൻ പ്രയാസമാണെന്നും ബോദ്ധ്യപ്പെട്ടു. മടങ്ങി ക്യാമ്പിൽ എത്തുമ്പോഴേക്ക് ഭിന്നാഭിപ്രായക്കാരായ പലരും അവിടെ എത്തിച്ചേൎന്നിരുന്നു. ശ്രീമാൻ മന്നത്തു പത്മനാഭപിള്ള, എൻ. രാമകൃഷ്ണപിള്ള, എം. എൻ. നായർ, വി. അച്ചുതമേനോൻ മുതലായവർ വൈക്കത്തെത്തി. അവരെല്ലാം സവൎണ്ണഹിന്ദുക്കളുടെ മനസ്ഥിതി മാററുവാൻ കഴിയുന്ന പ്രയത്നം ചെയ്തിരുന്നു. മക്കടമുഷ്ടിക്കാരായ ചിലർ ഒഴികെ ബാക്കി അനുകൂലികളായ വളരെപ്പേർ അവിടെതന്നെ ഉണ്ടായിരുന്നു. ഏതായാലും സത്യാഗ്രഹം രണ്ടാമതും തുടങ്ങുവാൻ ഉറച്ചു.

---

# നാലാം അദ്ധ്യായം.

ഉരുക്കിടുന്നു മിഴിനീരിലിട്ടു
മുക്കുന്നു മൂററും ഭുവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയെന്തോ
പണിത്തരത്തിന്നു പയുക്തമാക്കാൻ.

തിങ്കളാഴ്ച സത്യാഗ്രഹം രണ്ടാമതും തുടങ്ങുവാൻ പോകുന്നുണ്ടു എന്നുള്ള വൎത്തമാനം രണ്ടു ദിവസംമുമ്പു തന്നെ വൈക്കത്തു പരന്നു. പോലീസുകാർ രണ്ടാമതും ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. ദിവസേന കോൺഗ്രസ് ക്യാമ്പിൽ അവരാരെങ്കിലും വന്നു വിവരം അന്വേഷിക്കുക പതിവുണ്ടായിരുന്നു. സത്യാഗ്രഹം രണ്ടാമതും തുടങ്ങിയാൽ അധികം താമസിക്കാതെ അതിൽ പ്രധാനികളായി നില്ക്കുന്നവരെ പിടിച്ചു ബന്ധനം ചെയ്യുമെന്നു ഞങ്ങൾക്കു തീൎച്ചയുണ്ടായിരുന്നു. പോലീസ് ഉദ്യോഗസ്ഥന്മാരുടെ അപ്പോഴത്തെ നടവടിയും, മൎയ്യാദയും, ജനങ്ങളും വൎത്തമാനപത്രങ്ങളും ഒരുപോലെ സ്തുതിച്ചിരുന്നു. കല്പനയെ നടത്തുവാൻ ആവശ്യമായ കാൎയ്യങ്ങൾ പ്രവൎത്തിക്കുകയെന്നല്ലാതെ അതിൽ കവിഞ്ഞൊന്നും അവർ ചെയ്തിട്ടുണ്ടായിരുന്നില്ല. പോലീസുകാർ മാത്രമല്ല ഈ കാൎയ്യത്തെ സംബന്ധിച്ചു വൈക്കത്തുണ്ടായിരുന്ന സകല ഉദ്യോഗസ്ഥന്മാരും ആരംഭത്തിൽ പ്രദൎശിപ്പിച്ചിരുന്ന ക്ഷമയും മൎയ്യാദയും സ്തുത്യൎഹമായിരുന്നു.

ശനിയാഴ്ച കാലത്തു എഴുനേല്ക്കുവാൻ കുറെ വൈകി. ഉണന്നപ്പോഠം രണ്ടു പോലിസ്സുദ്യോഗസ്ഥന്മാർ കാണുവാൻ വന്നിട്ടുണ്ടെന്നു പറഞ്ഞു. അവർ അവിടെ സാധാരണ വരാറുള്ളവരായിരുന്നു. എങ്കിലും ഇത്രകാലത്തേ വരേണ്ണമെങ്കിൽ വിശേഷിച്ച കാരണം വല്ലതും ഉണ്ടായിരിക്കണമെന്നൂഹിച്ചു. മുഖം കഴുകി കട്ടിലിന്മേൽ തന്നെയിരുന്നു. അവരോടു അകത്തേക്കു വരുവാൻ പറഞ്ഞു. വന്നു അല്പനേരം വൎത്തമാനം പറഞ്ഞതിന്റെ ശേഷം ഒരു നോട്ടീസ് തരുവാനാണ് വന്നിരിക്കുന്നതെന്ന് പറഞ്ഞു. നോട്ടീസ്സിസ്സിന്റെ പകപ്പു കയ്യിൽതന്നു. അതു തിങ്കളാഴ്ച 11 മണിക്കു കോട്ടയത്തു ഡിസ്ത്രിക്റ്റ് മജിസ്ത്രേട്ടിന്റെ മുമ്പാകെ ഹാജരാകുവാനുള്ള ഒരു കല്പനയായിരുന്നു. ഡിസ്ത്രിക്ട് മജിസ്ത്രേട്ടിന്റെ നിരോധനകല്പനയെ ലംഘിക്കുവാനായി മററുള്ളവരെ പ്രേരിപ്പിക്കകൊണ്ടു ജാമ്യം വാങ്ങാതിരുപ്പാൻ കാരണമുണ്ടോ എന്നു ബോധിപ്പിക്കുവാനായിട്ടാണു ഹാജരാകുവാൻ കല്പിച്ചിരിക്കുന്നതു. എനിക്കു തന്നമാതിരിയുള്ള കല്പന ശ്രീമാൻ എ. കെ. പിള്ള, ശ്രീമാൻ മാധവൻ, ശ്രീമാൻ കേളപ്പൻനായർ മുതലായ മററു ചില സ്നേഹിതന്മാൎക്കും ഉണ്ടായിരുന്നു. തിങ്കളാഴ്ച സത്യാഗ്രഹം, വീണ്ടും തുടങ്ങുവാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു. ആ ദിവസം 11 മണിക്ക് വൈക്കത്ത്നിന്ന് 23 നാഴിക അകലെയുള്ള കോട്ടയത്ത് ഞങ്ങളോടു ഹാജരാകുവാനാണു മജിസ്ത്രേട്ട് കല്പിച്ചിരിക്കുന്നതു. അധികാരസ്ഥന്മാരുടെ ഉദ്ദേശ്യം ഇതുകൊണ്ടു വെളിവാകു

ന്നുണ്ട്. സത്യാഗ്രഹം രണ്ടാമത്തും ആരംഭിക്കാതെ കഴിക്കണം. ബഹളമൊന്നുമില്ലാതെ ഞങ്ങളെ മറെറാരു സ്ഥലത്തുവെച്ച് പിടിച്ചു ബന്ധനത്തിലാക്കണം. കോട്ടയത്തു ഹാജരാകുവാൻ കല്പിച്ചതിന്റെ ഉദ്ദേശ്യം ഏതായാലും, കല്പനക്കനുസരിച്ചു ഹാജരാകുവാൻ ഭാവമില്ലെന്നു തീൎച്ചപ്പെടുത്തി. വിവരം അന്നുതന്നെ പോലീസ് ഉദ്യോഗസ്ഥന്മാരെ അറിയിക്കുകയും ചെയ്തു. ഇതു ശനിയാഴ്ചയായിരുന്നു. ഞായറാഴ്ച മുഴുവനും പിറേറദിവസത്തേക്കുള്ള ഒരുക്കങ്ങളായികഴിഞ്ഞു. തിങ്കളാഴ്ച സത്യാഗ്രഹം രണ്ടാമത്തും തുടങ്ങുന്നുണ്ടെന്നുള്ള വിവരം അറിഞ്ഞു. വളണ്ടിയർമാരായി ചേരുവാൻ അനേകം ഈഴവന്മാരും മററും അടുത്ത സ്ഥലങ്ങളിൽനിന്നു വന്നിട്ടുണ്ടായിരുന്നു. അവരെല്ലാം പോയതിന്നുശേഷം അത്താഴം കഴിഞ്ഞു. ഞങ്ങൾ പിറേറദിവസം പ്രവൎത്തിക്കേണ്ടതിനെപ്പററി ആലോചനതുടങ്ങി. സാധാരണ വളണ്ടിയർമാരെ അയച്ചതുകൊണ്ടുമാത്രംപോരാ. സത്യാഗ്രഹം രണ്ടാമത്തും ആരംഭിക്കുമ്പോൾ അതിന്നു പൂൎവ്വാധികം ശക്തിയുണ്ടാകേണമെങ്കിൽ മുന്നിട്ട് നിന്നു പ്രവൃത്തി എടുക്കുന്നവരിൽ ചിലർ പിറെറദിവസം സത്യാഗ്രഹത്തിന്നുപോകണം. അങ്ങിനെ പോകുന്നതായാൽ സമരം നയിക്കുവാൻ തല്ക്കാലം ആളില്ലാതെ വന്നാലോ എന്നുള്ള ആലോചനയും ഞങ്ങളിൽ ചിലരെ ബാധിക്കാതിരുന്നില്ല. രാത്രി 3 മണിവരെ ഇതിനെകുറിച്ചുള്ള വാദപ്രതിവാദങ്ങളായിരുന്നു. ഞാനും മാധവനും പോകുന്നതാണു നല്ലതെന്നു് ഏതാണ്ടു ഉറച്ചു. പോകുവാനുള്ള ഒരുക്ക

ത്തോടുകൂടി അടിയന്തരമായി ചില കത്തുകഠം എഴുതി. അപ്പോഴേക്ക രാത്രി ബോട്ടിൽ ചിലർ വന്നുചേൻ്റു. സ്വന്തകാര്യങ്ങഠം ചിലതു പറഞ്ഞേല്പിക്കേണ്ടതുണ്ടാകുകയാൽ അതെല്ലാം അപ്പോഠംതന്നെ കഴിച്ച് സ്വല്പനേരം കിടന്നുറങ്ങി.

മീനം 25-ാംനു- നേരം പുലൻ്റു. ക്യാമ്പിൽ വളരെ ആളുകഠം വന്നു തിരക്കിളുടങ്ങി. ഞാനും മാധവനും ആണു സത്യാഗ്രഹത്തിന്നു പുറപ്പെടുന്നതെന്നുള്ള വത്തമാനം ക്യാമ്പിലുള്ളവക്ക് മനസ്സിലായി. എങ്കിലും പോലീസ്സുദ്യോഗസ്ഥന്മാക്ക് അറിവു കിട്ടിയിട്ടില്ലായിരുന്നു. അന്നു സാധാരണപോലെ മൂന്നു വളണ്ടിയർമാർ വേണ്ടെന്നുവെച്ചു. ഞാനും ശ്രീമാൻ ടി. കെ. മാധവനും മാത്രമെ ഉണ്ടായിരുന്നുള്ളു. അമ്പലത്തിൻെറ പടിഞ്ഞാറെ നിരത്തിൽ ഞങ്ങഠം എത്തിയപ്പോഠം ഇരുവശത്തും, ഗോപുരത്തിൻെറ മുമ്പിലും അസംഖ്യം ജനങ്ങഠം വന്നുകൂടിയിരിക്കുന്നതുകണ്ടു. മററുള്ളവരുടെ സംഘത്തിൽനിന്ന് വിട്ട് ഞങ്ങഠം രണ്ടുപേരും മുന്നോട്ടു കുറെ നടന്നപ്പോഠം മാത്രമാണ് അന്നു വരുന്ന വാളണ്ടിയർമാർ ഞങ്ങളാണെന്നു പോലീസുകാക്ക് മനസ്സിലായതു.

പോലീസുകാർ ഏഴെട്ടുപേർ വരിയായി വഴി തടഞ്ഞുനില്ക്കുന്നുണ്ടായിരുന്നു. രണ്ടു ഇൻസ്പെക്ടർമാരും സൂപ്രണ്ടു ശ്രീമാൻ കുമാരപിള്ളയും അവിടെ ഉണ്ടായിരുന്നു. കുറെ കഴിയുമ്പോഴേക്ക കമ്മീഷണർ മിസ്റ്റർ പിററു എത്തി. ഏകദേശം 15 മിനിട്ടുനേരം അവിടെയുള്ളവരുമായി സംഭാഷണമുണ്ടായി; [illegible]

ഇൻസ്പക്ടർ :— ഈ വഴി തീണ്ടൽ ജാതിക്കാൎക്കു പോകു
വാൻ പാടില്ലെന്നു ഡിസ്ത്രിക്ട് മജിസ്ത്രേട്ടിൻെറ കല്പ
നയുണ്ടു.

ഞാൻ :— ആ കല്പനയെ ലംഘിച്ചിട്ട് ഇതിലെ പോക
വാനാണു ഞങ്ങൾ വിചാരിക്കുന്നതു.

ഇൻസ്പക്ടർ :— ഇതിലെ പോകുവാൻ അനുവദിക്കുവാൻ
തരമില്ലെന്നു വ്യസനസമേതം പറയുന്നു.

ഞാൻ :— ബലം ഉപയോഗിച്ചു ഞങ്ങളെ നിൎത്താത്ത
പക്ഷം ഞങ്ങൾ ഇതിലെ പോകുവാനാണു വിചാരി
ക്കുന്നതു.

കമ്മിഷനർ :— ഇങ്ങിനെ തുടങ്ങുന്നതിന്നു മുമ്പായി നി
യമസഭമൂലം നിങ്ങൾക്കു വല്ല നിവൃത്തിയും കിട്ടുമോ
എന്നു നോക്കാമായിരുന്നു.

മാധവൻ :— എത്രയോ കാലമായി ഹൎജ്ജിയും അപേ
ക്ഷയുമായി ഞങ്ങൾ പരിക്ഷിച്ചുനോക്കി. എന്നിട്ടാ
ണ് ഇപ്പോൾ ഇതിന്നു പുറപ്പെട്ടിരിക്കുന്നതു.

ഇൻസ്പക്ടർ :— എനിക്കു നിങ്ങളെ രണ്ടാളേയും അറ
സ്ട്ട ചെയ്യേണ്ടിവന്നതിൽ വളരെ വ്യസനമുണ്ടു.

ഇത്രയും പറഞ്ഞു ഞങ്ങളെ അവിടെവെച്ചു അറ
സ്ട്ട ചെയ്തു. മുമ്പിലും പിന്നിലും ഇൻസ്പക്ടർമാരും കു
റെ കൺസ്റ്റേബൾമാരും ഉണ്ടായിരുന്നു. അമ്പലത്തി
ൻെറ മുമ്പിൽനിന്നു കഷ്ടിച്ചു ഒരു ഫർലോങ് ദൂരമുള്ള
പോലിസ്സ്റ്റേഷനിലേക്കു ഞങ്ങളെ കൊണ്ടുപോയി.
അവിടെ ഉണ്ടായിരുന്ന ജനത്തിരക്കു സ്റ്റേഷൻെറ മുമ്പാ
കെ വന്നു അവിടെനിന്നു. കുറെ നേരം അവിടെ പാൎത്തി

ട്ടുണ്ടായിരുന്ന ചില സ്നേഹിതന്മാരുമായി വർത്തമാനം പറഞ്ഞിരുന്നതിൻെറ ശേഷം ഊണു കഴിച്ച് കേസ് വിചാരണക്കായി കോടതിയിലേക്കു പോയി. കേസ് വിചാരണ 2 മണിക്കായിരുന്നു. വിചാരണ ചെയ്തതു ഒന്നാംക്ലാസ് മജിസ്ട്രേട്ട ശ്രീമാൻ ആണ്ടിപിള്ള ആയിരുന്നു. സുഖമില്ലാത്ത ഒരു പ്രവൃത്തിയാണു ചെയ്യുന്നതെന്ന് അദ്ദേഹത്തിൻെറ സകല ഭാവങ്ങളും വിളിച്ചുപറഞ്ഞിരുന്നു. ഇൻസ്പെക്ടരേയും വേറെ ഒരു സാക്ഷിയേയും വിസ്തരിച്ചു. തീണ്ടൽജാതിക്കാർ ആ ക്ഷേത്രറോഡിൽ കൂടി കടന്നു പോകുന്നതായാൽ സവർണ്ണഹിന്ദുക്കളുടെ ഇടയിൽ ക്ഷോഭമുണ്ടാകുമെന്നും അതു തീർച്ചയായും സവർണ്ണഹിന്ദുക്കളിൽ ചിലരെ ലഹളക്കു പ്രേരിപ്പിക്കുമെന്നും ആയിരുന്നു തെളിവ്. ഞങ്ങൾ സാക്ഷികളെ എതൃവിസ്താരം ചെയ്തില്ല. താഴെ കാണിക്കുന്ന പത്രികമാത്രം ഞാൻ കോടതിമുമ്പാകെ വായിച്ചു:—

'ഡിസ്ട്രിക്ട്മജിസ്ട്രേട്ടിൻെറ കല്പനയാൽ വിരോധിക്കപ്പെട്ടിരുന്ന ക്ഷേത്രറോഡിൽക്കൂടി സഞ്ചരിക്കുവാൻ തീണ്ടൽ ജാതിക്കാരെന്നു പറയപ്പെടുന്ന ഈഴവർ, പുലയർ മുതലായവരെ ഞാൻ പ്രേരിപ്പിച്ചിട്ടുള്ളതു ശരിയാണ്. ആ കല്പന നില നില്ക്കുന്നതുവരെ അതിനെ ലംഘിക്കുവാനായി ഞാൻ ഇനിയും അവരെ ഉത്സാഹിപ്പിക്കുന്നതാണ്. സവർണ്ണഹിന്ദുക്കളും, മുഹമ്മദീയർ ക്രിസ്ത്യാനികൾ തുടങ്ങിയ അന്യമതസ്ഥന്മാരും സഞ്ചരിക്കുന്നതായ പൊതുസ്ഥലങ്ങളിൽക്കൂടി സഞ്ചരിക്കുവാനുള്ള അവകാശം തീണ്ടൽജാതിക്കാരെന്നു പറയപ്പെടുന്നവർക്കും

ഉള്ളതാണ്. ആ സഞ്ചാരസ്വാതന്ത്ര്യത്തെ അവക്ക് സമ്പാദിച്ചുകൊടുക്കുവാനാണ് ഞങ്ങൾ ഇപ്പോൾ പരിശ്രമിക്കുന്നത്. ഞങ്ങളുടെ ഉദ്ദേശ്യത്തെക്കുറിച്ചു ചില തെററിദ്ധാരണകൾ ചിലരുടെ ഇടയിൽ ഉള്ളതുകൊണ്ടു, തീണ്ടൽജാതിക്കാരെന്നു പറയുന്നവരെ ക്ഷേത്രപ്രവേശനം ചെയ്യിക്കുവാനല്ല ഞങ്ങൾ ഉത്സാഹിപ്പിക്കുന്നതെന്നും പൊതുസ്ഥലങ്ങളിൽക്കൂടി സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യത്തെ സമ്പാദിക്കുവാൻമാത്രം ഞങ്ങൾ അവരെ പ്രേരിപ്പിക്കുന്നതാണെന്നും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. വളരെ കാലത്തോളം അപേക്ഷിച്ചിട്ടും, ഹരജി അയച്ചിട്ടും അനുവദിച്ചുകൊടുക്കാത്തതായ ഈ സ്വാതന്ത്ര്യം സത്യാഗ്രഹംകൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ എന്നാണ് ഞങ്ങളുടെ വിശ്വാസം. ഈ വിശ്വാസത്തിന്നനുസരിച്ചു ഞങ്ങൾ അനുഭവിക്കുവാൻ പോകുന്ന ശിക്ഷ ഈ ദുരാചാരത്തെ കേരളത്തിൽനിന്നു നീക്കുവാൻ സഹായിക്കുന്നതായാൽ അതിലധികം ഞങ്ങൾക്കു സന്തോഷമായിട്ടുള്ളതു മറെറാന്നുമില്ല.'

500 രൂപാ ജാമ്യം കൊടുക്കുവാൻ കോടതി കല്പിച്ചു. അതിന്നു ഒരുക്കമില്ലെന്നു ബോധിപ്പിക്കുകയാൽ ആറുമാസത്തെ വെറും തടവു വിധിച്ചു. ഞങ്ങൾക്കു സർവ്വമംഗളങ്ങളും ആശംസിച്ചുകൊണ്ടു മജിസ്ട്രേട്ടു എഴുനീററു പോയി. അപ്പീലിന്നു ഒരുങ്ങുന്നില്ലെന്നു കോടതിയെ അപ്പോൾ തന്നെ അറിയിക്കുകയാൽ ഞങ്ങളെ നേരിട്ടു തിരുവനന്തപുരം സെൻട്രൽ ജെയിലിലേക്കു കൊണ്ടുപോകുവാൻ കല്പിച്ചു. അപ്പീൽ ഉണ്ടെങ്കിൽ

അതു കഴിയുന്നതുവരെ സാധാരണ കോട്ടയം സബ്ജെയിലിൽ വെക്കുകയാണു പതിവു. ഗവൎമ്മേണ്ടു ഏൎപ്പാടു ചെയ്തിരുന്ന മോട്ടോർകാറിൽ ഞങ്ങളുടെകൂടെ ഉണ്ടായിരുന്ന ഒരു സബ്ഇൻസ്പെക്ടരും, മാധവനും, ഞാനും വേറെ രണ്ടു സ്നേഹിതന്മാരും കൂടി കയറി ഏകദേശം 8 മണി സമയത്തു വൈക്കത്തുനിന്നു് തിരുവനന്തപുരത്തേക്കു പുറപ്പെട്ടു.

---

## അഞ്ചാം അദ്ധ്യായം.

ശൈലപ്രസ്രവണങ്ങൾ വനങ്ങൾ നദികളും
ശൈലങ്ങൾ ദിഗംബരങ്ങൾ കന്ദരങ്ങളും പിന്നെ
രാഷ്ട്രങ്ങൾ നഗരങ്ങളാശ്രമപ്രവരങ്ങൾ
ഗോഷ്ഠങ്ങൾ മുഖ്യദിവ്യക്ഷേത്രങ്ങളുദ്യാനങ്ങൾ
എന്നിവ കടന്നുപോയ് മദ്ധ്യാഹ്നകാലത്തിങ്കൽ
ചെന്നിതു മഹാരാജ ഗോപുരദ്വാരത്തോളം.

വൈക്കത്തുനിന്നു തിരുവനന്തപുരത്തേക്കു ഏകദേശം 120 നാഴിക ദൂരമുണ്ടു. മണിക്കൂറിൽ 20 നാഴിക വീതം സഞ്ചരിക്കുന്നതായാൽ കൂടി 9 മണിക്കുമുമ്പായി തിരുവനന്തപുരത്തെത്തുവാൻ പ്രയാസമായിരിക്കും. പുറപ്പെട്ടു് രണ്ടു മൂന്നു മണിക്കൂറുനേരം കാർ അതിവേഗത്തിൽ സഞ്ചരിച്ചിട്ടുണ്ടായിരുന്നു. 9 മണിക്കു മുമ്പുതന്നെ തിരുവനന്തപുരത്തെത്താമെന്നായിരുന്നു ഞങ്ങളുടെ വിചാരം. വഴിക്കു് ഭക്ഷണത്തിന്നൊന്നും കരുതിയിട്ടു

ണ്ടായിരുന്നില്ല. വൈക്കത്തെ സംഭവങ്ങളെപ്പററി കേട്ടിരുന്ന അയൽ രാജ്യക്കാർ ഇൻസ്പെക്ടരെ കാറിൽ കണ്ടപ്പോൾ അതിൻെറ അർത്ഥം ഏതാണ്ടു ഊഹിച്ചിരിക്കണം. പീടികയിൽ ഇരിക്കുന്നവരും, വഴി നടന്നുപോകുന്നവരും, വരമ്പത്തു നില്ക്കുന്നവരും അതിശയത്തോടുകൂടി കാറിലേക്കു നോക്കിയിരുന്നു. മൂന്നു മണി കഴിഞ്ഞിരിക്കുന്നുവെങ്കിലും വെയിലിൻെറ ചൂടിന്നു പറയത്തക്ക ശമനമൊന്നും ഉണ്ടായിട്ടില്ല. ദാഹവും നല്ലപോലെ തുടങ്ങി. വഴിക്കു് ഞങ്ങൾക്കു് യാതൊരു അസൌകര്യങ്ങളും കൂടാതെ കഴിക്കണമെന്ന അത്യുൽകണ്ഠയുണ്ടായിരുന്ന ഇൻസ്പെക്ടർ കാർ ഏററുമാന്നൂർ ഒരു വീട്ടിൻെറ മുമ്പാകെ നിൎത്തി കുറെ ഇളനീർ വരുത്തിതന്നു. അവിടെനിന്നു പുറപ്പെട്ടു ഏകദേശം $4\frac{1}{2}$ മണി സമയത്ത കോട്ടയത്തു് എത്തി കോടതിയുടെ മുമ്പാകെ കാർ കൊണ്ടുപോയി നിൎത്തി. കാർ അവിടെവെച്ചു മാറേണ്ടതുണ്ടായിരുന്നു. അവിടെ എത്തി രണ്ടു മിനിട്ടു കഴിയുന്നതിന്നു മുമ്പായി ജനങ്ങൾ വിവരം അറിഞ്ഞു കാറിന്നു് ചുററും വന്നു തിരക്കി. കാപ്പിയും പലഹാരവും, ഇളനീരും എന്നുവേണ്ട എന്തു വേണമെങ്കിലും തരുവാനുള്ള ഒരുക്കത്തോടുകൂടി പല പഴയ സ്നേഹിതന്മാരും അവിടെ വന്നുകൂടി. കാൽ മണിക്കൂറുനേരം അവിടെ താമസിച്ചു. ഞങ്ങളുടെ ഒന്നിച്ചു വൈക്കത്തുനിന്നു വന്നിരുന്ന ശ്രീമാൻ എം. എൻ. നായർ അവിടെവെച്ചു യാത്ര പറഞ്ഞു പിരിഞ്ഞു. വേറൊരു കാറിൽ കയറി 5 മണിക്കു് ഞങ്ങൾ കോട്ടയത്തുനിന്നും തിരിച്ചു.

വടക്കൻ തിരുവിതാംകൂറിലെ ചില പ്രധാനപ്പെട്ട സ്ഥലങ്ങളിൽക്കൂടിയാണെല്ലാ വൈക്കത്തുനിന്ന് തിരുവനന്തപുരത്തേക്കുള്ള വലിയ റോഡ് പോകുന്നതു. അകലെ കിടക്കുന്ന പർവ്വത നിരകളും, അവിടവിടെ കണ്ടിരുന്ന കുന്നുകളും, സുഭിക്ഷമായി വളർന്നിരുന്ന തെങ്ങിൻതോട്ടങ്ങളും, വിസ്തീർണ്ണമുള്ള വയലുകളും, ശാന്തമായി ഒഴുകിയിരുന്ന നദികളും, ഇടക്കിടെ കണ്ടിരുന്ന കെട്ടിടങ്ങളും, മാസ്റ്റർ ദുഃഖത്തെ അധികം തോന്നിപ്പിച്ചിരുന്നില്ല. വിദ്യാലയത്തിൽനിന്നു വരുന്ന കുട്ടികൾ റോഡിന്റെ ഇരുവശത്തും നിന്നു നോക്കുന്നു. ഖദർകുപ്പായവും, കാക്കി ഉടുപ്പും അടുത്തിരുന്നു പോകുന്നതു കണ്ടു അതിന്റെ അർത്ഥം മനസ്സിലാകാതെ കുട്ടികളുടെ അതിശയത്തിൽ, വാദ്ധ്യാരും പങ്കുകൊള്ളുന്നു. കാർ നേരിട്ടു വരുന്നതുകണ്ടു, തങ്ങളെ എതിർക്കുവാൻ വരുന്ന ഒരു പുതിയ ജന്തുവോ എന്നു ഭയപ്പെട്ടു മുളയുവാൻ പോകുന്ന പശുക്കൾ വയലിലേക്ക് ഓടുന്നു. ഇതിന്റെ പോക്കിനെ ഇപ്പോൾ നിർത്തിയേക്കാം എന്ന ഉറപ്പോടുകൂടി ഇടക്കിടെ ചില നായ്ക്കളും കുരച്ചുകൊണ്ടു കാറിന്റെ ഒന്നിച്ചു അതിവേഗത്തിൽ ഓടിവന്നു പരാജിതരായി മടങ്ങുന്നു. ഇതു കണ്ടൊന്നും കുലുങ്ങാതെ വായുവേഗത്തോടുകൂടി നാഴികക്കല്ലുകളെ കടന്ന് കാർ ഗമിക്കുന്നു.

അസ്തമന സമയമായതോടുകൂടി കാർമേഘങ്ങൾ ആകാശത്തിൽ തിങ്ങിത്തുടങ്ങി. ഇടക്കിടെയുള്ള മിന്നലും, അതിനെ പിൻതുടർന്നുള്ള ഇടിയും, വലിയ ഒരു മഴക്കോളുണ്ടെന്നു ഘോഷിച്ചുതുടങ്ങി. മഴ ചാറുവാൻ തുട

ങ്ങിയതോടുകൂടി ഭയങ്കരമായ ഒരു കാററും ആരംഭിച്ചു. മാരുതൻെറ മുമ്പാകെ വരുണഭഗവാൻ ശക്തി പ്രകടനത്തിന്നു ഒരുക്കമില്ലായിരുന്നു. അല്പനേരം മാത്രം നിന്നിരുന്ന ആ മഴ വായുവിനെ സ്വച്ഛന്ദമാക്കുവാൻ സഹായിച്ചു. ചെങ്ങന്നൂർ എത്തുമ്പോഴേക്ക് അസ്തമനം കഴിഞ്ഞിരിക്കുന്നു. വിളക്കുകൾ അവിടവിടെ കണ്ടുതുടങ്ങി. ഞങ്ങളുടെ ഒരുമിച്ചുണ്ടായിരുന്ന മററെ സ്നേഹിതനും അവിടെ ഇറങ്ങി. ഇൻസ്പെക്ടരും, മാധവനും, ഞാനും മാത്രം ബാക്കിയായി. കാറിൻെറ മേൽപുര മടക്കിയിട്ടു 7 മണിയോടുകൂടി ഞങ്ങൾ ചെങ്ങന്നൂർനിന്നും യാത്രതുടന്നു.

തിരുവനന്തപുരത്തെത്തുവാൻ പിന്നെയും 70 നാഴിക പോകേണ്ടതുണ്ടായിരുന്നു. രാത്രി സമയമായതുകൊണ്ടു കാർ വളരെ വേഗത്തിൽ വിടുവാനും തരമില്ല. അന്നത്തെ സംഭവങ്ങളെപ്പററി ഓരോന്നു പറഞ്ഞും, വെറുതെ ഇരുന്നു ഓരോന്നാലോചിച്ചും, വഴിപോയതറിഞ്ഞില്ല. ആ യാത്രയിൽ അന്തർല്ലയിച്ചിരുന്ന ഗംഭീരമായ അൎത്ഥവും അപ്പോൾ എൻെറ മനസ്സിൽ ഉദിക്കാതിരുന്നില്ല. ആ കാറിൽ ഇരുന്നിരുന്ന ഞങ്ങളിൽ മൂന്നുപേരിൽ ഇൻസ്പെക്ടർ ഒരു ബ്രാഹ്മണൻ ആയിരുന്നു. അദ്ദേഹത്തിന്നു ക്ഷേത്രത്തിൻെറ അകത്തുപോകാവുന്ന സ്ഥലത്തു എനിക്കു പോകുവാൻ പാടില്ല. എനിക്കു പോകാവുന്ന സ്ഥലങ്ങളിൽകൂടി മാധവന്നു് പോകുവാൻ തരമില്ല. ബ്രാഹ്മണനെ ഞാൻ തൊട്ടാൽ അദ്ദേഹം അശുദ്ധമായി. മാധവൻ ഞങ്ങളെ അടുത്താൽ

ഞങ്ങൾ രണ്ടുപേരും അശുദ്ധമായി. എങ്കിലും ഞങ്ങൾ മൂന്നുപേരും തമ്മിലുള്ള വ്യത്യാസം ആലോചിച്ചിട്ട കാണുന്നില്ല. വ്യത്യാസം ചോദിക്കുമ്പോൾ അതു കീഴ്നടവടിയാണെന്നു പറയുന്നു. ഇനി കുറെക്കാലം കഴിഞ്ഞതിനുശേഷം മനുഷ്യനെ ഈ തരത്തിൽ മററു മനുഷ്യർ നിന്ദിച്ചിരുന്നുവെന്നും ആ നിന്ദയെ നിൎത്തുവാനായി ശ്രമിച്ചതിന്ന് ചിലരെ തടവിൽ പിടിച്ചിരുന്നുവെന്നും ജനങ്ങൾ കേൾക്കുന്നതായാൽ അവൎക്ക അതിശയം തോന്നാതിരിക്കുകയില്ല. എങ്കിലും ഈ സമ്പ്രദായത്തെ നിലനിൎത്തുവാനായി തിരുവിതാംകൂർ ഗവൎമ്മെണ്ട് അതിൻെറ ശക്തിമുഴുവനും ഉപയോഗിക്കുന്നു. സ്വാതന്ത്ര്യശബ്ദത്തെ അമൎത്തുവാനാണു സാധാരണയായി ഗവൎമ്മെണ്ടിൻെറ ശക്തി ഉപയോഗിക്കുക. എന്നാൽ സ്വാതന്ത്ര്യവൎദ്ധനക്കായി ചിലർ ചെയ്യുന്ന പരിശ്രമം തന്നെയാണു പിന്നീട് ഗവൎമ്മെണ്ടിൻെറ അഭിപ്രായത്തെ മാററുന്നതും.

നേരം പത്തുമണി കഴിഞ്ഞിട്ടും ഉദ്ദിഷ്ടസ്ഥലത്തു എത്തിയിട്ടില്ലായിരുന്നു. ഇത്ര വൈകിയിട്ടു ജെയിലിലേക്കു പോകുന്നതായാൽ അവിടെ അന്നു കടക്കുവാൻ തരമാകുമൊ എന്ന് ഇൻസ്പെക്ടൎക്ക നിശ്ചയമുണ്ടായിരുന്നില്ല. നേരെ ജയിൽ സൂപ്രണ്ടു പാൎക്കുന്ന ബങ്കളാവിലേക്കു പോകാമെന്നു നിശ്ചയിച്ചു, കാർ അങ്ങോട്ടുതിരിച്ചു. ജയിൽ വളപ്പിൻെറ ഉള്ളിൽതന്നെയാണു അദ്ദേഹത്തിൻെറ താമസം. 10 മണിക്കു ഞങ്ങൾ അദ്ദേഹത്തിൻെറ ബംഗ്ലാവിൽ എത്തി.

വൈക്കത്തുവെച്ച് ഞങ്ങളെ അറസ്ററു ചെയ്ത ഉടനെ പോലിസ്സ കമ്മിഷണർ മിസ്റ്റർ പിററ്, ഞങ്ങഠം കാർവഴിക്ക് അന്നുതന്നെ തിരുവനന്തപുരത്തെത്തുന്നതാണെന്നും, എത്ര വൈകി വരുന്നതായാലും ജെയിലിൽതന്നെ ഞങ്ങളെ പാൎപ്പിക്കുവാനുള്ള സൌകൎയ്യങ്ങഠം ഉണ്ടാക്കേണമെന്നും, മുൻകൂട്ടി അറിവുകൊടുത്തിട്ടുണ്ടായിരുന്നു. 6 മണി കഴിഞ്ഞാൽ അന്നു വരുന്ന തടവുകാരെ സാധാരണയായി ജെയിലിൽ കടത്തുകയില്ല. അന്നു രാത്രി വല്ല പോലീസ്സസ്റ്റേഷനിലൊ മററൊ താമസിപ്പിച്ച് പിറെറദിവസം കാലത്തു മാത്രമെ അവരെ ജെയിലിലേക്കു കൊണ്ടുവരുകയുള്ളു. അതു വരാതെ കഴിക്കേണമെന്നുവെച്ചിട്ടായിരിക്കണം കമ്മീഷണർ മുമ്പുകൂട്ടി കമ്പി അടിച്ചതു. 9 മണിയായിട്ടും ഞങ്ങളുടെ വരവുകാണാതിരുന്നപ്പോഠം അന്നു ഞങ്ങഠം വരുന്നതല്ലെന്നു സൂപ്രന്ധേണ്ടു തീൎച്ചപ്പെടുത്തിയിരിക്കുകയായിരുന്നു. അപ്പോഴാണു 10½ മണിക്കു ഞങ്ങഠം അവിടെ എത്തിച്ചേൎന്നതു. സൂപ്രന്ധേണ്ടിൻെറ ബംഗ്ലാവിൽനിന്നു് കാപ്പിയും മററും കഴിച്ച് എല്ലാവരുംകൂടി ജെയിലിലേക്കു വന്നു. സെൻട്രൽ ജെയിലിൻെറ അകത്തു കടക്കുമ്പോഠം ഏകദേശം 11½ മണി കഴിഞ്ഞിരിക്കുന്നു. എല്ലാവരും കടന്നതിന്നുശേഷം ആ വലിയ വാതിൽ അടക്കുന്ന ശബ്ദം കേട്ടപ്പോഠം മററുവിധത്തിൽതന്നെ ദുസ്സഹമായ ആ ശബ്ദം അൎദ്ധരാത്രി സമയത്തു ഒരു പ്രത്യേക വികാരത്തെ മനസ്സിൽ ജനിപ്പിച്ചു. ഞങ്ങഠംക്കു ഏൎപ്പാടു ചെയ്ത സ്ഥലത്തു സൂപ്രന്ധേണ്ടും മററും ഞങ്ങളെ

കൊണ്ടുപോയാക്കി. ഇൻസ്പെക്ടർ ഞങ്ങളോടു യാത്ര പറഞ്ഞു. വഴിക്ക് വേണ്ടുന്ന സൗകൎയ്യങ്ങൾ ഉണ്ടാക്കിത്തന്നതിന് ഞങ്ങൾ അദ്ദേഹത്തോടു നന്ദിയും പറഞ്ഞു. ഡിപ്യൂട്ടിജെയിലർ നീലകണ്ഠപിള്ള അവർകളുടെ വീട്ടിൽനിന്നായിരുന്നു അന്നു രാത്രിയിൽ ഭക്ഷണം കൊണ്ടുവന്നിരുന്നതു. അതും കഴിച്ചു യാത്രയുടെ ശ്രമംകൊണ്ടുണ്ടായ ക്ഷീണത്താൽ അധികം താമസിക്കാതെ കിടന്നുറങ്ങി.

## ആറാം അദ്ധ്യായം.

ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ.

തിരുവനന്തപുരം പട്ടണത്തിൽനിന്നു മൂന്നുനാഴിക അകലെ തിരുവനന്തപുരത്തുനിന്ന് നാഗർകോവിലേക്കു പോകുന്ന നിരത്തിന്റെ സമീപത്താണു സെൻട്രൽ ജേൽ പണി ചെയ്തിരിക്കുന്നതു. ഏതുഭാഗത്ത് നോക്കിയാലും പ്രകൃതിയുടെ മാഹാത്മ്യത്തെ വിളിച്ചുപറയുന്ന ഒരു ഉന്നത കുന്നിന്മേലാണ് ജേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു. നിരനിരയായി അവിടവിടെ കാണുന്ന ചെറുകുന്നുകളും, നോക്കിയാൽ കണ്ണെത്താത്ത ദൂരം വരെ നീണ്ടുകിടക്കുന്ന തെങ്ങിൻ തോട്ടങ്ങളും, അകലെ കാണുന്ന ചില അഴകായ കെട്ടിടങ്ങളും, അരികിൽ കൂടി ഒഴുകുന്ന നദിയും, എങ്ങും പ്രശാന്തമായ സ്ഥിതിയും

ബന്ധനസ്ഥനായ മനുഷ്യന്റെ മനസ്സിന്നു എന്തെന്നറിയാത്ത ഒരു ആഹ്ലാദത്തെ കൊടുക്കുന്നുണ്ട്.

സെൻട്രൽ ജെയിലിന്റെ വലിയ ഗെയിററു കടന്നാൽ അടുത്തു വലത്തുഭാഗത്തു കാണുന്ന കെട്ടിടത്തിലായിരുന്നു ശ്രീമാൻ മാധവനും എനിക്കും പാക്കുവാൻ ഏൎപ്പാടു ചെയ്തിരുന്നതു. ഇതു യൂറോപ്യന്മാരായ തടവുകാരെ പാൎപ്പിക്കുവാനുള്ളതാണു. ഈ ചെറിയ കെട്ടിടത്തിന്റെ നാലുഭാഗത്തും മതിൽ ഉണ്ടു. ഈ മുറിയുടെ പുറത്തു ചുററും രണ്ടു വാര വീതിയിൽ വ്രാന്തയും, വ്രാന്തക്കും മതിലിനും മദ്ധ്യേ 7 വാര വീതിയുള്ള മുററവും ഉണ്ടു. മുറിയുടെ ഓരോ ഭാഗത്തും വലിയ ഈരണ്ടു ജനലുകൾ ഉള്ളതുകൊണ്ടു നല്ല കാററും മുറിക്കകത്തു കിട്ടാറുണ്ടായിരുന്നു. മതിലിന്നകത്തേക്കു കടക്കുവാൻ വലിയൊരു വാതിലും മുറിയുടെ അകത്തേക്കു കടക്കുവാൻ മറെറാരു വാതിലും ഉണ്ടു. മുറിയുടെ ഇടത്തുഭാഗത്തുള്ള വ്രാന്തയുടെ ഒരററത്തു ആണു കുളിമുറി. പിൻഭാഗത്തു മിററത്ത് ഒരററത്തു മറപ്പുരയും മററേ അററത്തു അടുക്കളയും ആയിരുന്നു.

മുറിക്കകത്തു ഞങ്ങൾക്ക് ഓരോരുത്തക്കും ഓരോ മേശ, കസേല, കട്ടിൽ, ജമക്കാളം, തലയിണ, വിരി, ഇതുകളും തന്നിട്ടുണ്ടായിരുന്നു. കടലാസ്, മഷി, പേന, പെൻസിൽ മുതലായ എഴുത്തുസാമാനങ്ങളും തന്നിരുന്നു. ഒരു വെപ്പുകാരനേയും, ഒരു പരിചാരകനേയും ഞങ്ങൾക്കു അനുവദിച്ചു തന്നിട്ടുണ്ടായിരുന്നു.

എപ്പോഴും ഒരു വാർഡരും ഞങ്ങളുടെ കെട്ടിടത്തിന്നുമു മ്പിൽ ഉണ്ടായിരിക്കും.

രാഷ്ട്രീയ തടവുകാരെ ഇതിന്നുമുമ്പു തിരുവനന്തപുരം സെൻട്രൽജെയിലിൽ പാർപ്പിക്കുകയുണ്ടായിട്ടില്ല. അവ രെ എങ്ങിനെയാണ പാർപ്പിക്കേണ്ടതെന്നു അധികാര സ്ഥന്മാർക്ക തീർച്ചയുണ്ടായിരുന്നില്ല. ഭക്ഷണത്തിൻെറ കാ ര്യത്തിലും മററും, സാധാരണ കഴിക്കാറുള്ളതു് തരുവാനാ യി ഗവർമ്മേണ്ടു സമ്മതിച്ചിട്ടുണ്ടു. അതുകൊണ്ടു ആവ ശ്യമുള്ളതു പറയുന്നതിന്നു് വിരോധമില്ലെന്നു സൂപ്രഡേ ണ്ടു എത്തിയദിവസംതന്നെ ഞങ്ങളോടു പറഞ്ഞു. ഞ ങ്ങൾ പതിവായി കഴിച്ചിരുന്ന ഭക്ഷണരീതിയെ അദ്ദേ ഹത്തെ അറിയിച്ചു. അതുപ്രകാരം എല്ലാം ഏർപ്പാടു ചെയ്തു. സാധനങ്ങളിൽ വല്ല മാററവും ആവശ്യമെന്നു തോന്നിയാൽ അതിന്നനുസരിച്ചു ചെയ്തിരുന്നു.

രാവിലെ അഞ്ചുമണിക്കു് എഴുനീററു്, വ്യായാമവും കുളിയും കഴിഞ്ഞു ഒരു മണിക്കൂർനേരം വായിക്കുമ്പോ ഴേക്കു് കാപ്പിക്കു സമയമാകും. റൊട്ടിയൊ, ഇഡ്ഡ്ലിയൊ, അപ്പമൊ, ഉപ്പുമാവൊ, അതും വെണ്ണ, പഴം, കാപ്പി, ഇതും ആയിരുന്നു രാവിലെ തന്നിരുന്നതു. 8 മണിമുതൽ 11 മണിവരെ എഴുതിക്കൊണ്ടിരിക്കും. 11 മണിക്കു് ഊ ണു കഴിക്കും. നെയ്യും, പരിപ്പും, രണ്ടോ മൂന്നോ കൂട്ടാനും, പപ്പടവും, തൈരും ഊണിന്നുണ്ടാകും. കറികൾ ഞങ്ങൾക്കു ഇഷ്ടമുള്ളതു വെയ്ക്കുവാൻ പറയും. കറിക്കുള്ള സാധനങ്ങൾ 8 മണിക്കു് മുമ്പായി അവിടെ എത്തിച്ചു തരും. ഊണു കഴിഞ്ഞു അല്പം വിശ്രമിക്കുമ്പോഴേക്കു വ

ല്ല സ്നേഹിതന്മാരും കാണുവാൻ വന്നിട്ടുണ്ടാകും. 12 മണിക്കും 3 മണിക്കും മദ്ധ്യേയായിരുന്നു ഇവരെ കാണുവാനുള്ള സമയം. ആദ്യം കുറെ ദിവസത്തേക്ക് രാവിലെ 8 മണി മുതൽ വൈകുന്നേരം 4 മണിവരെ കാണുവാൻ വരുന്നവരെ അനുവദിച്ചിട്ടുണ്ടായിരുന്നു. പിന്നീട് അതു മാററിയിട്ടാണ് മേൽപ്രകാരം ആക്കിയതു. ഏകദേശം 2 മണി ആകുമ്പോഴേക്ക തപാൽ എത്തും. കത്തുകളും കടലാസ്സും വായിച്ചുകഴിയുമ്പോഴേക്ക 3 മണിക്കുള്ള ചായക്ക് സമയമാകും. ഒരു കപ്പ് ചായ മാത്രമേ ഈ സമയത്തു കഴിക്കുക പതിവുണ്ടായിരുന്നുള്ളു. പിന്നെ 2 മണിക്കൂർ വായിക്കും. അതിന്നുശേഷം ജെയിലിന്നകത്ത് നടക്കുവാൻ പോകും. പിന്നെ കുളി കഴിഞ്ഞു അത്താഴത്തിന്നിരിക്കും. കുറെ ദിവസത്തേക്ക ഉച്ചക്ക് ഉണ്ടായിരുന്നപോലുള്ള ഭക്ഷണംതന്നെയാണു വൈകുന്നേരവും കഴിച്ചിരുന്നതു. പിന്നെ ഇതു മാററി 6 മണിക്ക മുമ്പായി ഭക്ഷണം കഴിക്കുവാൻ തുടങ്ങി. ഞങ്ങളുടെ വെപ്പുകാരനും, പരിചാരകനും അവിടെയുണ്ടായിരുന്ന തടവുകാരായിരുന്നു. അവരെ 6 മണിക്ക മുമ്പായി അകത്താക്കി വാതിൽ അടക്കും. ഞങ്ങളുടെ ഊണു കഴിച്ചതിന്നു ശേഷമേ അവക്ക അവരുടെ മുറിക്കകത്തേക്ക് പോകുവാൻ തരമുള്ളു. അതുകൊണ്ടാണു ഭക്ഷണം നേരത്തേ കഴിച്ചിരുന്നതു. എങ്കിലും, 6 മണിക്ക ഊണു കഴിക്കുന്നതു കുറെ അസൌകര്യമാണെന്നു തോന്നുകയാൽ കുറെദിവസം കഴിഞ്ഞതിൽ പിന്നെ റൊട്ടിയും പഴവും പാലും മാത്രമായിരുന്നു വയ്യിട്ട കഴിച്ചിരുന്നതു്. ഭക്ഷ

ണം കഴിഞ്ഞു അല്പം കഴിഞ്ഞാൽ മുറിക്കകത്തുപോകും. അപ്പോൾ മുറി അടച്ചുപൂട്ടും. പിന്നെ രാവിലെ 5 മണിക്ക മാത്രമെ മുറി തുറക്കുകയുള്ളു. വിളക്ക തന്നിട്ടുണ്ടായിരുന്നതുകൊണ്ട രാത്രിയിൽ എഴുതുകയോ വായിക്കുകയൊ ചെയ്യുന്നതിന്നു വിരോധമില്ലായിരുന്നു. 10 മണിക്ക മുമ്പ് കിടക്കും.

വൎത്തമാനപത്രങ്ങളും കത്തുകളും അനുവദിച്ചിരുന്നുവെന്നു പറഞ്ഞുവല്ലോ. അതുപ്രകാരംതന്നെ കത്തുകൾ എഴുതുവാനും അനുവദിച്ചിരുന്നു. പക്ഷെ കത്തുകളിൽ, വെളിയിൽനടക്കുന്ന സംഭവങ്ങളെക്കുറിച്ചും, രാഷ്ട്രീയകാൎയ്യങ്ങളെ സംബന്ധിച്ചും യാതൊന്നും എഴുതുവാൻ പാടില്ലായിരുന്നു. വരുന്ന എഴുത്തും, അയക്കുന്ന എഴുത്തും സൂപ്രഡെണ്ട വായിച്ചുനോക്കി പാസ്സാക്കണം. കുളിക്കുവാൻ എണ്ണ, ഈഞ്ച, സോപ്പ് എന്നിവയും ആവശ്യംപോലെ ചൂടുവെള്ളമോ പച്ചവെള്ളമോ അതും തന്നിട്ടുണ്ടായിരുന്നു. ക്ഷൌരക്കാരനും, അലക്കുകാരനും ജെയിലിൽതന്നെയുണ്ടായിരുന്നു. എല്ലാദിവസവും സൂപ്രഡെണ്ടും മററു ജെയിൽ ഉദ്യോഗസ്ഥന്മാരും ആവശ്യങ്ങൾ വന്നു അന്വേഷിക്കുകയും ചെയ്തിരുന്നു.

ഞങ്ങൾ ചെന്നു രണ്ടുദിവസം കഴിഞ്ഞതിന്നു മുമ്പായി, ഒന്നാമതായി ശിക്ഷിക്കപ്പെട്ട കുഞ്ഞാപ്പു, ബാഹുലേയൻ, ഗോവിന്ദപണിക്കർ ഇവരെ സെൻട്രൽ ജെയിലിലേക്കു കൊണ്ടുവന്നു. ദേവികുളത്തുവെച്ച് ശിക്ഷിച്ചതിന്നുശേഷം ഇവരെ തിരുവനന്തപുരത്തേക്കു നടത്തികൊണ്ടുവരുകയാണ് ചെയ്തത്. അവരെ വെറുംതടവു

കാരെ പാപ്പിക്കുന്ന കെട്ടിടത്തിൽ കൊണ്ടുപോയാക്കി. പ്രത്യേകം സൌകൎയ്യങ്ങളൊന്നും അവൎക്ക കൊടുത്തിരുന്നില്ല. വൈക്കത്തു ദിവസേന സത്യാഗ്രഹം ഉണ്ടാകുന്നതിന്നനുസരിച്ച ദിവസേന സെൻട്രൽ ജെയിലിലും പുതിയ തടവുകാർ വന്നുകൊണ്ടിരിക്കുമെല്ലൊ. രണ്ടുദിവസം കഴിയുമ്പോഴേക്ക് എ. കെ. പിള്ള, കേളപ്പൻനായർ, വേലായുധമേനോൻ ഇവർ മൂന്നാളും എത്തിച്ചേൎന്നു. ഇവരെ പാപ്പിച്ചിരുന്നതു ഞങ്ങളുടെ വാൎഡിന്നെതിരായുള്ള സിവിൽ വാൎഡിലായിരുന്നു. കുളിക്കുവാനും ഭക്ഷണം കഴിക്കുവാനും ഇവർ ഞങ്ങളുടെ വാൎഡിലേക്കു വരും. തിങ്കളാഴ്ച രാത്രിയിലാണെല്ലൊ മാധവനും ഞാനും ജെയിലിൽ എത്തിയതു. പിന്നത്തെ ശനിയാഴ്ച വൈകുന്നേരം 5 മണിക്കു കെ. ജി. നായർ, പി. ഡബ്ലിയു. സെബാസ്ത്യൻ ഇവരെകൊണ്ടുവന്നു ജോസഫിനെ ഞങ്ങളുടെ വാൎഡിലേക്കയച്ചു. കെ. ജി. നായരേയും സെബാസ്ത്യനേയും സിവിൽവാൎഡിലേക്കും അയച്ചു. പിന്നീട് കൃഷ്ണസ്വാമി അയ്യരും കുമാറും, ഇവരുടെ കൂട്ടത്തിൽകൂടി. അതേസമയത്തുതന്നെ ബാഹുലേയനും മററും പാൎക്കുന്ന വാൎഡിലും പുതിയ വാളണ്ടിയർ തടവുകാർ വന്നുചേൎന്നു. ഇങ്ങിനെ മൂന്നു സ്ഥലങ്ങളിലായിട്ടാണു ഞങ്ങളെ കുറെക്കാലം പാപ്പിച്ചിരുന്നതു.

തടവുകാരുടെ എണ്ണം വൎദ്ധിച്ചതോടുകൂടി പുതിയ ജീവനും അവിടെവന്നുകൂടി. ആളുകൾ വൎദ്ധിച്ചപ്പോൾ ഒരു കുളിമുറിയുംകൂടി പുതുതായി ഉണ്ടാക്കി. വെപ്പുകാര

നേയും ഒന്നുകൂടികൂട്ടി. വിദ്യാത്ഥികഠം പാക്കുന്ന ഹോസ്റ്റ ലിൻെറ മട്ടിലായിത്തീൎന്നു ഞങ്ങഠം പാത്തിരുന്ന തടവു.

സെൻട്രൽ ജെയിലിലുള്ള തടവുകാരെ പ്രവൃത്തിക്കു കൊണ്ടുപോകുന്നതും, കുളിപ്പിക്കുവാൻ കൊണ്ടുപോകുന്നതും എല്ലാം വലിയഗെയിററിൽക്കൂടിയാണ. ഈ ഗേററിൻെറ ഇരുവശത്തുമായിരുന്നു ഞങ്ങഠംക്കു പാക്കുവാനുള്ള സ്ഥലങ്ങഠം. അതുകൊണ്ടു, തടവുകാക്കു അങ്ങോട്ടും ഇങ്ങോട്ടും പോകുമ്പോഠം എല്ലാം ഞങ്ങളെ കാണാം. "ഇതെന്തൊരു തരക്കാരാണ; ഇവർ നമ്മെപോലെ അല്ലല്ലോ—ഇവർ എന്തിനാണിവിടെ വന്നിരിക്കുന്നതു്" എന്നുള്ള സംശയം കുറെദിവസത്തേക്കു് ഇവരിൽ പലക്കും ഉണ്ടായിരുന്നിരിക്കണം. ഓരോരുത്തരുടെ മനോധമ്മത്തിന്നനുസരിച്ചു് അവർ ഞങ്ങളുടെ പേരിൽ ഓരോ കുററത്തെ ആരോപണം ചെയ്തിരുന്നു. തടവിലുള്ള ഉദ്യോഗസ്ഥന്മാരെല്ലാം തടവുകാക്കു യജമാനന്മാരാണ. സൂപ്രഡേണ്ടു യജമാനൻ, ജെയിലർ യജമാനൻ, ഹെഡ്‌വാഡ്ർ യജമാനൻ, വാഡ്ർ യജമാനൻ ഇങ്ങിനെ എല്ലാവരും യജമാനന്മാരായിരുന്നു, ഞങ്ങഠം ഉദ്യോഗസ്ഥന്മാരല്ലായിരുന്നുവെങ്കിലും സാധാരണ തടവുകാരെപോലെയുള്ളവരല്ലെന്നും അവക്കു മനസ്സിലായി. അതുകൊണ്ടു് ഞങ്ങളെ "പുള്ളി എജമാൻമാർ" എന്നു് ഞങ്ങളുടെ "സഹപുള്ളികഠം" വിളിച്ചുതുടങ്ങി.

ഇങ്ങിനെ ദേഹസുഖത്തെസംബന്ധിച്ചേടത്തോളം ഞങ്ങഠംക്കാവശ്യമുള്ളതെല്ലാം അധികാരസ്ഥന്മാർ അനുവദിച്ചുതന്നിട്ടുണ്ടായിരുന്നു. ഭക്ഷണം എത്ര രുചി

യോടുകൂടി തന്നിരുന്നാലും, സൌകൎയ്യങ്ങൾ എത്ര ആലോചനയോടുകൂടി ഏൎപ്പെടുത്തിയിരുന്നാലും, ജെയിൽ ജെയിൽതന്നെയാണ. നാലുഭാഗത്തും കണ്ടിരുന്ന ഭിത്തികൾ ഞങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ അതൃത്തി ഇന്നതാണെന്നു ഞങ്ങളെ എപ്പോഴും ഓൎമ്മപ്പെടുത്തിയിരുന്നു. ഞങ്ങളുടെ മുറിയുടെ വാതിലിന്റെ ഓരോ ഇരുമ്പഴികളും സ്വാതന്ത്ര്യത്തെ തടുക്കുവാനുള്ള ഓരോ പടയാളികളാണെന്നു തോന്നിയിരുന്നു. സൂൎയ്യോദയസമയത്തു ഞങ്ങളെ ഇട്ടിരുന്ന വാൎഡിന്റെ മുററത്തുനിന്നു നോക്കിയാൽ, പക്ഷികൾ കെട്ടിടങ്ങളുടെ മേൽ വന്നിരിക്കുന്നതും, അവിടെനിന്നു പറന്നു അടുത്ത എടുപ്പിന്റെ മുകളിലേക്കു പോകുന്നതും, ഇരുന്ന സ്ഥലത്തുനിന്നുതന്നെ അല്പം മേല്പോട്ടു പറന്നു ഗാനങ്ങൾ പാടി പിന്നേയും അവിടെതന്നെ വന്നിരിക്കുന്നതും, കാണുമ്പോൾ ഇവർ ഞങ്ങളുടെ സ്ഥിതി അറിഞ്ഞു ഞങ്ങളെ പരിഹസിക്കുകയോ എന്നു തോന്നിപ്പോകും. സകല സൌകൎയ്യങ്ങളും അനുഭവിച്ചു സ്വാതന്ത്ര്യശൂന്യന്മാരായിരിക്കുന്ന നിങ്ങളെക്കാൾ എത്രയോ ഭാഗ്യവാന്മാർ കൊററിന്നു വകയില്ലാതെ അങ്ങുമിങ്ങും പറന്നുകൊണ്ടിരിക്കുന്ന ഈ സാധു പക്ഷികളായ ഞങ്ങൾതന്നെയാണു, എന്നു ഞങ്ങളോടു വിളിച്ചുപറയുവാനാണൊ ഈ മനോഹരമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതെന്നു തോന്നിപ്പോകും. മനുഷ്യന്റെ ഹൃദയത്തിൽ ആശയും ആഹ്ലാദവും ജനിപ്പിക്കുവാൻ ഒരു പ്രത്യേകശക്തി പക്ഷികൾക്കുണ്ടു. കണ്ണെത്താത്ത ഉയരത്തിൽ, നിമിഷനേരംകൊണ്ടു നിഷ്പ്ര

യാസേന പറക്കുന്നതായ പക്ഷികൾക്ക് പല വിധത്തിൽ പരാധീനപ്പെട്ടിരിക്കുന്ന മനുഷ്യന്റെ പാവപ്പെട്ട സ്ഥിതിയെകുറിച്ച വിചാരിക്കുവാൻ നിവൃത്തിയുണ്ടോ ? ബാലാക്കന്റെ തങ്കരശ്മികണ്ടു ആനന്ദത്തോടുകൂടി പാടികൊണ്ടിരിക്കുന്ന ചെറു പക്ഷികൾ ഉയൎന്നജീവി എന്നഭിമാനിക്കുന്ന മനുഷ്യന്റെ ചെറു ചിത്തത്തെ ശല്യപ്പെടുത്തുന്ന അനേകം ചിന്തകളെപററി എന്തറിയും! സൂൎയ്യൻ ഉദിച്ചു പൊങ്ങിയിരിക്കുന്നു. പ്രകൃതി സൎവ്വ മാഹാത്മ്യത്തോടുംകൂടി ശോഭിക്കുന്നു. ജീവജാലങ്ങൾക്ക് മററൊരുദിവസംകൂടി ഈശ്വരൻ ഈ ലോകത്തിൽ അനുവദിച്ചിരിക്കുന്നു. അകലെ കാണുന്ന രാജമല്ലീപുഷ്പത്തേയും, അതിന്നടുത്തിരിക്കുന്ന പക്ഷികളേയും, ഈ യുള്ള മനുഷ്യനേയും സൃഷ്ടിച്ചിരിക്കുന്ന ആ ബാഹുക്കൾതന്നെ, ഈ ദിവസത്തേയും ആ സൃഷ്ടിയുടെ ഉദ്ദേശ്യത്തെ നിറവേററുവാനായി ഉപയോഗിക്കുവാൻ അനുഗ്രഹിക്കട്ടെ!

---

## ഏഴാം അദ്ധ്യായം.

അങ്കം ഇങ്കം തിരിയാത്തിവരുടെ
ഹുംകൃതികേൾപ്പാനതിരസമുണ്ടു
സങ്കടഭാവ മശേഷവുമിപ്പുറ
വങ്കന്മാക്കിഹ കാണ്മാനില്ല.

തിരുവനന്തപുരം സെട്രൽജെയിലിൽ ഏകദേശം 550 തടവുകാരെ പാൎപ്പിക്കാം. സാധാരണ 450-ൽ അധികം തടവുകാർ അവിടെ ഉണ്ടായിരിക്കുകയില്ല. വെറും

തടവുകാരും, കഠിനതടവുകാരും കൂടിയാണ് ഈ എണ്ണം. വെറുംതടവുകാർക്ക് പ്രവൃത്തി എടുക്കേണ്ടതില്ല. മററുള്ളവർക്ക് ഞായറാഴ്ചയും, കല്പനദിവസങ്ങളും, കഴികെ മററെല്ലാദിവസങ്ങളിലും പണി എടുക്കേണ്ടതുണ്ടു. സ്ഥലം വൃത്തിയാക്കി വെക്കേണ്ടതിന്നുതന്നെ വളരെ ആളുകൾ പ്രവൃത്തി എടുക്കേണ്ടിവരും. വെള്ളം കോരുക, അടിക്കുക, ഭക്ഷണം പാകംചെയ്ക, തോട്ടത്തിൽ പണിയെടുക്കുക ഇതിന്നെല്ലാം വളരെ തടവുകാരെ നീക്കിയിട്ടുണ്ടു. ഇതുകൂടാതെ, നെയിത്ത് അച്ചടി തുടങ്ങിയ പ്രവൃത്തികളും ഇവിടെ ഉണ്ടു. ആശാരി, കൊല്ലൻ, അലക്കുകാരൻ, ക്ഷൌരക്കാരൻ, കല്ലുകെട്ടുകാരൻ എന്നു തുടങ്ങി സാധാരണ ആവശ്യങ്ങൾക്കുള്ള എല്ലാതരക്കാരേയും തടവുകാരുടെകൂട്ടത്തിൽ കാണാം. ഇവരെയെല്ലാം അവരുടെ തൊഴിലിന്നനുസരിച്ചു തിരിച്ചിട്ടുണ്ട്. അതുകൊണ്ടു എന്തു ജോലികൾ ചെയ്യുവാനും പുറത്തുനിന്ന് പണിക്കാരെകൊണ്ടുവരാതെ കഴിച്ചുകൂട്ടുവാൻ സാധിക്കും. പ്രത്യേകിച്ച് യാതൊരുതൊഴിലും നിശ്ചയമില്ലാത്തവരെയാണ അടിക്കുവാനും, വെള്ളംകോരുവാനും മററു പ്രവൃത്തികൾക്കും നിശ്ചയിക്കുന്നതു.

തടവുകാരെ മൂന്നു തരക്കാരായി വിഭാഗിക്കാം. 1. ആദ്യത്തെപ്രാവശ്യം വരുന്നവർ. ഇവർ വെളുത്ത തൊപ്പി ഇട്ടിട്ടുണ്ടാകും. 2. അധികം പ്രാവശ്യം ശിക്ഷ അനുഭവിച്ചിട്ടുള്ളവർ. ഇവരെ അവരുടെ നീലതൊപ്പികൊണ്ടറിയാം. 3. ജീവപര്യന്തം തടവുശിക്ഷക്കു വിധിക്കപ്പെട്ടിട്ടുള്ളവർ. ഇവരുടെ തൊപ്പിയുടെ നിറം ചുകപ്പാണു. ധരിച്ചിരിക്കുന്ന മുണ്ടിന്നും കുപ്പായത്തി

ന്നും യാതൊരു വ്യത്യാസവുമില്ല. അത് എല്ലാവക്കും ഒരു പോലെതന്നെയാണു. കൊല്ലത്തിൽ മൂന്നു മുണ്ടും രണ്ടു കുപ്പായവുമാണത്രെ കൊടുക്കുക പതിവു. കുപ്പായം ഇവർ എപ്പോഴും ഇട്ടുകാണുന്നില്ല. തൊപ്പി ധരിക്കാതെ നടക്കുവാൻ പാടില്ല എന്നു നബ്ബന്ധമുണ്ട്. തൊപ്പിയുടെ നിറംകൊണ്ടു ഇവർ ഏതു തരക്കാരാണെന്നു അറിയാം.

20 തടവുകാരെ പാൎപ്പിക്കാവുന്ന ഓരോ മുറികളിലാണു ഇവരെ ആക്കിയിരിക്കുന്നതു. ബ്രാഹ്മണരെ വേറെ, നായന്മാർ, ഈഴവർ എന്നിവരെ വേറെ, പറയർ, പുലയർ മുതലായ ജാതിക്കാരെ വേറെ, ഇങ്ങിനെയാണ തിരിച്ചിരിക്കുന്നതു. ബ്രാഹ്മണക്ക് പ്രത്യേകമായി അവരിൽ ഒരാൾ വെക്കും. മറെറല്ലാവക്കുംകൂടി പൊതുവായി ഒരു വെപ്പാണു. അതിന്ന് നായന്മാരായിരിക്കും വെപ്പുകാർ. സ്ത്രീകളായ തടവുകാരെ പാൎപ്പിക്കുവാൻ പ്രത്യേകം സ്ഥലമുണ്ടു. ഇതിന്നുള്ളിൽനിന്നു അവരെ പുറത്തേക്കു വിടുകയില്ല. അവർ ജോലി ചെയ്യുന്നതും അതിന്നുള്ളിൽനിന്നാണ്. ഞങ്ങൾ ജെയിലിൽ ഉണ്ടായിരുന്ന കാലത്തു അവിടെ ആറ് സ്ത്രീ തടവുകാർ ഉണ്ടായിരുന്നു. കൊലക്കുററം ചെയ്തവരായിരിക്കും ഇവരിൽ അധികവും. നൂൽ പിരിക്കലാണു ഇവക്ക് കൊടുക്കുന്ന പ്രവൃത്തി. ഇവരെ നോക്കുവാനായി സ്ത്രീ വാൎഡർമാർ ഉണ്ട്.

5½ മണി ആയാൽ എല്ലാം തടവുകാരും എഴുന്നേൽക്കണം. ഉടനെ വെളിക്കുപോകുവാനും, പല്ലു തേക്കുവാനും മററുമായി ഇവരെ പുറത്തേക്കു കൊണ്ടുപോകും. അ

ു കഴിഞ്ഞുവന്നാൽ $6\frac{1}{2}$ മണിക്കു കഞ്ഞിയും, ചട്ടിണിയും ഉണ്ടാകും. കഞ്ഞി കുടിച്ചതിന്നുശേഷം അവരവരുടെ പാത്രം അവരവർതന്നെ നല്ലപോലെ കഴുകിവെക്കണം. കഞ്ഞിക്കും ഊണിന്നും ചട്ടികളാണ് ഉപയോഗിക്കുന്നത്. കഞ്ഞി കഴിഞ്ഞാൽ ഏകദേശം 7 മണി സമയത്ത് ഇവരെ പണിക്കു കൊണ്ടുപോകുകയായി. പണി കഴിഞ്ഞു 11 മണിക്കു മുമ്പായി ഊണിന്നുവരും. ഉച്ചസമയത്തെ ഊണിന്ന് ചോറും ഒരു കൂട്ടാനും ഉണ്ടാകും. ദിവസേന ഒരു നേരം മോരും കൊടുക്കും. $12\frac{1}{2}$ മണിക്കു വീണ്ടും പണിക്കുപോകും. പിന്നെ 4 മണിക്കു മടങ്ങിവരും. കുളി കഴിഞ്ഞു $4\frac{1}{2}$ മണിക്കു വൈകുന്നേരത്തെ ഭക്ഷണംകൊടുക്കും. ചോറും ഒരു കൂട്ടാനും മാത്രമാണു അപ്പോഴത്തെ ഭക്ഷണം. 6 മണിക്കു മുമ്പായി എല്ലാവരേയും മുറിക്കകത്താക്കി പൂട്ടും. ഒരു ചൂടിപായയും രണ്ടു ജമുക്കാളവുംആണ് ഇവക്കു കിടക്കുവാൻ കൊടുക്കാറ് പതിവ്.

ഞായറാഴ്ച അവക്കാക്കും പണിക്കു പോകേണ്ടതില്ല. അന്ന് എണ്ണതേച്ചുകുളിക്കുവാനായി എല്ലാവക്കും എണ്ണയും പിണ്ണാക്കുംകൊടുക്കും. അന്ന് മതപ്രസംഗങ്ങൾ ചെയ്യുവാനായി ചിലരെല്ലാം ജയിലിലേക്കുവരും. ക്രിസ്തുമത പ്രസംഗങ്ങളും, ഹിന്ദുമതപ്രസംഗങ്ങളും, ഉണ്ടാകും. 20 വയസ്സിൽ താഴെയുള്ള തടവുകാരെ ദിവസേന ഒരു മണിക്കൂർനേരം പഠിപ്പിക്കുവാനായി ഒരു മാസ്റ്ററുണ്ടു. ഇദ്ദേഹത്തിൻെറ ക്ലാസ്സ ശനിയാഴ്ചയും ഞായറാഴ്ചയും ഒഴികെ മറ്റെല്ലാദിവസങ്ങളിലും ഉണ്ട്.

ജെയിലിലെ പ്രധാന ഉദ്യോഗസ്ഥൻ സൂപ്രഡേണ്ടാണ്. ജെയിൽ ഭരണത്തെ സംബന്ധിച്ച സകല അധികാരങ്ങളും ഇദ്ദേഹത്തിന്നാണ്. ആ മതിലിന്നകത്തുള്ള ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കിതീൎക്കുവാനും സൈ്വരത്തോടുകൂടിയതാക്കുവാനും അദ്ദേഹത്തിന്നു സാധിക്കും. ഒരു ജെയിലിലെ സ്ഥിതി മിക്കതും അതിന്റെ സൂപ്രഡേണ്ടിനെ ആശ്രയിച്ചിരിക്കും. ഞങ്ങഠം സെൻടൽജെയിലിൽ ഉണ്ടായിരുന്ന കാലത്തു അതിന്റെ സൂപ്രഡേണ്ടു മിസ്റ്റർ പോത്തൻ ആയിരുന്നു. ദയയും നയവുംഉള്ള ഒരു ഉദ്യോഗസ്ഥനായിരുന്നു ഇദ്ദേഹം. പല തടവുകാരോടും ജയിലിലെ സ്ഥിതിയെപററി ചോദിക്കുകയുണ്ടായിട്ടുണ്ട്. സൂപ്രഡേണ്ടിനെപററി തടവുകാരും വാർഡർമാരും ഒരുപോലെ സ്തുതിച്ചു പറയാറുണ്ടായിരുന്നു. ജെയിലർ രാമകൃഷ്ണയ്യർ വലിയ കണിശക്കാരനാണ്. നല്ല പ്രാപ്തിയും ഉണ്ടു. ഇവൎക്കുതാഴെ ഡിപ്യൂട്ടിജെയിലർ, അസിസ്റ്റാണ്ട് ജെയിലർ, ചീഫ് വാൎഡർ തുടങ്ങി ചില ഉദ്യോഗസ്ഥന്മാരുണ്ടു. തടവുകാരെ പണിക്കു കൊണ്ടുപോകുവാനും രാത്രിയിൽ പാറാവിനും മററുമായി 80 ൽ അധികം വാൎഡർമാരും ഉണ്ടു.

കഴിഞ്ഞകൊല്ലത്തെ കണക്കുപ്രകാരം ഒരു തടവുകാരന്നു 199 ക. 28 ചക്രം 10 കാശ് വീതം ചിലവായിട്ടുണ്ടു. ഈ സംഖ്യയിൽ 72 ക. 20 ചക്രം ഭക്ഷണത്തിന്നും 12 ക. 4 ചക്രം 1 കാശ് വസ്ത്രങ്ങഠക്കും ബാക്കിയുള്ളത് ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്നും, മററും ചിലവായിട്ടുള്ളതാണ്. കഴിഞ്ഞകൊല്ലത്തിൽ

ഒട്ടാകെ 89,929 ക. 14 ചക്രം 3 കാശ തിരുവനന്തപുരം സെൻട്രൽ ജെയിലിലേക്ക ചിലവായിരിക്കുന്നു.

തടവുകാരെ നോക്കേണ്ടതിനെപ്പററി അഭിപ്രായവ്യത്യാസം പുറപ്പെട്ടുവിച്ചവരുന്നാ ഇക്കാലത്തു ഇവിടത്തെ തടവുകാരുടെ കാൎയ്യത്തിലും അടിയന്തരമായി ചില മാററങ്ങൾ ചെയ്യേണ്ടതായിട്ടുണ്ടു. ഉടുക്കുവാനും ഭക്ഷണം കഴിക്കുവാനും കിടക്കുവാനുമുള്ള സൌകൎയ്യങ്ങൾ ഇപ്പോൾ ഉള്ളതിൽ കുറെ അധികം അനുവദിച്ചുകൊടുക്കേണ്ടതുണ്ടു. കുളിക്കുവാനും മററും ഒരു തോത്തെങ്കിലും അനുവദിച്ചുകൊടുക്കേണ്ടതാണ്. ഭക്ഷണത്തിൻെറ കാൎയ്യത്തിലും ഇതുപോലെ തന്നെ ചില പരിഷ്കാരങ്ങൾ അത്യാവശ്യമായി തോന്നുന്നുണ്ടു. നായന്മാൎക്കും, ഈഴവൎക്കും, പുലയൎക്കും മററും ഭക്ഷണം ഒന്നായി പാകം ചെയ്യുന്നതുകൊണ്ടു കീഴ് ജാതിക്കാരായ തടവുകാൎക്ക ചില അസൌകൎയ്യങ്ങളുണ്ടു. വെപ്പുകാർ ഉയന്ന ജാതിക്കാരാകകൊണ്ടു വെള്ളം എടുക്കുവാനോ മറോാ ഇവൎക്ക പൊയ്ക്കൂടാ. പുള്ളികളായി തടവിന്നകത്തു പാൎക്കുമ്പോൾകൂടി ഉള്ളിലുള്ള ജാതിസ്സബ്ധ് നീക്കുവാൻ ഇവൎക്ക സാധിക്കുന്നില്ല. കുടിക്കുവാനുള്ള വെള്ളം ഉയന്ന ജാതിക്കാരായ പുള്ളികൾക്ക് കൊടുത്തതിന്നു ശേഷമേ ഇവൎക്ക കിട്ടുകയുള്ളൂ. എപ്പോഴും വെപ്പുകാർ നായന്മാരാകകൊണ്ടു തീണ്ടൽ ജാതിക്കാർ അവരുടെ ഇഷ്ടത്തിന്നു നില്ക്കണം. ഇവരെകൊണ്ടു അവൎക്ക വിശേഷിച്ച് കാൎയ്യമൊന്നും ഇല്ലതാനും. ഇതുകൊണ്ടു ഈഴവൎക്കും പുലയൻ മുതലായ പുള്ളികൾക്കും മറെറവരെക്കാൾ ബുദ്ധിമുട്ടുകൾ ഉണ്ടു.

എന്നു മാത്രമല്ല 500 ആളുകൾക്ക ഒന്നിച്ച് വെക്കുന്നതി നെക്കാൾ ഇതിനെ രണ്ടോ മൂന്നോ ആക്കിതിരിക്കുന്നതാ യിരിക്കും നല്ലതു എന്നു തോന്നുന്നു. അതുപ്രകാരംതന്നെ ചട്ടിക്കുപകരം ഇനാമൽ ആക്കുവാൻ വിരോധം എന്താ ണെന്നറിഞ്ഞില്ല. ചട്ടിയിൽ ഊണു കഴിക്കുന്നതു പല ൎക്കും വലിയ അസഹ്യമാണു. കിടപ്പിന്നുള്ള സാമാനങ്ങ ളിലും സ്വല്പം മാററങ്ങൾ വരുത്തേണ്ടതുണ്ട. ചൂടിപായ യിൽ ജമക്കാളങ്ങൾ വിരിച്ചാൽകൂടി അതിൽ കിടക്കു വാൻ പ്രയാസമായിരിക്കും. ഇപ്പോൾ കൊടുക്കുന്ന ജമു ക്കാളം വളരെ കട്ടിയുള്ളതല്ല. ഇങ്ങനെ ചില മാററങ്ങൾ വരുത്തുന്നതു മാൎഗ്ഗത്തിൽനിന്നു തെററിപോയ ഈ നി ൎഭാഗ്യവാന്മാരുടെ ജീവിതകഷ്ടതകളെ കുറക്കുന്നതിന്നു് സഹായിക്കും. ജെയിലിൽ കിടന്നു മരിക്കുന്ന പുള്ളികളു ടെ മരണവൎത്തമാനം അവരുടെ ബന്ധുക്കളെ അറിയി ക്കുക പതിവില്ലത്രെ. ഇതും വളരെ കഷ്ടമായ ഒരു നി ശ്ചയമാണു. മരിച്ചാൽ ഉടനെ ആ വൎത്തമാനം അവരു ടെ ബന്ധുക്കളെ കത്തുമൂലം ജെയിൽ അധികാരസ്ഥ ന്മാർ അറിയിക്കേണ്ടതാണു്.

രോഗികളായ തടവുകാരെ ചികിത്സിക്കുന്നതിന്നു ജെയിലിന്നുള്ളിൽ തന്നെ ഒരു ആസ്പത്രിയുണ്ടു. പാല്, സൂപ്പ് ഇതെല്ലാം ഡോക്ടരുടെ അഭിപ്രായത്തിന്നനുസരി ച്ച രോഗികളല്ലാത്തതടവുകാൎക്കും കൊടുക്കാറുണ്ടു. തൂക്കം കുറഞ്ഞവൎക്ക ദേഹം നന്നാകുവാനായിട്ടാണ പാലും സൂ പ്പും കൊടുക്കുന്നതു. ആസ്പത്രിയിൽ കിടക്കുന്ന രോഗി കളെ ശുശ്രൂഷിക്കുവാനും തടവുകാർ തന്നെയാണു. മരി

ച്ചവരുടെ ശരീരം പുറത്തനിന്നു ഒരു ഡോക്ടർ വന്നു പരിശോധിച്ചതിന്നു ശേഷമെ മറ ചെയ്യുവാൻ പാടുള്ളു എന്ന നിർബ്ബന്ധമുണ്ടു.

എന്തെല്ലാം തരക്കാരാണ് ഇവരുടെ കൂട്ടത്തിൽ ഉള്ളതെന്നു പറയുവാൻ പ്രയാസം. കള്ളന്മാർ, കൊള്ളക്കാർ, കലഹപ്രിയന്മാർ, കള്ളനോട്ടുണ്ടാക്കിയവർ, അടികലശൽ ചെയ്തവർ, ആരാന്റെ ഭാര്യയെ അപഹരിച്ചവർ, വീടു തുറന്നവർ, കണ്ണു തോണ്ടിയവർ, കാതു് അറുത്തവർ, അമ്മയെക്കൊന്നവർ, ഭാര്യയെക്കൊന്നവർ, മക്കളെക്കൊന്നവർ എന്നു തുടങ്ങി പല നീചകർമ്മങ്ങളും ചെയ്തിട്ടുള്ളവർ അതിന്നകത്തുണ്ടായിരുന്നു. കൊലപാതകം ചെയ്തവരുടെ കൂട്ടത്തിൽ ബുദ്ധിയും, തന്റേടവും, പഠിപ്പും, വിവേകവുമുള്ള പല തടവുകാരേയും കാണാം. ഇതിന്നുള്ള കാരണം അറിയുവാൻ പ്രയാസമില്ല. തല്ക്കാലത്തെ ശണ്ഠകൊണ്ടു ചെയ്ത കുററമായിരിക്കും ഇതു. കൊള്ള ചെയ്യുന്നവനെപോലെയൊ, മോഷണം ചെയ്യുന്നവനെപോലെയോ താണബുദ്ധിയായിരിക്കയില്ല കൊലപാതകന്റേതു. ഇവരിൽ മിക്കവരും അവരുടെ പ്രവൃത്തിയെപ്പററി പശ്ചാത്തപിക്കുന്നവരും ആയിട്ടാണു കണ്ടിരുന്നതു. മററുവിധത്തിൽ ഉള്ളവരും ഇല്ലെന്നില്ല.

മൂന്നു കൊല നടത്തിയ ഒരു പുള്ളി അതിന്നുള്ളിൽ ഉണ്ടായിരുന്നു. ആ കൊലയെല്ലാം മററുള്ളവരുടെ നന്മക്കവേണ്ടി ചെയ്തു എന്നാണ് തന്റെ വിശ്വാസം. പുരാണം വായിക്കുന്നതിലും, നാമം ജപിക്കുന്നതിലും

ഈ ആൾക്ക വലിയ നിർബ്ബന്ധമാണ്. ദുഷ്ടനിഗ്രഹം ഈശ്വരൻ കൂടി ചെയ്യുന്ന കൃത്യമല്ലെ? ശ്രീരാമൻ രാവണനെ വധിച്ചില്ലെ? എന്തുകൊണ്ട് ജനങ്ങൾക്ക് പൊതുവിൽ രാവണൻ ദ്രോഹിയായിത്തീൎന്നു? അതുകൊണ്ട മററുള്ളവരെ ദ്രോഹിക്കുന്നവരെ വധിക്കുന്നത തന്റെ ജീവിതത്തിലെ ഒരു പ്രധാന ഉദ്ദേശമായി ശ്രീരാമൻ കരുതി. അതുപോലെയാണ് തന്റെ നിലയും എന്നാണ് ഈ ആളുടെ വിചാരം. 'ആളുകൾക്ക് ആടിക്കിൽ കഴിഞ്ഞുകൂടുവാൻ നിവൃത്തിയില്ലായിരുന്നു. പണം ഉണ്ടെങ്കിൽ എന്തും ചെയ്യാമെന്ന അയാൾ വിചാരിച്ചു. മററവനും അങ്ങിനെതന്നെ ആയിരുന്നു. മൂന്നാമത്തെ കൊലയിൽമാത്രമെ എന്നെ പിടികിട്ടിയുള്ളു. ഇനി എതായാലും ഈശ്വരവിചാരത്തിൽ ബാക്കി കാലമെല്ലാം കഴിക്കണം' എന്ന പറയാറുണ്ട്. രാവണവധംകൊണ്ട് ശ്രീരാമന്ന ഉണ്ടായ ആശ്വാസവും, സന്തോഷവും ഈ ആൾക്ക താൻ ചെയ്ത കൊലകളിൽനിന്നു ഉണ്ടായിട്ടുണ്ടെന്ന സംസാരിച്ചുനോക്കിയാൽ അറിയാം. താനും അതോടുകൂടി തന്റെ ജീവിതോദ്ദേശത്തെ നിറവേററി എന്ന ചാരിതാൎത്ഥ്യവും സാമാന്യത്തിൽ അധികം ഈ പുള്ളിക്ക് ഉണ്ടായിരുന്നു.

ഞങ്ങളുടെ മുറി അടിച്ചു വെടുപ്പാക്കുവാനും, മററുമായി ഒരു തമിഴൻ ഉണ്ടായിരുന്നു. അവന്നു 35 വയസ്സിൽ അധികമാവില്ല. ചില്ലറ കളവിന്ന് ഇതിന്നുമുമ്പ് രണ്ടുമൂന്നുപ്രാവശ്യം ശിക്ഷ അനുഭവിച്ചിട്ടുണ്ടായിരുന്നു. വാസ്തവത്തിൽ ആദ്യത്തെ ശിക്ഷക്കുമാത്രമെ താൻ

അഷ്ഠിക്കുന്നുള്ളൂ, മററ പ്രാവശ്യം ജെയിലിൽ വന്നതെല്ലാം കള്ളക്കേസ്സുകൾ പോലീസ്സുകാർ ഉണ്ടാക്കിയതുകൊണ്ടാണ എന്നാണ് അവൻ പറയുന്നതു. 'യജമാനെ, ഒരിക്കൽ ജെയിലിൽ വന്നുപോയാൽ പിന്നെ അടുത്തുണ്ടാകുന്ന കേസ്സുകൾക്കെല്ലാം അവനെ പിടിക്കും. അല്ലെങ്കിൽ പോലിസ്സുകാൎക്ക പണംകൊടുക്കണം, മൎയ്യാദയായി കഴിഞ്ഞുകൂടുവാൻ അവർ അനുവദിക്കുകയില്ല' എന്നാണ ഇവന്റെ ആവലാധി. ആൾ സമൎത്ഥനാണ്. എപ്പോഴും പ്രസന്നമുഖം, പണി ശരിയായും, വൃത്തിയായും എടുക്കും, രണ്ടുനേരവും തരമുള്ളപ്പോൾ കുളിക്കും, പണി കഴിഞ്ഞാൽ ഒരു മൂലയിൽപോയി തനിയെ ഇരുന്നു തലകുലുക്കി പാട്ടുപാടും. ഞാൻ രാവിലെ കുളി കഴിഞ്ഞു എഴുതുവാൻ തുടങ്ങുമ്പോഴേക്ക നാലഞ്ചു പനിനീർപുഷ്പവും, പിച്ചകവും ഒരു ഇലയിൽ ആക്കി അതു കൊണ്ടുവന്നു മേശപ്പുറത്തുവെക്കും. തടവിലെ സകല ഉദ്യോഗസ്ഥന്മാരെപ്പററിയും അവന്നു ശരിയായ അഭിപ്രായം ഉണ്ട്. ജെയിലിൽ നടക്കുന്ന കാൎയ്യങ്ങൾ അവനെപോലെ മററാൎക്കെങ്കിലും നിശ്ചയമുണ്ടൊ എന്നു സംശയമാണ്. ജെയിലിൽ ഒരു പത്രം നടത്തുന്നപക്ഷം വൎത്തമാനം ശേഖരിക്കുവാൻ ഇത്ര സാമൎത്ഥ്യമുള്ളവനെ കിട്ടുവാൻ പ്രയാസം. 'ഈ ജെയിലിൽ ഉള്ള വാൎഡർമാരിൽ മിക്കവരും ഇതിന്നുള്ളിൽ പുള്ളികളായി വരേണ്ടുന്നവരാണ്. ഞാൻ ഇവിടുത്തെ ഒരുദ്യോഗസ്ഥനായിരുന്നാൽ ഇവരുടെ പിത്തലാട്ടമൊന്നും സമ്മതിക്കുകയില്ല!' എന്നാണ് അവന്റെഭാവം. അവനെ ഏല്പിച്ചിരുന്ന

പണി അവൻ എടുക്കുന്നതു കാണുമ്പോൾ ജെയിലി ലെ ഒരു ഉദ്യോഗസ്ഥന്റെ പണിക്കൂടി നടത്തുവാൻ അവന്നു പ്രാപ്തിയുണ്ടെന്നു തോന്നും.

ഹനൂമാൻ തിരുവനന്തപുരം ജെയിലിൽ എല്ലാവ ക്കും പരിചയമുള്ള ഒരു പുള്ളിയാണ. ഇതു സ്വന്തം പേര് തന്നെയൊ അതല്ല തന്റെ പരാക്രമങ്ങൾകൊണ്ടു സി ദ്ധിച്ചിട്ടുള്ളതൊ എന്ന പറയുവാൻ തരമില്ല. ഹനൂമാൻ ഒരു നായരാണ. നല്ലനടപ്പിന്ന ശിക്ഷ അനുഭവിക്കുക യാണ്. ജെയിലിൽ മറ്റെല്ലാവരെക്കാളും തൂക്കം ഹനൂ മാനാണ്. ഉയരവും വണ്ണവും അതുപോലെ തന്നെ. സാ ധാരണ തടവുകാൎക്ക കൊടുക്കുന്ന ചോറ ഹനൂമാന്റെ വലിയ ദേഹത്തിന്നു മതിയാകുന്നതല്ല. അതുകൊണ്ടു ഹനൂമാന്ന പ്രത്യേകമായി കുറെ അധികംകൊടുക്കുവാൻ സൂപ്രണ്ടു കല്പിച്ചിട്ടുണ്ടു. ഭ്രാന്തില്ലാത്ത സമയത്ത ഹനൂമാൻ വളരെ മൎയ്യാദക്കാരനാണ. പല അഭ്യാസ ങ്ങളും കാണിക്കും. പക്ഷെ വലിയ ഭയം ആണ് താനും. വാവ് അടുക്കാറായിരിക്കുന്നു എന്ന ഹനൂമാന്റെ സ്വഭാ വവ്യത്യാസംകൊണ്ടു അറിയാം. ഭ്രാന്തപിടിച്ചാൽ പി ന്നെ തനിയെ ഒരു മുറിയിലാക്കി പൂട്ടും. അവിടെ ഇരു ന്നു രാവും പകലും ഒരുപോലെ നിലവിളിക്കും. ദേഹ ത്തിന്നടുത്ത ശബ്ദംതന്നെയാണ് ഹനൂമാന്റേത്. ആ രെയും ഉപദ്രവിച്ചതായി കേട്ടിട്ടില്ല. എങ്കിലും ഹനൂ മാന്റെ അടുത്തപോകുവാൻ പലൎക്കും ശങ്കയുള്ളതായി കേട്ടിട്ടുണ്ട്. വലിയ ആനക്കു എപ്പോഴാണ് മദം പൊ ട്ടുക എന്ന നിശ്ചയമില്ല എന്നാണ മററുള്ളവരുടെ

മയം. വാസ്തവത്തിൽ ഹനൂമാൻ എന്ന പേർ പറഞ്ഞതുകൊണ്ടു് ഈ ആളുടെ സ്വഭാവം മുഴുവനും വെളിപ്പെടുകയില്ല. ആകൃതിയിൽ ഭീമനും, അഭ്യാസത്തിൽ ഹനൂമാനും, ഭക്ഷണത്തിൽ ബകനും, സ്വഭാവത്തിൽ ഭ്രാന്തനും ആണ്. ഇവയൊന്നിലും ഹനൂമാനെ കിടപിടിക്കുവാൻ അവിടെ ആരും ഉണ്ടായിരുന്നില്ല. ഈ വിവരം ഹനൂമാൻ അറിഞ്ഞിട്ടുണ്ടോ എന്ന നിശ്ചയമില്ല.

കിക്കൻപാച്ചൻെറ ശ്രുതി മറ്റൊരു വിധത്തിലാണ്. ഈ പുള്ളിക്കു 45 വയസ്സിൽ അധികമാകുകയില്ല. ജീവകാലത്തിൽ അധികഭാഗവും ഇതുവരെ ജെയിലിന്നകത്തുതന്നെയാണ കഴിച്ചിരിക്കുന്നതു. ഈ സ്ഥിതിക്കു മേലിലും വ്യത്യാസം വരുമൊ എന്നു സംശയമാണ്. 'കിക്കൻ' എന്നു മററുള്ളവർ വിളിക്കുന്നുണ്ടെങ്കിലും താൻ വാസ്തവത്തിൽ അങ്ങിനെ ആണെന്നു പാച്ചന്നു വിശ്വാസമില്ല. ജെയിലിൽ നടക്കുന്ന അഴിമതികളെ അധികാരസ്ഥന്മാരെ അറിയിക്കുന്നതു തൻെറ മുറയാണ്. ഇത്ര അഴിമതികൾ ഇവിടെ ഉണ്ടായാൽ ആളുകൾ എങ്ങിനെ ഇവിടെ കഴിച്ചുകൂട്ടും? സാധാരണ തടവുകാർ വന്നു് കുറെകാലം കഴിഞ്ഞാൽ പോകും. അതുകൊണ്ടു ജെയിലിനെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അവർ അത്ര ശ്രദ്ധയുണ്ടാകുവാൻ തരമില്ല. പാച്ചൻെറ സ്ഥിതി അങ്ങിനെയല്ല തൻെറ ജീവകാലം മുഴുവനൊ മുക്കാലുമൊ അവിടെ കഴിച്ചുകൂട്ടേണ്ടതാണ്. അതുകൊണ്ടു് ജെയിലിനെ നന്നാക്കേണ്ടത് തൻെറ വലിയ ഒരു കടമയായിട്ടാണ് പാച്ചൻ കരുതുന്നതു്. പല ഹരജി

കളും പാച്ചൻ അധികാരസ്ഥന്മാൎക്കു അയക്കും. ഇതിൽ ജയിലിലെ സകലഉദ്യോഗസ്ഥന്മാരെപ്പററിയും ആക്ഷേപിക്കും. പാച്ചന്നു എഴുതുവാൻ നിശ്ചയമില്ല. കാൎയ്യങ്ങൾ താൻ പറഞ്ഞുകൊടുക്കും. ആരെക്കൊണ്ടെങ്കിലും എഴുതിക്കും. പാച്ചന്ന് പലപ്പൊഴും ജെയിൽശിക്ഷ കിട്ടാറുണ്ട്. ഒരിക്കൽ 24 അടി പാച്ചനും 12 അടി എഴുതിയ ആൾക്കും കൊടുത്തു. പാച്ചൻ യാതൊരു ക്ലേ സലും കൂടാതെ അടി മുഴവനുംകൊണ്ടു. മററപ്പുള്ളികാരോ അടി കൊള്ളുമ്പോഴും നിലവിളിച്ചിരുന്നതു ദൂരത്തുനിന്നു കേട്ടിരുന്ന ഞങ്ങൾക്ക് മൎമ്മഭേദകമായിതോന്നി. ഇതും ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ വെളിപ്പെടുത്തുവാനുള്ള മറെറാരു തെളിവായിട്ടുമാത്രമെ പാച്ചൻ കരുതിയിട്ടുള്ളു.

ആററിങ്കൽ ആലിയാരോളം കേൾവി കേട്ട തടവുകാർ അവിടെ ആരും തന്നെ ഉണ്ടായിരുന്നില്ല. ആലിയാര ഒരു മുഹമ്മദീയനാണ്. അറബിയും, മലയാളവും നല്ലപോലെ എഴുതും. ആലിയാർ ഇപ്പോൾ രണ്ടാമതൊ മൂന്നാമതൊ ആണ തടവിലേക്ക വരുന്നതു. കളവു, പുര ചുടൽ മുതലായ കുററങ്ങൾക്കാണ ശിക്ഷ അനുഭവിക്കുന്നതു. ആലിയാരെപ്പററി പല കഥകളും കെട്ടിട്ടുണ്ട്. ജെയിലിൽനിന്നു പുറത്തപോയാൽ ആ ദിക്കിലുള്ളവൎക്കെല്ലാം ഭയമായി. അവരുടെ ചക്കയും, വാഴകലയും, നാളികേരവും, എല്ലാം ആലിയാൎക്കുള്ളതാണ. ആലിയാർ വേണമെന്നു പറഞ്ഞാൽ കൊടുക്കുകയെ ഉടമസ്ഥന്ന നിവൃത്തിയുള്ളൂ. സ്ത്രീകൾക്കു

കൂടി രക്ഷയില്ലെന്നാണ പറയുന്നതു. വീട്ടുകാരെയും, നാട്ടുകാരെയും ഒരുപോലെ ഉപദ്രവിക്കും. ഒരിക്കൽ തന്റെ ഭാൎയ്യ അച്ഛന്റെ വീട്ടിലായിരുന്നു പാൎത്തിരുന്നതു. ആലിയാർ അവിടേക്ക കയറിച്ചെന്നു. വെറെ സ്ത്രീകളും അവിടെ ഉണ്ടായിരുന്നുവത്രെ. അറിയിച്ചിട്ട വേണ്ടെ അകത്തേക്ക പോകുവാൻ എന്ന വീട്ടുകാർ അയാളോട്ട പറഞ്ഞുവത്രെ. ഓ, ഹൊ, അങ്ങിനെയാണൊ എന്ന പറഞ്ഞ് പിറ്റെ ദിവസം പോകുമ്പോൾ നാഗസ്വരക്കാരെ കൂട്ടി കൊട്ട വാദ്യത്തോടുകൂടി 'ആലിയാർ വരുന്നു, ആലിയാർ വരുന്നു' എന്നും പറഞ്ഞ അവിടെ കയറി അവരെയെല്ലാം അടിച്ചു പുരക്ക തീയ്യും വെച്ചു. ജെയിലിനു പുറത്തുള്ളതിൽ ഒട്ടും കുറയാത്ത അക്രമങ്ങൾ അതിന്നുള്ളിലും നടത്താറുണ്ട. ആലിയാരുടെ കയ്യിൽനിന്ന അടി കിട്ടാത്ത ഉദ്യോഗസ്ഥന്മാർ ജെയിലിൽ ഇല്ലെന്നുതന്നെ പറയാം. ആരെക്കണ്ടാലും എപ്പോഴും എവിടെവെച്ചും ചീത്ത പറയും. പലതരത്തിലുള്ള ശിക്ഷ ആലിയാൎക്ക കൊടുത്തുനോക്കി. പലപ്രാവശ്യം മുക്കാലിയിൽ കെട്ടി തല്ലി. കയ്യിന്നും കാലിന്നും ചങ്ങലവെച്ച ഏകാന്ത തടവിൽ ഇട്ടു. അതുകൊണ്ടൊന്നും ആലിയാൎക്ക യാതൊരു കൂസലും ഇല്ല. ഒരിക്കൽ സുപ്രഡേണ്ടിനെ അടിച്ചിട്ട അടുത്തുണ്ടായിരുന്ന പുള്ളികളും വാർഡർമാരുംകൂടി ആലിയാരുടെ ഒരു കയ്യ തല്ലിയൊടിച്ചു. എന്നിട്ടും മറ്റെ കയ്യിനെ ഭയപ്പെട്ട ആരും ആലിയാരുടെ അടുത്ത പോകാറില്ല. പലപ്പോഴും ഭക്ഷണം കഴിക്കുവാൻ കൂട്ടാക്കുകയില്ല. എന്നാൽ കുഴൽ മാൎഗ്ഗമായി ഭക്ഷണം അകത്തേക്ക കട

ത്തും. വല്ല നരിയുടെയോ സിംഹത്തിൻെറയോ കൂട്ടിലേക്കു കടക്കുന്നതുപോലെയാണ് ആലിയാക്ക ഭക്ഷണം കൊടുക്കുവാൻ അകത്തേക്കു കടക്കുക. ഇപ്പോൾ ആലിയാരെ പ്രത്യേകം ഒരു മുറിക്കകത്ത് ഇട്ടിരിക്കുകയാണ്. അതിൽനിന്നു പുറത്തേക്കു ഇറക്കുക പതിവില്ല. ഒരു ദിവസം കുളിപ്പിക്കുവാനായി രണ്ടു മൂന്നു വാർഡർമാരും മററുംകൂടി പുറത്തേക്കു കൊണ്ടുവന്നു. കുളിക്കുവാൻ ചൂടുവെള്ളംവേണമെന്നായി. അതു കൊണ്ടുവരുവാൻ കുറെ വൈകി. വെള്ളം കൊണ്ടുവന്നപ്പോൾ അടുത്ത്നിന്നിരുന്ന വാർഡക്ക 'ഇത്ര താമസിക്കുവാനെന്താ' എന്നും പറഞ്ഞ് നല്ല അടികൊടുത്തു. മുറിക്കകത്ത ഇരിക്കുമ്പോഴും അവിടെ പോകുന്നവക്ക ഭയമാണ. എന്തെങ്കിലും, ചീത്തപറയും; തുപ്പുകയും ചെയ്യും. ജെയിൽ ഉദ്യോഗസ്ഥന്മാരായാലും തരക്കേടില്ല, വാർഡർമാരായാലും തരക്കേടില്ല, എല്ലാവരും ആലിയാക്ക ഒരുപോലെതന്നെ. ഇതുപോലെ ഒരു തടവുകാരൻ അവിടെ ഇതിന്നുമുമ്പ വന്നതായി ആക്കും അറിവില്ലത്രെ. നൂറ തടവുകാരെ നോക്കുവാനുള്ള ബുദ്ധിമുട്ട ഈ ഒരു പുള്ളിയെ നോക്കുവാൻ ഉണ്ട്. ജെയിൽ കാണുവാൻ വരുന്നവക്ക ആലിയാർ ഒരു പ്രത്യേക കാഴ്ചയാണ്. ഇത ഒരുവക ഭ്രാന്തൊ, അതൊ വെറും കുറുമ്പൊ എന്ന തീച്ചപറയുവാൻ തരമില്ല. കുറുമ്പ് മാത്രമാണെന്നാണ ജെയിലിലുള്ളവരുടെ അഭിപ്രായം. മററുള്ളവരുടെ ഈ അഭിപ്രായത്തെയും ആലിയാർ വിലവെക്കുവാൻ നിശ്ചയിച്ചിട്ടില്ല.

തടവുകാരെ പണിക്ക് കൊണ്ടുപോകുവാനും മററുമായി ഏകദേശം 100 വാർഡർമാരോളം ഇവിടെ ഉണ്ടെന്നു പറഞ്ഞുവല്ലൊ. വാർഡർമാരുടെയെല്ലാം മേലധികാരിയാണ ചീഫ് വാർഡർ. വാർഡർമാൎക്ക് പ്രവൃത്തി തിരിക്കുക ഈയാളുടെ മുറയാണ്. ആയാളുടെ കീഴിൽ എട്ടുപത്തു ഹെഡ് വാഡർമാർ ഉണ്ടു. ബാക്കി തൊണ്ണൂറോളം സാധാരണ വാർഡർമാരാണ്. ഇവരാണ് പ്രവൃത്തി നോക്കുന്നതു. ഇവരുടെ ജോലിയും ശമ്പളവും ആലോചിച്ചാൽ കുറെ വിദ്യാഭ്യാസമുള്ളവർ ആരും ഈ പ്രവൃത്തിക്കു വരുന്നതല്ലെന്നു നിശ്ചയമാക്കാം. പകൽ ആറു മണിക്കൂറ് പ്രവൃത്തിയും രാത്രിയിൽ പാറാവും 11 മുതൽ 13 വരെ ഉറുപ്പിക ശമ്പളവും വേറെ ജോലി കിട്ടാത്തവരെ മാത്രമെ ഈ പണിക്ക് ആകൎഷിക്കുകയുള്ളൂ. കഴിഞ്ഞകൊല്ലത്തെ മദിരാശി സംസ്ഥാനത്തിലെ ജെയിൽ റിപ്പോർട്ടിൽ പുള്ളികളെക്കാൾ അധികം ശിക്ഷ കിട്ടിയിരിക്കുന്നതു വാർഡർമാൎക്കാണെന്നു കണ്ടു. അത അങ്ങിനെയാവാനെ തരമുള്ളൂ. ചുരുങ്ങിയ ശമ്പളം, വിദ്യാഭ്യാസമില്ലായ്മ, കള്ളന്മാരുമായുള്ള സഹവാസം, ഇത് സാമാന്യക്കാരെ ചീത്തയാക്കാതിരിക്കുകയില്ല. ഏതു ജെയിലിലും വാർഡർമാരുടെ സ്ഥിതി ഇതുതന്നെയാണ്. തിരുവനന്തപുരം ജെയിലിലെ വാർഡർമാരുടെ സ്ഥിതിയും അങ്ങിനെതന്നെ. 11 ക കൊണ്ടു ഒരു കുടുംബം കഴിയുന്നതെങ്ങിനെ? മററുള്ള ആപ്പീസ്സുകളിൽ പ്രവൃത്തി എടുക്കുന്നവൎക്ക് രാത്രിയും, ഞായറാഴ്ച [illegible] നാദിവസങ്ങളിലും ഒഴിവുണ്ട്. ഇ [illegible] ഈ ശമ്പള

MUL
034879

ത്തിൽതന്നെ മിക്കമാസങ്ങളിലും കുറെ സംഖ്യ പിഴയായി പിടിച്ചുവെന്ന വന്നേക്കാം. ചിലപ്പോൾ പ്രവൃത്തിയിൽ നിന്ന് സസ്പെണ്ട് ചെയ്തുവെന്നും വരാം. പുള്ളികളുടെ വീഴ്ചകൾക്കെല്ലാം ഇവർ സമാധാനം പറയണം. ഒരുത്തൻ ചാടിപോയാലും, തൂങ്ങി മരിച്ചാലും, കിണററിൽ ചാടിയാലും ഉദ്യോഗം പോകുന്നതു വാർഡന്മാരുടെതാണ്. ഈ വക അപകടങ്ങൾ ചെയ്യുമ്പോൾ അവർ മുൻകൂട്ടി വാർഡർമാൎക്ക അറിവുകൊടുക്കവാനും തരമില്ലല്ലൊ. കയ്യിന്നും കാലിന്നും വലിയ ചങ്ങലയിട്ട് പൂട്ടി "ജെലാം, ജെലാം" എന്ന ശബ്ദത്തോടുകൂടി ആനയെപോലെനടക്കുന്ന ചില തടവുകാരെ കാണാം. ഇവരിൽ പലരും ചാടിപോകുവാൻ ശ്രമിച്ചിട്ടുള്ളവരാണ്. ഞായറാഴ്ച പണിയില്ലല്ലൊ. അന്ന് ഊണും കഴിഞ്ഞ് ഉച്ചസമയത്ത എല്ലാവരും സ്വസ്ഥമായിരിക്കും. ഒരു ഞായറാഴ്ച ഉച്ചസമയത്ത് മൂന്നുതടവുകാർ ചാടിപോകുവാൻ ഉറച്ചു. വളരെദിവസങ്ങൾമുമ്പുതന്നെ ഇവർ ഒരുക്കങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. ജെയിലിൽനിന്ന് പുറത്തേക്ക വെള്ളംവിടുന്നതിന്നു വലിയ ഓവുകൾ ഉണ്ട്. അതിൽക്കൂടി ഇറങ്ങി രണ്ടാളുകൾ ചാടിപോയി. മൂന്നാമത്തെവൻ പോകുമ്പോൾ അവനെ കണ്ടുപിടിക്കൂടി. അവൻെറ ചങ്ങാതിമാരെ പിന്നെ നാലൊ അഞ്ചൊ മാസം കഴിഞ്ഞതിന്നുശേഷമാണ പിടികിട്ടിയതു. കുറെകാലങ്ങൾക്കമുമ്പു ഇവിടെ ഒരു ശ്രുതിപ്പെട്ട കള്ളനുണ്ടായിരുന്നു. അവനെ എപ്പോഴും കാലിൽ ചങ്ങല ഇട്ടിട്ടായിരുന്നുവെച്ചിരുന്നതു. കാലിൽ

ചങ്ങലയിട്ടാൽ ഇഷ്ടംപോലെ നടക്കുവാൻകൂടി പ്രയാസമാണ്. രാത്രിയിൽ ഒരു മുറിയിൽ പ്രത്യേകമായിട്ടാണ ഇവനെ ഇട്ടു പൂട്ടിയിരുന്നതു. ചാടിപ്പോകുവാനുള്ള ഒരുക്കങ്ങൾ വളരെ ദിവസമായി മനസ്സിൽ ചെയ്തുവരികയായിരുന്നു. വാർഡർ രാത്രിയിൽ മുറിയുടെ മുമ്പിൽ പാറാവുണ്ടാകും. മുറിക്കു പുറത്തുവന്നാൽതന്നെ മതിലിന്നു വെളിയിൽപോകുവാൻ പ്രയാസമാണ്. പോരെങ്കിൽ ഇവന്റെ കാലിൽക്കു ചങ്ങലയും ഉണ്ടു്. എങ്കിലും ഈ പ്രതിബന്ധങ്ങൾ എല്ലാം കടന്നു പുറത്തു് ചാടി. കുറെ ദിവസങ്ങളോളമായി പൂട്ടു് തകരാറാക്കുവാൻ തുടങ്ങീട്ടുണ്ടായിരുന്നു. വാർഡർ താക്കോൽകൊണ്ടു പൂട്ടിയാലും ഉള്ളിൽ കൊളുത്ത് പെട്ടിരുന്നില്ല. അത വലിച്ചുനോക്കിയാൽ അറിയാമായിരുന്നു. പൂട്ടിനെ അവൻ ആ തരത്തിൽ ആക്കിവെച്ചു. ഒന്നു രണ്ടു ദിവസം രാത്രിയിൽ പരീക്ഷിച്ചുനോക്കുകയും ചെയ്തു. അതിനാൽ പൂട്ടിയാലും മുറി തുറക്കാമെന്നു തീർച്ചവന്നു. പിന്നത്തെ പ്രതിബന്ധം വാർഡരാണ്. പാറാവാണെങ്കിലും തടസ്ഥംകൂടാതെ വാർഡർമാർ ഉറങ്ങുന്നത അസാധാരണയല്ല. അവൻ തരംകാത്തു കിടക്കുകയായിരുന്നു. വാർഡർ നല്ല ഉറക്കമായി എന്നു കണ്ടപ്പോൾ വാതിൽ മെല്ലെ തുറന്നു പുറത്തേക്കു് വന്നു സാവധാനത്തിൽ പുറമതിലിന്റെ അരികിൽ എത്തി. പുറമതിൽ ഏകദേശം 16 അടി ഉയരമുണ്ട്. മൃതശരീരങ്ങളെ മറവ് ചെയ്യുവാൻ കൊണ്ടുപോകുവാനുള്ള പെട്ടി അതിന്നരികെ വെച്ചിട്ടുണ്ടായിരുന്നു. അത മതിലിൽ ചാരിവെച്ചു മതിലിന്മേൽകയറി. പിന്നെ മതിലിന്റെ

മുകളിൽക്കൂടി അടുത്തുള്ള ഒരു പിലാവിന്മേൽ കയറി. പിലാവിന്മെൽനിന്ന് ഇറങ്ങി ചങ്ങലയും ആയി രണ്ടുമൂന്നു നാഴിക ദൂരം നടന്നു. അപ്പോഴേക്ക് നേരം പുലൎന്നു. അടുത്തുണ്ടായിരുന്നവരിൽ ചിലൎക്ക് ഇതു കണ്ട് സംശയംതോന്നി പിടിച്ചുപോലീസിൽ ഏല്പിച്ചു. തിരികെയും അവനെ തടവിലേക്കുതന്നെ കൊണ്ടുവന്നു. ഇതിന്നു സമ്മാനമായി കൂടുതൽ ആറുമാസവുംകൂടി ശിക്ഷ കിട്ടി. പാറാവുകാരൻ വാൎഡരുടെ പണിയുംപോയി.

ആത്മഹത്തിചെയ്യുന്നതും ഇങ്ങിനെതന്നെയാണ. ഏതെല്ലാം തരത്തിൽ മനസ്സിന്ന വേദനയുള്ളവർ ജെയിലിന്നകത്തുണ്ട്! തരം കിട്ടിയാൽ ആത്മഹത്തി ചെയ്യേക്കാം എന്നു വിചാരിക്കുന്നവർ എത്രയുണ്ട! ഇവരെ ഭയപ്പെട്ട എന്തെല്ലാം മുൻകരുതൽ ചെയ്യുവാൻ കഴിയുമൊ അതെല്ലാം അധികാരസ്ഥന്മാർ ചെയ്തിട്ടുണ്ട. എന്നിട്ടും ചിലർ ആത്മഹത്തി ചെയ്യുന്നു. ഞങ്ങൾ അവിടെ ഉണ്ടായിരുന്നപ്പോൾ ഒരു ഞായറാഴ്ച പകൽ 2 മണിക്ക ഒരു സംഭവം ഉണ്ടായി. ജെയിലിന്നകത്ത രണ്ടുമൂന്നു കിണറുകൾ ഉണ്ട്. വലിയ അഗാധമായ കിണറുകൾ ആണ്. പുള്ളികളെ കൊണ്ട് വെള്ളം എടുക്കേണ്ടുന്ന സമയം ഒഴികെ ബാക്കി എല്ലാസമയത്തും ഈ കിണറുകൾ പൂട്ടിഇട്ടിട്ടുണ്ടാകും. പ്രസ്തുത ഞായറാഴ്ച ഉച്ചക്ക് കുറെ ആളുകൾ അവിടെനിന്ന് വെള്ളം എടുത്തിട്ടുണ്ടായിരുന്നു. അടുത്ത കെട്ടിൽ ഉണ്ടായിരുന്ന ഒരു തടവുകാരൻ വന്നു കിണററിൽ ചാടി. ഉടനെ ആളുകളെ ഇറക്കി അവനെ എടുക്കുവാൻ ശ്രമിച്ചുവെങ്കിലും സാധി

ച്ചില്ല. പിറ്റെ ദിവസം രാവിലെ പോലീസുകാർ വന്നിട്ടാണ് ശവം എടുത്തതു. ആ കെട്ടിൽ ഉണ്ടായിരുന്ന വാർഡർ എന്തു ചെയ്യും! എങ്കിലും ഇതു കാരണമായി 5 ക പിഴ ആയാൾക്കു കിട്ടി. ഇങ്ങിനെയുള്ള സംഭവങ്ങൾ അവിടെ ഉണ്ടാകുന്നത് ഒട്ടും അസാധാരണയല്ല. ഒരിക്കൽ വാർഡർ കാവൽ നില്ക്കുമ്പോൾ ഒരു തടവുകാരൻ എന്തൊ ഉപായം പറഞ്ഞു അയാളെ കുറെ അകലെ അയച്ചു. അയാൾ പോയ തരം നോക്കി അടുത്തു കിടന്നിരുന്ന ചൂടിപായയിൽനിന്ന ചൂടി പിരിച്ചു കയറുണ്ടാക്കി, വാതിലിൻെറ മേൽ അഴിയിൽ കെട്ടി തൂങ്ങിമരിച്ചു. അവനെകൊണ്ടുള്ള സൊല്ലയും തീൎന്നു. വാർഡരുടെ ഉദ്യോഗവും പോയി.

ഞങ്ങളുടെ കെട്ടിടത്തിൽ പാറാവുണ്ടായിരുന്ന ഒരു വാർഡർ ഒരു ദിവസം രാത്രി കുപ്പായം അഴിച്ചു മറിക്കകത്തു വെച്ചു പുറത്ത ഉറങ്ങുവാൻ കിടന്നു. 'എന്തിന്നാണ കുപ്പായം ഇതിന്നകത്ത വെക്കുന്നതു' എന്നു ചോദിച്ചപ്പോൾ പുറത്തുവെച്ചു എന്നോട്ട ഉറങ്ങിപ്പോയാൽ വല്ല വാർഡർമാരും വന്ന അത് എടുത്തുകൊണ്ടു പോകും' എന്ന പറഞ്ഞു. ഞങ്ങൾക്ക ആഹാരത്തിന്നു തരുന്ന സാധനങ്ങൾ അവിടെ പ്രവൃത്തിഎടുത്തിരുന്ന വെപ്പുകാൎക്കും, അടിക്കുന്നവൎക്കും, പാറാവിന്ന വരുന്ന വാർഡർമാൎക്കും കൊടുക്കുക പതിവുണ്ടായിരുന്നു. ഒരു വെപ്പുകാരൻ തനിക്കുള്ള ഓഹരി അടുക്കളക്കുള്ളിൽ സൂക്ഷിച്ചുവെച്ചു പുറത്തെക്കുപോയിരുന്നു. ഞങ്ങളുടെ വെപ്പുകാർ തടവുകാരാണെന്ന വായനക്കാർക്കാൎക്കുണ്ടായിരി-

ക്കുമെല്ലോ. വെപ്പുകാരൻ പുറത്തെക്കപോയ തരംനോക്കി വാർഡർ അടുക്കളയിൽ കടന്നു അതെല്ലാം എടുത്തു സുഖമായിഭക്ഷിച്ചു. അവൻമടങ്ങിവന്നുനോക്കിയപ്പോൾ സൂക്ഷിച്ചിരുന്ന സാധനങ്ങൾ കാണ്മാനില്ല. പുള്ളികളുടെ കളവു വാർഡർമാർ അറിയുന്നതുപോലെ വാർഡർമാരുടെ കളവ പുള്ളികളും അറിയും. 'ഇവിടെ വെച്ചിരുന്നപലഹാരം എവിടെ?' എന്നു വെപ്പുകാരൻ ചോദിച്ചു. 'എന്ത് പലഹാരം? അവിടെ വെച്ച പോയാലൊ. എപ്പോഴും അവിടെ പൂച്ച വരുന്നതു കാണുന്നില്ലെ' എന്നായി വാർഡർ. 'പൂച്ചയൊന്നുമല്ല അതെടുത്തതു നിങ്ങളാണ്!' എന്നായിപുള്ളി. 'നീ എന്താ എന്നെ വിളിച്ചതു. എന്താ യജമാനൻ എന്ന വിളിക്കാത്തതു?' വാർഡർമാരെ സാധാരണ യജമാനൻ എന്നാണ് പുള്ളികൾ വിളിക്കുക. 'എന്റെ പലഹാരം എടുത്തു തിന്നതുംപോരു,യജമാനൻ എന്ന വിളിക്കയും വേണമത്രെ' എന്നു അവൻ പിറുപിറുത്തു. വാർഡർ ഇത് കേട്ടു കയ്യിലുണ്ടായിരുന്ന വടി ഉയർത്തി പുള്ളിയെനോക്കി "മിണ്ടിപോകരുത്" എന്ന് പറഞ്ഞു. വേറൊരിക്കൽ മുററം അടിക്കുന്ന ഒരു തടവുകാരന്നു കൊടുത്തിരുന്ന പലഹാരം അവൻ അവിടെ വെച്ചു ചൂൽ എടുക്കുവാൻ പോയിവരുമ്പോഴേക്കു വാർഡർ എടുത്തു തിന്നു. ആ സാധു വന്നുനോക്കിയപ്പോൾ അതു അവിടെ ഒന്നും കണ്ടില്ല. വാർഡർ ഒരു കയ്യാംഗ്യംകൊണ്ട് അവന്ന് കാര്യം മനസ്സിലാക്കി ആക്ഷേപിച്ചിട്ട് ഫലമില്ലെന്നുവെച്ച് അവൻ ആശ്വസിച്ചിരിക്കുകയും ചെയ്തു.

ദീൎഘകാലത്തെക്ക ശിക്ഷിക്കപ്പെട്ട തടവുകാരെ നാലും അഞ്ചും കൊല്ലം കഴിഞ്ഞാൽ കോൺവിക്ട വാർഡർമാരാക്കും. അവൎക്ക പ്രത്യേകം ഉടുപ്പുണ്ട. മാസത്തിൽ 8 ണ ശമ്പളവും കൊടുക്കും. ഇവൎക്ക വെപ്പും പ്രത്യേകമായിട്ടാണ്. കോൺവിക്ട വാർഡർമാർ സാധാരണ വാർഡർമാരെക്കാൾ പുള്ളികളെ ദ്രോഹിക്കും എന്നാണ് കേൾവി. ഇവൎക്ക ജെയിലിന്ന പുറത്ത പോകുവാൻ പാടില്ല. അകത്ത മറെറ വാർഡർമാരെപോലെ തന്നെ ഇവൎക്ക സ്വാതന്ത്ര്യം ഉണ്ട്.

വാർഡർമാരുടെ സ്ഥിതിയും ശമ്പളവും കയററാതെ ഈ നിലക്ക ഭേദംവരുവാൻ പ്രയാസമായിരിക്കും. ചുരുങ്ങിയ ശമ്പളം 15 ക ആയിരിക്കണം. ഇപ്പോൾ ഉള്ള 11- 12- 13-ക ക്ക പകരം മൂന്ന ഗ്രേഡിന്ന 15- 18- 20-ഇങ്ങിനെ ശമ്പളം കയററി കൊടുക്കണം. അവരെ നിശ്ചയിക്കുന്നതിൽ വിദ്യാഭ്യാസഗുണങ്ങൾ ഉള്ളവരെ തിരഞ്ഞെടുക്കണം. അവരെ കവാത്ത് ശീലിപ്പിക്കുന്നതുപോലെതന്നെ തടവുകാരോട പെരുമാറുവാനുള്ള രീതിയെ സംബന്ധിച്ച് മാസത്തിൽ ഒന്നോ രണ്ടോ ക്ലാസ് വെച്ച പറഞ്ഞ കൊടുക്കണം. ആടുകളെയൊ, മാടുകളെയൊ പോലെയാണ അവർ ഇപ്പോൾ തടവുകാരെ വിചാരിക്കുന്നതു. പുള്ളികൾ മനുഷ്യരാണെന്ന കഥ വാർഡർമാർ മറന്നിരിക്കുന്നു എന്നു തന്നെ പറയണം. അധഃപ്പതിച്ച് മനുഷ്യരെ പൂൎവ്വാധികം താഴ്ത്തുവാനുള്ള ഒരു സ്ഥലം മാത്രമാണ ഇപ്പോഴത്തെ ജെയിലുകൾ. അവ അവരെ ഉയൎത്തുവാനൊ നന്നാക്കുവാനൊ ഉള്ളതല്ല.

# എട്ടാം അദ്ധ്യായം.

പാൎത്താൽ
പാരാകെക്കാലലീലാവശഗമതുമറി
ച്ചാക്കുവാനാക്കുശക്യം?

അസ്തമനസമയത്തിന്നു് മനസ്സിനെ ചിന്തയിൽ ലയിപ്പിക്കുവാൻ ഒരു പ്രത്യേക ശക്തിയുണ്ടു. കാലത്തിന്നും വാൎദ്ധക്യമുണ്ടെന്നറിയുന്നതു അപ്പോൾ മാത്രമാണു. ആദിത്യഭഗവാനിൽ ജ്വലിച്ചിരുന്ന അഗ്നിയെല്ലാം കത്തി ദഹിച്ചിരിക്കുന്നു. മഴവന്നും കെട്ടു കഴിയുന്നതിന്നു മുമ്പായി ഉണ്ടാകുന്ന ആ മങ്ങിയ പ്രഭമാത്രം ആകാശത്തിൽ കാണുന്നുണ്ടു. അതിൽനിന്നു പുറപ്പെടുന്ന പുകയോ എന്നു തോന്നുമാറു നീലവും ചുവപ്പും കലൎന്ന നിറം അസ്തമനസൂൎയ്യന്റെ ക്ഷയിച്ചുവരുന്ന പ്രഭക്കു് ആനന്ദകരമായ അഴകിനെ കൊടുക്കുന്നു. ഈ നേരത്താണ് വൈകുന്നേരത്തെ ഭക്ഷണം കഴിഞ്ഞു് ജയിലിന്റെ മുററത്തു സാധാരണയായി ഞങ്ങൾ നടന്നുകൊണ്ടിരിക്കുക. അസ്തമനം കഴിഞ്ഞു് അന്ധകാരം അണഞ്ഞതിന്നു ശേഷം ആകാശത്തിൽ ഉദിച്ചുകാണുന്ന നക്ഷത്രങ്ങളെ നോക്കേണ്ടതാണ്. ഓരോനിമിഷം കഴിയുന്തോറും പുതിയ നക്ഷത്രങ്ങൾ പ്രത്യക്ഷമാകുന്നു. 7 മണി കഴിയുമ്പോഴെക്കു് നീലനിറത്തിലുള്ള മേലാപ്പിൽ അവിടവിടെ കെട്ടിതൂക്കിയിരിക്കുന്ന രസക്കുടുക്കകളെപോലെ ആകാശമെ

ല്ലാം തിളങ്ങികൊണ്ടിരിക്കുന്ന നക്ഷത്രങ്ങളാൽ നിറയ
പ്പെട്ടു. ഭൂമിയിൽനിന്നു് സൂൎയ്യങ്കലേക്കു് 9½ കോടി നാഴി
കദൂരമുണ്ടത്രെ! ഈ കാണുന്ന നക്ഷത്രങ്ങളെല്ലാം സൂൎയ്യ
നെക്കാൾ എത്രയോ അകലെയാണു സ്ഥിതിചെയ്യുന്ന
തെന്നും പറയുന്നു. ഭൂമിയെക്കാൾ ലക്ഷം ഇരട്ടി വലുപ്പമു
ള്ളതാണത്രെ സൂൎയ്യൻ! എങ്കിലും ഈ കാണുന്ന നക്ഷത്ര
ങ്ങളിൽ മിക്കവയും സൂൎയ്യനെക്കാൾ എത്രയോ വലുപ്പ
മുള്ളവയാകുന്നു. മനുഷ്യന്റെ നേത്രങ്ങൾക്കും, ശക്തിയു
ള്ള ദൂരദർശിനി കണ്ണാടികൊണ്ടു നോക്കിയാൽക്കൂടിയും
ഗോചരമല്ലാത്ത എത്ര കോടി നക്ഷത്രങ്ങൾ വേറെ ഉ
ണ്ടായിരിക്കും! നിരീശ്വരമതക്കാരനെ വിസ്മയിപ്പിക്കു
ന്ന നക്ഷത്രജാലങ്ങളാൽ നിറയപ്പെട്ട ആകാശത്തെ
കണ്ടു

പ്രപഞ്ചമേ! നീപലദുഃഖജാലം
നിറഞ്ഞതാണെങ്കിലു മിത്രമാത്രം
ചേതോഹരക്കാഴ്ചകൾ നിങ്കലുള്ള
കാലത്തു, നിൻ പേരിലെവൻ വെറുക്കും?

എന്നു് നാം അറിയാതെ നിലവിളിച്ചു പോകുന്നു.
എന്തൊരു ശക്തി ഇവയെയെല്ലാം സൃഷ്ടിച്ചു? ഈ ന
ക്ഷത്രങ്ങളെ ആശ്രയിച്ചു നോക്കുമ്പോൾ ഭൂമിയുടെ വലി
പ്പം എത്ര തുഛം! എങ്കിലും ആ ഭൂമിയിൽ ഒരു ദിവ
സം നടക്കുന്ന സംഭവങ്ങൾ ആലോചിച്ചു നോക്കുക.
ലക്ഷം കുട്ടികൾ പുതിയതായി ജനിക്കുന്നു. അസംഖ്യം
മരണങ്ങളും ഉണ്ടാകുന്നു. ഇതുകൂടാതെ എത്ര ജീവജാല
ങ്ങൾ നിമിഷന്തോറും ജനിക്കുകയും മരിക്കുകയും ചെ

യ്യുന്നു! അതിലെ മനുഷ്യരുടെ കഷ്ടതകഠം എത്ര അവ ര്ണ്ണനീയം. ഇത്ര മനോഹരമായ ലോകത്തെ ചിന്തിച്ച സൃഷ്ടിച്ച ആ മഹാശക്തി തൻെറ സൃഷ്ടികളുടെ കഷ്ടതകഠം കണ്ടു പൊറുക്കുന്നതെങ്ങിനെ? കഞ്ഞിയില്ലാതെ കഷ്ടപ്പെടുന്നവർ കോടികോടിയുണ്ടു. മഹാവ്യാധി പിടിച്ച ദണ്ഡം അനുഭവിക്കുന്നവർ ലക്ഷകണക്കായി ഉണ്ടാകും. ഇതാ വലിയൊരു ഭൂകമ്പം ഉണ്ടായി അനേകായിരം ജനങ്ങഠം നശിക്കുന്നു. മറെറാരു സ്ഥലത്തു ക്ഷാമംകൊണ്ടു എത്രയോ മനുഷ്യർ മരിക്കുന്നു. ചിലരെ മററു ചിലർ പിടിച്ചടക്കിയിരിക്കുന്നു. ചിലർ പട്ടിണികൊണ്ടു മരിക്കുന്നു. മററു ചിലർ പായസം കഴിച്ചു സുഖിക്കുന്നു. രണ്ടു കൂട്ടരും ഈശ്വരനെ സേവിക്കുന്നു. പല കാരണങ്ങളും പറഞ്ഞു മനുഷ്യർ ഇവയെല്ലാം വ്യക്തമാക്കുവാൻ ശ്രമിക്കുന്നു. പല സംശയങ്ങളും പിന്നെയും ബാക്കിയാകുന്നു. എത്ര ബുദ്ധിയുള്ള മനുഷ്യൻെറയും ബുദ്ധിശക്തിക്കു് ഒരു അതൃത്തിയുണ്ടു. അതിന്നപ്പുറം കടക്കുവാൻ ആരാലും സാധിക്കുന്നതല്ല. വേദാന്തികഠം എന്തുതന്നെ പറയട്ടെ. തത്വജ്ഞാനികഠം എന്തുതന്നെയുപദേശിക്കട്ടെ. ഗ്രന്ഥങ്ങളിൽ എന്തുതന്നെ പ്രസ്താവിച്ചുകൊള്ളട്ടെ. അവനവൻെറ വിശ്വാസം അവനവൻ തന്നെ ഉണ്ടാക്കണം. പക്ഷെ ഈ ആലോചനകളും ചെയ്തു എത്രനേരമെങ്കിലും മുററത്തു നടക്കുവാൻ പാടില്ല. വാർഡർ ചുമയ്ക്കുന്നു. താക്കോൽ കുലുക്കുന്നു. വാതിലിന്മേലേക്കു നോക്കുന്നു. മുറിക്കകത്തു ക

ടക്കുവാൻ സമയമായി എന്നു മാത്രമല്ല വൈകിയു മിരിക്കുന്നു.

മുറിക്കകത്തു കടന്നു വിളക്കെടുത്തു മേശപ്പുറത്തുവെ ച്ച് വായിക്കുവാനായി ഒരു പുസ്തകം എടുത്തു. 8 മണി ആകുമ്പോഴേക്കു ജെയിൽ നിശ്ശബ്ദമായിരിക്കും. വായിക്കു വാൻ ശ്രദ്ധവരുന്നില്ല. മനസ്സു എവിടെയെല്ലാമൊ പോകുന്നു. തടവുകാരുടെ മുറിയിൽനിന്നു രാമനാമം ജപിക്കുന്നതു കേൾക്കുന്നുണ്ടു. ക്രിസ്തുവിനെ സ്തുതിച്ചു കൊണ്ടുള്ള കീർത്തനങ്ങളും മറ്റൊരു മുറിയിൽനിന്നു് കേൾക്കുന്നു. അകലെനിന്നു കുറുക്കന്മാർ നിലവിളിക്കു ന്നുണ്ടു. ഒരിക്കൽ ഒന്നായിചേൎന്നു നിലവിളിക്കും; നി ത്തിയാൽ ഉടനെ രണ്ടാമതും തുടങ്ങും. മതിലിന്നരികെ യുള്ള വൃക്ഷങ്ങളിൽ വന്നിരിക്കുന്ന ആവൽപക്ഷികൾ ചിറകടിച്ചുകൊണ്ട് ഇടക്കിടെ കരയുന്നു. സ്വല്പം അക ലെനിന്നു ഓളിയിടുന്ന നായ്ക്കളുടെ ഭയങ്കരശബ്ദങ്ങളും, അവിടെനിന്നു കുറെ ദൂരെയുള്ള ഒരു വൃക്ഷത്തിൽ ഇരിക്കു ന്ന മൂങ്ങ, അന്ധകാരത്തെകണ്ടാനന്ദിക്കുകയാണെങ്കി ലും, പുറപ്പെടുവിക്കുന്ന ശബ്ദവും കൎണ്ണത്തിന്നു് അസുഖ വും മനസ്സിന്നു ഒരിളക്കവും ഉണ്ടാക്കുന്നു. ഇതെല്ലാം പോരെങ്കിൽ അതാ അടുക്കളയുടെ പിൻഭാഗത്തുനിന്നാ രണ്ടു പൂച്ചകൾ മത്സരിച്ചു നിലവിളിക്കുന്നു. ഞങ്ങൾ പാൎത്തിരുന്ന വാൎഡിന്റെ വലത്തുഭാഗത്തു അടുത്തുള്ള സ്ഥലം കൊലക്കുററത്തിന്നു മരണശിക്ഷ വിധിച്ചിട്ടുള്ള വരെ പാൎപ്പിക്കുവാനുള്ളതാണ്. അതിന്റെ നേരെ പിൻഭാഗത്താണ് തൂക്കുമരം നില്ക്കുന്നതു. ഞങ്ങൾ പാ

ത്തിരുന്നകാലത്തു മരണശിക്ഷ വിധിക്കപ്പെട്ടവരൊന്നും തടവിൽ ഉണ്ടായിരുന്നില്ല. എങ്കിലും പലരുടെ കഥയെപററിയും കേൾക്കുവാൻ ഞങ്ങൾക്കിടവന്നിരുന്നു. പുസ്തകം മുമ്പിൽ ഇരുന്നിരുന്നുവെങ്കിലും വലത്തുഭാഗത്തെ മുറിയിൽ കുറെകാലങ്ങൾ മുമ്പു ഇരുന്നിരുന്ന ഒരു കൊലപാതകൻെറ സ്വരൂപമാണ് എൻെറ മനസ്സിൽ പ്രത്യക്ഷമായതു.

ആ ചെറിയ മുറിക്കകത്തു ഒരു കാൽ ചമ്രംപടിഞ്ഞ് മറെറകാൽ കുനിച്ച് വലത്തു കൈ താടിയിലും വെച്ചു ഇരിക്കുന്ന മനുഷ്യനെ എനിക്കു കാണാറായി. വയസ്സ് 40 കഴിഞ്ഞിരിക്കുന്നു, ഒത്ത ഉയരം, മെലിഞ്ഞ ദേഹം, ഇരുനിറം, ദൃഷ്ടി അടുത്തുവെച്ചിരിക്കുന്ന വിളക്കിന്മേൽ പതിഞ്ഞിരിക്കുന്നു. പാറാവിനുള്ള വാർഡർ ഇടക്കിടെ ജനലിൽക്കൂടി മുറിക്കകത്തേക്കുനോക്കി അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടിരിക്കുന്നു. പിറെറദിവസം കാലത്തു തൂക്കുവാനുള്ള ഒരു പുള്ളിയാണ് അതിന്നകത്തിരിക്കുന്നതു. വരുവാൻപോകുന്ന അദൃഷ്ടത്തേയും കഴിഞ്ഞുപോയ കാലത്തേയും പററി ഓരോന്നു വിചാരിക്കുകയാണ്. സ്ലേററും പുസ്തകവും കയ്യിലെടുത്തു സ്കൂളിലേക്കുള്ള യാത്രയും, പെൻസിൽ വാങ്ങുവാനായി കാശു ചോദിച്ചുകൊണ്ടു കരഞ്ഞുനിന്നതും, പാഠമാല പഠിക്കാതെ വാദ്ധ്യാർ ബെഞ്ചിന്മേൽ കയററിനിൎത്തിയതും, പെൻസിൽ വാങ്ങുവാൻകൊടുത്ത കാശുകൊണ്ടു തൻെറ ക്ലാസ്സിൽ പഠിച്ചിരുന്ന ചില കുട്ടികൾ ഒന്നിച്ചു അടുത്തുള്ള പീടികയിൽപോയി കൽകണ്ടം വാങ്ങിതി

ന്നതും, പരീക്ഷയിൽ തോററുപോയതറിഞ്ഞു അച്ഛൻ തല്ലിയതും, അമ്മ എടുത്തുകൊണ്ടുപോയതും എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ ആ മനുഷ്യനുതോന്നി. ആറാംക്ലാസ്സിൽ രണ്ടാമത്തെപ്രാവശ്യം തോററിട്ടു കൃഷിപ്രവൃത്തിനോക്കുവാനായി അമ്മാമൻ പറഞ്ഞയച്ച ദിവസത്തെ സംഭവം തന്റെ മനസ്സിൽ തെളിഞ്ഞുകണ്ടു. അമ്മാമന്റെ സേവകൻ രാമൻനായരുടെ ഉപദേശപ്രകാരമാണ് തന്റെ പഠിപ്പു നിൎത്തിയത് എന്നുള്ളതിനു യാതൊരു സംശയവും അയാൾക്കില്ലായിരുന്നു. കുടുംബത്തിലേക്കുള്ള സകല ദ്രോഹങ്ങളും വലിച്ചിടുന്നതു രാമൻനായർതന്നെയായിരുന്നു. ചിലവിനുകിട്ടാഞ്ഞു അമ്മയും സഹോദരിയും പട്ടിണികിടന്നു കരഞ്ഞതും അതേ ദിവസംതന്നെ ആറേഴു പഴക്കുലയും, നാളികേരവും കൂലിക്കാരെക്കൊണ്ടെടുപ്പിച്ചു രാമൻനായർതന്നെ അമ്മാമന്റെ ഭാൎയ്യ വീട്ടിലേക്കുകൊണ്ടുപോയതും വഴിക്കൽകണ്ടു അയാളെ ചീത്തപറഞ്ഞതും വിചാരിച്ചു താൻ അറിയാതെതന്നെ ഈ തടവുകാരൻ ഇരുന്ന സ്ഥലത്തിരുന്നു കയ്യോങ്ങി. കയ് വിളക്കിൽതട്ടി ശബ്ദമുണ്ടായി. വാർഡർ ഞെട്ടിത്തിരിഞ്ഞുനോക്കി. തടവുകാരൻ ഇരുന്ന സ്ഥലത്തിനിന്നു് എഴുനീററു പിൻഭാഗത്തു കയ്യുംകെട്ടി കുറെ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. 12 മണി അടിച്ചു 'ഓ 12 മണി ആയി ഇല്ലേ' എന്നു പറഞ്ഞു രണ്ടാമതും ഇരുന്നു. വിളക്കെടുത്തു അരികിൽവെച്ചു രാമായണം എടുത്തു വായനതുടങ്ങി. ജടായു മോക്ഷംഎടുത്തുവായിച്ചു. ജടായു മോക്ഷം വായിക്കുമ്പോഴേക്കു ഒച്ച പൊങ്ങി. 'രാമ-

രാമ- കൃഷ്ണ- കൃഷ്ണ-' എന്നു പറഞ്ഞു പിന്നേയും എഴു നേററു. ചുവരിൽ താൻ വരച്ചുവെച്ചിരുന്ന ശ്രീരാമന്റെ ചിത്രത്തിന്നു മുമ്പാകെ ചെന്നു നമസ്കരിച്ചു. അങ്ങിനെ നമസ്കരിച്ചുകിടക്കുമ്പോൾ റിക്കാർഡുകെട്ടുകളും കയ്യിൽ പിടിച്ചു രാമൻനായർ വരുന്നതും, പുഴക്കലേക്കിറങ്ങുന്നതും, താൻ മരത്തിന്റെ മറവിൽ ഇരുന്നതും, കത്തി എടുത്തു എഴുനേററതും, രാമൻനായർ തടുത്തതും, വെട്ടുകൊണ്ടു താഴത്തുവീണതും, വലിച്ചെടുത്തു മറ ചെയ്തതും, ചോരയണിഞ്ഞ രാമൻനായരുടെ ആ പ്രേതസ്വരൂപവും എല്ലാം തന്റെ മുമ്പിൽ തെളിഞ്ഞുകണ്ടു. "ഞാൻപോയാലെന്താ- ആ കുടുംബത്തിന്നു സൌഖ്യമായെല്ലൊ- എന്തു കുടുംബം- എല്ലാംകഴിഞ്ഞല്ലോ. രാമാകൃഷ്ണാ പരമശിവ"എന്നുപറഞ്ഞു പിന്നേയും എഴുനേററു. നേരം എത്രയായി? "ഇതാ ഇപ്പോൾ രണ്ടുമണി അടിച്ചു"വെന്നു വാർഡർപറഞ്ഞു. "എന്നെ ഇന്നുരാവിലെതന്നെത്തൂക്കുമോ ? നേരം വെളുക്കുമ്പോഴേക്കു കഥ കഴിയും, അല്ലെ. വാർഡർ എജമാനനെ എനിക്കു ഒരു കുട്ടി ഉണ്ടു. നാലുവയസ്സുപ്രായമാണു. എന്തെല്ലാം വത്തമാനമാന്ന് ആ കുട്ടി പറയുക. രാമ- രാമ- രാമ- രാമനേയും കൃഷ്ണനേയും വിളിച്ചിട്ടു കാൎയ്യമെന്താ? നേരം വെളുക്കുന്നതിന്നു മുമ്പ് രാമന്റെ അടുക്കൽ ഞാനും ഉണ്ടാകും" എന്ന് തന്നെത്താൻ പറഞ്ഞു അവിടെയിരുന്നു കുറെ കീൎത്തനങ്ങൾപാടി. അങ്ങിനെതന്നെ പായ നിവൎത്തി വിളക്കു കയ്യുകൊണ്ടു നീക്കിവെച്ചു അവിടെക്കിടന്നു ഒന്നു മയങ്ങി.

നേരം മൂന്നുമണികഴിഞ്ഞു. രണ്ടുമൂന്നു പന്തവും കത്തിച്ചു, കറുത്ത ഉടുപ്പും ധരിച്ചു മൂന്നു നാലാളുകൾ ജെയിലിലെ മറെറാരുവാതിലിന്നരികിൽ എത്തി. ഇവർ കൊലയാളികളാണ്. തൂക്കുവാൻ വിധിച്ചവരെ തൂക്കുവാനുള്ള അധികാരം ഇവക്കാണ്. ഇതിന്നായി ഗവമ്മെണ്ടിൽനിന്നു ഇവക്കു പ്രത്യേകസ്വത്തു നീക്കിവെച്ചിട്ടുണ്ടു. തലേദിവസംവന്നു തൂക്കുമരമെല്ലാംശരിപ്പെടുത്തി ഇവർ പോകും. അദ്ധ്രാത്രിയിൽ അടുത്ത ഒരു ക്ഷേത്രത്തിൽ ഇവരുടെ ഒരു പൂജയുണ്ടു അതു കഴിഞ്ഞു ജെയിലിലേക്കു വരുകയാണ്. ഇവർ വന്നതൊന്നും നമ്മുടെ തടവുകാരൻ അറിഞ്ഞിട്ടില്ല.

വിളക്കിൽനിന്നു മുഖംതിരിച്ചു, ഒരുകാൽ മടക്കി, ഒരു കയ്യ് തലക്കുതാഴെവെച്ച് മയങ്ങിക്കിടക്കുന്നു. വയലിൻെറ അരുകിൽ ഒരു വീട്—തോട്ടത്തിൽ ധാരാളം വാഴയും തെങ്ങും നില്ക്കുന്നു. തോട്ടക്കാരൻ അവിടെയുള്ള കുളത്തിൽനിന്നു വെള്ളം തേവുന്നു. ഏകദേശം 30 വയസ്സു പ്രായമായ ഒരു സ്ത്രീ വലിയ ഒരു പിഞ്ഞാണത്തിൽ കഞ്ഞിയുംകൊണ്ടുവന്നു പൂമുഖത്തു കഞ്ഞിക്കൊരുക്കുന്നു. ഒരു താലത്തിൽ കൊണ്ടാട്ടവും പപ്പടവും ഉണ്ടു. അതു കാണുമ്പോഴേക്കു അതാ നാലുവയസ്സുപ്രായമായ ഒരാൺകുട്ടി കയ്യിൽ താലവുമെടുത്ത് "അച്ഛാ, അച്ഛാ" എന്നു വിളിച്ചു തൊടിയിലേക്കു ഓടിപോകുന്നു. അച്ഛൻ കാലുകഴുകുവാൻപോയ അവസരത്തിൽ ചാടി ഓടിക്കൊണ്ടു ബാലൻ അകത്തേക്കു വരുന്നു. "എന്താ കഞ്ഞിക്കു സമയമായില്ലേ" എന്നു പൂമുഖത്തുനിന്നു ഒരു സ്ത്രീ

വിളിച്ചുചോദിക്കുന്നു. കുട്ടി കാടിപോകുന്നവഴിക്ക് കിണ്ടി തട്ടിമറിച്ചു. അതു താഴത്തുവീണു ശബ്ദപ്പെട്ടുന്നു. "ഹെ, അപ്പൂ വീഴുവാൻപോകുന്നു" എന്നു പറഞ്ഞു. ഉറങ്ങിക്കിടക്കുന്ന തടവുകാരൻ പരിഭ്രമിച്ചു എഴുന്നേൽക്കുവാൻ തുടങ്ങുന്നു. ഇരുന്നു നാലുപുറത്തും നോക്കി. 'അയ്യോ' എന്നു പറഞ്ഞു നിലവിളിച്ചു. തന്റെ ഭാര്യ കുഞ്ഞിക്കു സമയമായി എന്നു പറഞ്ഞ ശബ്ദമല്ല. അതു വാൎഡർ തന്നോടു എഴുന്നേൽക്കുവാൻ പറഞ്ഞ ശബ്ദമാണു. സ്വപ്നത്തിൽ കിണ്ടിയുടെ ശബ്ദം കേട്ടതു വാസ്തവത്തിൽ വാൎഡർ വാതിൽ തുറക്കുന്ന ശബ്ദമായിരുന്നു. "മണി നാലായി, കുളിക്കുവാൻ സമയമായി" എന്നു വാൎഡർ പറഞ്ഞു. "ഓ ഹോ ഞാൻ തയ്യാറാണ്— കുളിക്കുവാനായോ, ഓ—ഹോ— ഞാൻ തയ്യാറാണ്— ഇപ്പോൾ തന്നെ കുളിക്കാമെല്ലോ— വാൎഡർ എജമാനനെ കുളിക്കാം" എന്നു പറഞ്ഞു പുറത്തേക്കു വന്നു.

കാച്ചുവെള്ളം തെയ്യാറാക്കി വെച്ചിട്ടുണ്ടായിരുന്നു. രണ്ടുമൂന്നു വാൎഡർമാരും മററുംകൂടി പുറത്തു കൂട്ടികൊണ്ടുവന്നു കുളിപ്പിച്ചു. അലക്കിയ മുണ്ട് ഉടുക്കുവാൻകൊടുത്തു. തലേ ദിവസം ആവശ്യപ്പെട്ടപ്രകാരം നല്ല ഭസ്മവും ചന്ദനവും കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അതെല്ലാം മേൽ പൂശി, ഒരു പൂമാലയും ഒരു രുദ്രാക്ഷമാലയും ധരിച്ചു. ആവശ്യപ്പെട്ടതെല്ലാം കൊടുത്തുകൊള്ളണമെന്നു നിശ്ചയമുണ്ട്. കുളി കഴിഞ്ഞു എത്തുമ്പോഴേക്കു "കൊലച്ചോറു തയ്യാറായിരിക്കുന്നു. നാലഞ്ചുകൂട്ടം കൂട്ടാൻ,

പപ്പടം,ഉപ്പേരി,തൈരു, പായസം ഇതെല്ലാം ഉണ്ടു. കൂട്ടാൻ കൂട്ടി കുറെ ഉണ്ടു. പിന്നെ തൈരു വേണമെന്നു പറഞ്ഞു. ഇലയിൽ പകൎന്നു ഒരു ഉരുള ഉണ്ണുമ്പോഴെക്ക് അതും വേണ്ട. പായസം മതി എന്നാക്കി. പായസം കൊടുത്തു. പായസം കഴിക്കാൻ സാധിച്ചില്ല. രാമ രാമ എന്നു പറഞ്ഞു എഴുനീറ്റു കൈ കഴുകി. മുറിക്കകത്തുനിന്നു പുറത്തേക്കു വരുമ്പോഴേക്ക് അവിടെ ആരെല്ലാമോ വന്നു തിരക്കിയിരിക്കുന്നു.

ഡിസ്ത്രിക്ട് മജിസ്ത്രേട്ട്, ഡാക്ടർ, സുപ്രഡേണ്ടു, ജെയിലർ, കുറെ വാർഡർമാർ ഇവരെല്ലാവരും ഉണ്ടു. ഡിസ്ത്രിക്ട് മജിസ്ത്രേട്ടു തൂക്കുവാനുള്ള കല്പന വായിച്ചു. "ഇതൊന്നും എനിക്കു കേൾക്കണ്ട. കൊല്ലുവാൻ പോകുമ്പോൾ പിന്നെ കല്പന കേൾക്കണമോ? രാമ-രാമ-ആ—ഞാൻ തെയ്യാറാണു. നമുക്കു നടക്കുക."രണ്ടു വാർഡർമാർ മുമ്പേ നടന്നു. രണ്ടാൾ അയാളുടെ ഒപ്പം ഉണ്ടായിരുന്നു. രണ്ടാൾ പിന്നാലെയും നടക്കുന്നുണ്ടു. മറ്റെല്ലാം ഉദ്യോഗസ്ഥന്മാരും മുമ്പിലും പിന്നാലെയും ആയി നടന്നു. ഏകദേശം 30 വാര അകലെയാണു തൂക്കുമരം നില്ക്കുന്നതു്. തൂക്കുവാനുള്ള കൊലയാളികൾ അവിടെ തയ്യാറായിട്ടുണ്ടു്. അതിൻെറ വാതില്ക്കൽ എത്തിയ ഉടനെ കൈവിലങ്ങു എടുത്തു. അതിന്നുപകരം ഒരു ചരടുകൊണ്ടു കൈ കെട്ടി തടവുകാരനെ പലകമേൽ നിൎത്തി. തലയിൽകൂടി മുഖം മുഴുവനും മൂടത്തക്കവിധത്തിൽ ഒരു കറുത്ത ഉറ ഇറക്കി. കഴുത്തിൽ ആലാസ്കയറു ഇട്ടു. എല്ലാവരും നിശ്ശബ്ദമായി നിന്നു.

കയറു ശരിയായിട്ടുണ്ടോ എന്നും നോക്കി. ഒരു ദീൎഘ്ഘശ്വാസം ആ തൊപ്പിക്കുള്ളിൽനിന്നു പുറപ്പെടുന്നു. അതു അവസാനിക്കുന്നതിന്നു മുമ്പായി നിന്നിരുന്ന പലക അടിയിൽക്കൂടി വലിയുന്നു. അതിന്മേൽ നിന്നിരുന്ന നിർഭാഗ്യവാൻ താഴത്തു പോകുന്നു. കഴുത്തു മുറുകുന്നു. കയറു ആടുന്നു. തല ചരിയുന്നു. ദേഹം ചുളിക്കുന്നു. കൺമിഴികൾ തുറിക്കുന്നു. കാലുരണ്ടും കുടയുന്നു. പ്രാണൻ ദേഹത്തെ വിട്ടൊഴിയുന്നു.

ഒരു മണിക്കൂർ കഴിഞ്ഞതിന്നുശേഷം ഡാക്ടർ വന്നു പരിശോധിച്ചു. മരിച്ചിരിക്കുന്നുവെന്നു സട്ടിഫിക്കററെഴുതി. ശവം മറചെയ്യുവാൻവേണ്ടി ഉടമസ്ഥന്മാർ വശം ഏല്പിക്കുകയും ചെയ്തു. നേരം പുലരുന്നതിന്നു മുമ്പായി തലെദിവസം ഉണ്ടായിരുന്ന മനുഷ്യരിൽ ഒരാൾ ഈ ലോകത്തിൽനിന്നു മറഞ്ഞു. പ്രകൃതിതന്നെ ഒരു ദിവസം എത്രയൊ മനുഷ്യരെ നശിപ്പിക്കുന്നു. അതു കൂടാതെ മനുഷ്യരും തങ്ങളെപോലെയുള്ള മനുഷ്യരെ വധിക്കുന്നതിൽ സഹായിക്കുന്നു. ഇതിന്നു നീതിന്യായഭരണമെന്നു് പേർ പറയുന്നു.

## ഒമ്പതാം അദ്ധ്യായം.

ഉച്ചാവചങ്ങളാമോമൽസുമങ്ങളാൽ
മെച്ചമേറീട്ടമീയാരാമത്തിൽ
ദേവൻവനമാലിക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നതോൎത്തുകൊൾവിൻ
എല്ലാസ്സുമവുമവന്റെയിഷ്ടത്തെയ്ക്കൊത്തു
മെല്ലെവളൎന്നുതൻപൂൎണ്ണതയിൽ
ചെല്ലാനുഴറുകയാണഗ്ഗതിയാരും
തല്ലിനിൎത്താതെ സൂക്ഷിച്ചുകൊൾവിൻ.

ദ്രോഹം സഹിക്കവെയ്യാതെ ഉണ്ടായ ഈൎഷ്യതയിൽ ഒരു കൊല്ലം മുമ്പു ഇയാൾ ചെയ്തതായ കൊലയുടെ ശിക്ഷയായിട്ടാണു ഈ കാലമെല്ലാം കഴിഞ്ഞതിന്നുശേഷം ഇപ്പോൾ വളരെ ആളുകൾകൂടി പിടിച്ചുകൊണ്ടുവന്നു തൂക്കമരത്തിൽ കെട്ടിതൂക്കി ആ സാധുവിനെ കൊല്ലുന്നതു. 'കൊലക്കുററത്തിന്നു മരണശിക്ഷ. ഒരുത്തനെ കൊന്നാൽ കൊന്നവനെ കൊല്ലണം' എന്നു പറയുമ്പോൾ സാധാരണ നടവടിയെ പറയുന്നുവെന്നല്ലാതെ ആ പ്രവൃത്തിയുടെ ന്യായത്തെപ്പററിയോ ഗുണത്തെപ്പററിയോ നാം ചിന്തിക്കുന്നില്ല. നാലുഭാഗവും ആൾക്കാർനിന്നു, കയ്യു പിടിച്ചുകെട്ടി, ഒരു മനുഷ്യനെ കൊണ്ടുപോയി കഴുത്തിൽ കയറുകെട്ടി ഞെക്കികൊല്ലുന്ന ക്രിയയെപററി വിചാരിച്ചു നോക്കുക! ഈ ചെയ്യുന്നതെല്ലാം തല്കാലത്തെ ദ്വേഷ്യംകൊണ്ടോ, സഹിക്കവെയ്യാത്ത വേദനകൊണ്ടോ അല്ല. വളരെ ദിവസത്തെ ആലോചന കഴിഞ്ഞ

തിന്നശേഷം മാത്രമാണ് എന്നുകൂടി ഓൎക്കുമ്പോൾ ആ കൊലപാതകൻ ചെയ്ത പ്രവൃത്തിയും നിയമാനുസൃതമായുള്ള ഈ പ്രവൃത്തിയും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ? ഉണ്ടെങ്കിൽതന്നെ തല്ക്കാലത്തെ ദ്വേഷ്യംകൊണ്ടു ചെയ്ത കൊലപാതകൻെറ പ്രവൃത്തിയെക്കാൾ അധികം ക്രൂരത നിയമത്തിൻെറ കല്പനക്കനുസരിച്ചുള്ള ഈ പ്രവൃത്തിക്കില്ലേ ?

ഈ സമ്പ്രദായം ഇവിടെ മാത്രമല്ല. കൊലക്കുററത്തിന്നും വേറെ ചില കുററങ്ങൾക്കും മരണശിക്ഷ കൊടുക്കുന്നതു ലോകത്തിൽ പല രാജ്യങ്ങളിലും ഇപ്പോഴും നടപ്പുണ്ടു. കൊല്ലുന്ന രീതിക്കു മാത്രമേ വ്യത്യാസമുള്ളു. പുരാതനകാലത്തു ഗ്രീസിലും മററും ആളുകളെ വിഷം കൊടുത്തു കൊന്നിട്ടുണ്ടായിരുന്നു. ചീനയിൽ രാജദ്രോഹത്തിന്നുണ്ടായിരുന്ന ശിക്ഷ കൂട്ടിൽ ഇട്ട് ഞെക്കിക്കൊല്ലുകയായിരുന്നുവത്രെ. ഇംഗ്ലണ്ടിൽ ഒരു കാലത്തു കഴുത്ത് അറക്കുകയായിരുന്നു പതിവു. 1749 വരെ ഇംഗ്ലണ്ടിൽ മരണശിക്ഷക്കു വിധിച്ചിട്ടുള്ളവരെ മഴുകൊണ്ടു വെട്ടികൊല്ലുകയായിരുന്നു പതിവുണ്ടായിരുന്നതു. തീയിൽ ജീവനോടുകൂടിഇട്ടു ചുടുക സമ്പ്രദായവും ഉണ്ടായിരുന്നു. 1790 ൽ കള്ളനാണയം ഉണ്ടാക്കിയെന്ന കുററത്തിന്ന ഒരു സ്ത്രീയെ ഇംഗ്ലണ്ടിലെ ന്യൂഗെയിററ് ജെയിലിൻെറ മുൻവശത്തുവെച്ചു ചുട്ടതായി അറിയുന്നുണ്ട. റൊമിൽ കുരിശിന്മേൽ തറച്ചിട്ടും, കാട്ടുജന്തുക്കളെകൊണ്ട് ഉപദ്രവിപ്പിച്ചിട്ടും ജനങ്ങളെ കൊന്നിട്ടുണ്ടായിരുന്നു. അമേരിക്കയിൽ വിദ്യുഛക്തികൊണ്ടു കൊല്ലുന്നു. ചില കുററങ്ങൾ

ക്ക വെടിവെച്ചുകൊല്ലുന്നു. ഇപ്പോൾ അധികരാജ്യങ്ങളിലും, നമ്മുടെ രാജ്യത്തിലും നടക്കുന്നതു തൂക്കിക്കൊല്ലലാണ്. ഇങ്ങിനെ, കൊല്ലുന്ന സമ്പ്രദായത്തിന്നു വ്യത്യാസമുണ്ടെന്നല്ലാതെ മരണശിക്ഷ കൊടുക്കുന്നത് അധികരാജ്യങ്ങളിലും നിൎത്തൽചെയ്തിട്ടില്ല. സ്വിററ്സർലാണ്ടിൽ ചില ജില്ലകളിൽ മരണശിക്ഷ വേണ്ടെന്നു വെച്ചിരിക്കുന്നു. ഇംഗ്ലണ്ടിൽ ഇത് നിൎത്തൽ ചെയ്യുവാനായി ഇപ്പോൾ പാൎലിമെണ്ടുമുമ്പാകെ ഒരു ബിൽ കൊണ്ടുവരുന്നുവെന്നു കേട്ടു. സൂക്ഷ്മം ആലോചിച്ചു നോക്കുന്നതായാൽ എന്തു കുററത്തിന്നും മരണശിക്ഷ കൊടുക്കുന്ന സമ്പ്രദായം ഒരു പരിഷ്കൃതരാജ്യം അനുവദിക്കുവാൻ പാടില്ലാത്തതാണെന്നു മനസ്സിലാകും.

ഏതു ശിക്ഷക്കും രണ്ടു ഉദ്ദേശ്യം ഉണ്ടായിരിക്കണം. ഒന്നാമതായി ശിക്ഷിക്കപ്പെടുന്നവർ ആ ശിക്ഷകൊണ്ടു നന്നാകണം. രണ്ടാമതു അവനുകൊടുക്കുന്ന ശിക്ഷ സമുദായത്തിന്നും ഗുണത്തെ ഉണ്ടാക്കണം. ശിക്ഷയുടെ രീതിയെപ്പററി നിരൂപണം ചെയ്യുമ്പോൾ ഈ രണ്ടു സംഗതികളും നാം ഓൎക്കേണ്ടതാണ. മരണശിക്ഷ അനുഭവിക്കുന്ന ഒരുത്തൻ ആ ശിക്ഷകൊണ്ടു നന്നാകുമെന്നു വാദിക്കുവാൻ ആരും ഒരുങ്ങുമെന്നു തോന്നുന്നില്ല, ഈ ദുഷ്കൎമ്മംചെയ്ത ഇവൻ ഇരിക്കുന്നതിനെക്കാൾ അവൻ മരിക്കുന്നതു നല്ലതായിരിക്കും എന്നും പറയുന്നതു അവന്റെ ഗുണത്തെ ആലോചിച്ചിട്ടായിരിക്കാനും തരമില്ല. വധിക്കപ്പെടുവാനല്ലാതെ ഇനി അവൻ മററൊന്നിനും പററുകയില്ല എന്നു എത്ര ക്രൂരനായ ഒരുത്ത

നെകുറിച്ചും പറയുന്നതു ശരിയല്ല. വളരെ കൊലപാതകന്മാരോട് അവരുടെ മനസ്ഥിതി അറിയുവാനായി ഞാൻ സംസാരിച്ചുനോക്കിയിട്ടുണ്ടു. മൂന്നുകൊല ചെയ്ത ഒരു കുററക്കാരനെ ഞാൻ അറിയും. വളരെകാൎയ്യങ്ങറം അയാറംക്ക് വിവരമുണ്ടു. ജെയിലിൽനിന്നു മടങ്ങിയാൽ അയാറം പ്രവൎത്തിക്കുവാൻ നിശ്ചയിച്ചിട്ടുള്ള ഓരോ കാൎയ്യങ്ങളെപററിയും എന്നോടു പറയുകയുണ്ടായി. അയാളുടെ അമ്മയോടു അയാറംക്കുള്ള ഭക്തിക്കും സ്നേഹത്തിന്നും കണക്കില്ല. ജെയിലിൽനിന്നുപോയാൽ അയാറം ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്ന ചില പ്രവൃത്തികളെപ്പററിയും മററും കേറംക്കുമ്പോറം ഇയ്യാളെ തൂക്കികൊന്നിരുന്നാൽ മനുഷ്യസമുദായത്തിന്നു ചുരുങ്ങിയ നിലയിൽ എത്ര നഷ്ടം ഉണ്ടാകുമായിരുന്നുവെന്നു തോന്നിപ്പോകുന്നു. തൂക്കി കൊല്ലപ്പെടുന്ന മനുഷ്യനു നന്നാകുവാനുള്ള അവസരം കൊടുക്കുന്നില്ല. അതുകൊണ്ടു ഈ പ്രവൃത്തി ചെയ്യുന്നതു അയാളുടെ ഗുണത്തെ ഓൎത്തിട്ടല്ല. സമുദായത്തിൻെറ രക്ഷയെ വിചാരിച്ചിട്ടു മാത്രമാണ്. അങ്ങിനെയാണെങ്കിൽ ഉദ്ദേശിച്ചിരിക്കുന്നതായ രക്ഷ സമുദായത്തിന്നു കിട്ടുന്നുണ്ടോ എന്നു നിരൂപണം ചെയ്യുക.

ഒന്നാമതായി കൊലക്കുററം ചെയ്തവനെ തൂക്കികൊന്നാൽ മററുള്ളവൎക്കു അതൊരു പാഠമായിത്തീരും എന്ന വാദത്തിന്നു എത്രകണ്ടു ശക്തിയുണ്ടെന്നു നോക്കുക. കൊലചെയ്യുവാൻ പുറപ്പെടുന്നവൻ ഒന്നുകിൽ തല്ക്കാലത്തെ ദ്വേഷ്യംകൊണ്ടു ചെയ്യുന്നതായിരിക്കും. അല്ലെങ്കിൽ വളരെകാലത്തെ ദ്രോഹംകൊണ്ടോ മറെറാ ചെയ്യുന്നതാ

യിരിക്കും. എങ്ങിനെയായാലും സാധാരണ കൊലപാതകന്മാൎക്ക 'കൊലചെയ്താൽ എന്നെയും കൊല്ലും' എന്ന വിചാരം അവരുടെ മനസ്സിൽ വരുന്നില്ല. ശത്രുവിന്റെ നേരെയുള്ള വൈരമാണു പ്രധാനമായിനില്ക്കുന്നതു. ആ സമയത്തിൽ മനസ്സിൽ മററു യാതൊരു വിചാരങ്ങൾക്കും സ്ഥാനമില്ല. കൊലപാതകം ചെയ്തവരെ തൂക്കി കൊല്ലും, അതുകൊണ്ടു തന്നെയും തൂക്കിക്കൊല്ലും എന്നു ഭയപ്പെട്ടു ഈ ക്രൂരകൎമ്മം ചെയ്യാതിരിക്കുന്നവർ എത്രയോ ചുരുക്കമായിരിക്കും. അഥവാ വല്ലവരേയും ഈ വിചാരം കൊലപാതകത്തിൽ നിന്നു വിട്ടുനില്ക്കുവാൻ പ്രേരിപ്പിക്കുമെങ്കിൽകൂടി അപ്രകാരം രക്ഷപ്പെടുന്ന രണ്ടാൾക്കുപകരം, തൂക്കികൊല്ലൽ നിത്താന്തതുകൊണ്ടു എത്രയോ ആളുകളുടെ പ്രാണനെ കളയുവാൻ ഇടവരും. അതുകൊണ്ടു മററുള്ളവൎക്ക ഒരു പാഠമായി തീരുവാനാണു തൂക്കികൊല്ലൽ എന്നു വാദിക്കുന്നതിൽ അൎത്ഥമില്ല.

ഇങ്ങോട്ടു ദ്രോഹിച്ചവനെ അങ്ങോട്ടും ദ്രോഹിക്കുവാനുള്ള വാസന എല്ലാം മനുഷ്യൎക്കും ഉള്ളതാണു. ഇങ്ങോട്ടു തല്ലിയവനെ അങ്ങോട്ടു തല്ലുവാൻ തോന്നും. ഇങ്ങോട്ടു കുത്തിയവനെ അങ്ങോട്ടു കുത്തിയാലെ തൃപ്തിവരുകയുള്ളൂ. മനുഷ്യൎക്കുള്ളതായ ഈ സ്വഭാവം സമുദായത്തിന്നും ഉണ്ടെന്നാണു ചിലരുടെ അഭിപ്രായം. അതുകൊണ്ടു സമുദായത്തോടു ചെയ്തിരിക്കുന്ന അപരാധത്തിന്ന് പകരം വീട്ടിയാലെ സമുദായത്തിന്നു തൃപ്തിവരുകയുള്ളൂ. ഇങ്ങിനെയുള്ള ഒരു തൃപ്തിക്കു വേണ്ടിയാണ് കൊ

ലപാതകന്മാരെ തൂക്കിക്കൊല്ലേണ്ടതെന്നാണ് മറെറാരു വാദം. മൃഗീയമായ ഒരു സംതൃപ്തിക്കവേണ്ടി ഒരുത്ത നെ കൊല്ലുന്നതു പരിഷ്കൃതജനങ്ങൾ ഒരിക്കലും അനു വദിക്കുന്നതല്ല. അതുകൊണ്ടു പകരം വീട്ടുവാൻവേ ണ്ടി മാത്രമാണ് തൂക്കികൊല്ലുന്നതു എന്ന വാദവും സ്വീകാര്യമല്ല.

മററുള്ളവരെ കൊല്ലുന്ന ഒരുവനിൽനിന്നു സമുദാ യത്തെ രക്ഷിക്കേണ്ടതുണ്ടു. അതു ഗവമ്മേണ്ടിൻെറ ധ ൎമ്മമാണ്. സമുദായത്തിൻെറ രക്ഷക്കവേണ്ടി കൊലപാ തകന്മാരെ കൊല്ലാതെ കഴിയുകയില്ല. അതുകൊണ്ടാണു കൊലക്കുററത്തിന്നു തൂക്കികൊല്ലുന്നതു എന്നാണ് ഇവ രുടെ വാദം. സമുദായത്തിൻെറ രക്ഷക്കു കൊലപാത കനെ കൊല്ലേണമെന്നില്ല. കൊലപാതകനെ തടവിൽ പാൎപ്പിച്ചാൽ മതിയാകുന്നതാണു. ഇവർ ഒരു കാലത്തു തടവിൽനിന്നു പോയാൽ പിന്നെയും കൊലചെയ്യുമെ ന്നു ആരും വാദിക്കുമെന്നു തോന്നുന്നില്ല. ഇങ്ങിനെ വെ റുതെ കൊലചെയ്യുവാനുള്ള വാസന സാധാരണ മനു ഷ്യൎക്കു ഉണ്ടാവുകയില്ല. മൃഗങ്ങൾക്കുകൂടി ഇല്ലെന്നു പറ യാം. അഥവാ അങ്ങിനെ വാസനയുള്ള ഒരുവൻ ഉ ണ്ടെങ്കിൽ അവനെ എന്നെന്നും തടവിൽ പാൎപ്പിക്കുന്ന തിനും വിരോധമില്ല. തടവുകളുടെ സമ്പ്രദായം ശരി യാക്കാത്തതുകൊണ്ടാണു തടവുകാരുടെ മനസ്ഥിതിക്കും വ്യത്യാസം വരാത്തതും. ഇതിനെപ്പററി അടുത്തു സ്വല്പം വിസ്തരിക്കേണ്ടതുണ്ടു.

പരിഷ്കൃതലോകം ഇതിനെക്കുറിച്ചു ഗാഢമായി ആലോചിക്കുവാൻ തുടങ്ങിയിരിക്കുന്നു. ചില രാജ്യങ്ങളിൽ ഇതു നിൎത്തിക്കഴിഞ്ഞു. പല രാജ്യങ്ങളിലും ഇതു നിൎത്തുവാനും ആലോചിച്ചുവരുന്നുണ്ടു. നമ്മുടെ നാട്ടിൽ ഇതു വേണമോ വേണ്ടയോ എന്നു് ചിന്തിക്കുവാൻകൂടി ഇനിയും തുടങ്ങീട്ടില്ല.

മരണശിക്ഷ നിൎത്തിയതോടുകൂടി ഇപ്പോഴത്തെ ശിക്ഷയുടെ സമ്പ്രദായവും ജെയിൽ നടത്തിപ്പിന്റെ രീതിയും ഭേദപ്പെട്ടുവെന്നു വിചാരിച്ചുകൂടാ. ഇപ്പോൾ ജയിലുകൾ ഏൎപ്പെടുത്തിയിരിക്കുന്നതു മനുഷ്യനെ നന്നാക്കുവാനല്ല; മനുഷ്യനെ ദണ്ഡിപ്പിക്കുവാനാണു്. സമുദായത്തിൽനിന്നു ത്യജിക്കപ്പെട്ടവരാണു് ജെയിലുകളിൽ വരുന്നതു. അവരെ തിരികേയും സമുദായത്തിലേക്കു ഉപയോഗമുള്ളവരാക്കിത്തീൎക്കുകയാണു ജയിലുകളുടെ കടമ. തടവുകാരെ മൂന്നു തരക്കാരാക്കി വകതിരിക്കാം, 1. മോഷണം മുതലായ കുററങ്ങൾ ചെയ്യുവാൻ ജനനാൽ വാസനയുള്ളവർ; 2. ദാരിദ്ര്യംകൊണ്ടോ പ്രവൃത്തിയില്ലാത്തതുകൊണ്ടോ കഷ്ടപ്പെട്ടു നിവൃത്തിയില്ലാതെ മോഷണം ചെയ്യുന്നവർ; 3. പെട്ടെന്നുണ്ടാകുന്ന കോപംകൊണ്ടോ, മററു വികാരങ്ങൾകൊണ്ടോ കുററങ്ങൾ ചെയ്യുന്നവർ. അടി, കൊല, മുതലായ കുററങ്ങൾ ഈ തരത്തിൽ പെടുത്താം. ജെയിലിന്റെ അകത്തു പുള്ളികൾ വന്നാൽ ഒന്നാമതായി അവരുടെ ഓരോരുത്തരുടേയും ചരിത്രം നല്ലപോലെ മനസ്സിലാക്കി അവർ ഏതു തരത്തിൽ പെട്ടവരാണെന്നു തീൎച്ചപ്പെടുത്തണം. അതു ക

ഴിഞ്ഞാൽ അവരുടെ വാസനകളും സ്ഥിതിക്കും പ്രായത്തിന്നും അനുസരിച്ചുള്ള പ്രവൃത്തികൾ അവൎക്ക കൊടുക്കണം. ജെയിലിൽനിന്നു ഒരുത്തൻ പുറത്തേക്ക പോകുമ്പോൾ അവന്നു് എന്തെങ്കിലും ഒരു തൊഴിൽ നല്ലപോലെ അറിഞ്ഞിരിക്കണം. അതുകൊണ്ടു ഉപജീവിക്കുവാൻ അവന്നു സാധിക്കണം. നല്ല പുസ്തകങ്ങൾ ശേഖരിച്ചുവെക്കണം. മനസ്സിനെ നല്ല സ്ഥിതിയിൽ കൊണ്ടുവരത്തക്ക പ്രസംഗങ്ങളും പ്രാൎത്ഥനകളും ദിവസേന നടത്തണം. നിത്യേന രണ്ടു മണിക്കൂറുനേരമെങ്കിലും മനസ്സിനെ നന്നാക്കുവാനുള്ള വായനയും മററും ഉണ്ടായിരിക്കണം. പ്രത്യേകം ആവശ്യമാണെന്നു തോന്നുന്ന സംഗതിയിൽ ഓരോരുത്തരേയും ഉപദേശിക്കണം. ഏതെല്ലാം തരത്തിലുള്ള നിൎഭാഗ്യവാന്മാർ ഒരു തടവിന്നുള്ളിൽ ഉണ്ടാകും. നാലു പ്രാവശ്യം മോഷണക്കേസിൽപെട്ട ഒരുത്തൻ ഇപ്പോൾ അഞ്ചാമതും ശിക്ഷ അനുഭവിക്കുവാനായി വന്നിരിക്കുന്നു. അവനെ എന്തു ചെയ്യണം ? കൈക്കും, കാലിന്നും ചങ്ങലയും വെച്ചു ഇടക്കിടെ മുക്കാലിയിൽ കെട്ടി അടിച്ചാൽ ഇവന്റെ സ്വഭാവം മാറുമോ ? അവന്റെ സ്ഥിതിക്കനുസരിച്ചു് ഒരു തൊഴിൽ അവനെ ശീലിപ്പിച്ചു, ഇടക്കിടെ വേണ്ടുന്ന ഉപദേശങ്ങൾ കൊടുത്തു, ശിക്ഷ കഴിഞ്ഞു പുറത്തേക്കുപോകുമ്പോൾ സ്ഥിരമായ ഒരു പ്രവൃത്തിക്കും ഏൎപ്പാടു ചെയ്യുന്നതായാൽ അവൻ വീണ്ടും തടവിലേക്കു വരാതെ കഴിഞ്ഞുവെന്നു വന്നേക്കാം. അവന്റെ സ്വഭാവത്തെ മാററിയാൽ അവന്റെ ഭാവിയും മാററാം.

നിർഭാഗ്യയായ ഒരു സ്ത്രീ ഇതാ തടവുശിക്ഷ അനുഭവിച്ചു വരുന്നു. ഭർത്താവും തൻെറ പ്രിയപ്പെട്ട മൂന്നു കുട്ടികളും ഒന്നിച്ചു സുഖമായി കഴിഞ്ഞിരുന്ന ഒരു സ്ത്രീയാണു. ഇപ്പോഠം ആ ജീവിതമെല്ലാം സ്വപ്നപ്രായമായിതീൎന്നു. ഒരു ദിവസം ഭർത്താവുമായി ശണ്ഠപിടിച്ചു തല്ക്കാലമുണ്ടായ കോപംകൊണ്ടു തൻെറ കുട്ടികളെയെല്ലാം കിണററിൽ തൂക്കിയിട്ടു താനും വഴിയെചാടി. കുട്ടികഠം മൂന്നും മരിച്ചു. അവളെ പിടിച്ചു. ഇപ്പോഠം ഇതാ ജീവപര്യന്തം തടവുശിക്ഷ അനുഭവിച്ചുവരുന്നു. കുട്ടികഠംപോയി. ഭർത്താവിനേയും വിട്ടു. വീടും പോയി. തൻെറ ശേഷമുള്ള ജീവകാലം ഈ കൂട്ടിൽ കഴിക്കേണ്ടതായുംവന്നു. എന്തു സ്വാന്തനവാക്കുകഠം വ്രണപ്പെട്ടിരിക്കുന്ന ആ ഹൃദയത്തിന്നു ആശ്വാസത്തെ കൊടുക്കും! അതിന്നു പകരം ക്രൂരവാക്കുകളും ജെയിൽ ജീവിതവും അവളുടെ നരകത്തെ എത്ര കണ്ടു വൎദ്ധിപ്പിക്കും? ഈ തരക്കാൎക്ക് ആശ്വാസമാണ് ആവശ്യമായിട്ടുള്ളതു. നമ്മുടെ സുഖത്തിലും ദുഃഖത്തിലും നമ്മോടൊന്നിച്ചു സന്തോഷിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന മനുഷ്യർതന്നെയാണു ജയിലിന്നകത്തുള്ളവരും എന്ന് മനുഷ്യസ്വഭാവത്തെക്കുറിച്ചു ബഹുമാനം അവരുടെ മനസ്സിൽ ജനിപ്പിക്കണം.

രാഷ്ട്രീയതടവുകാരുടെ നില ഇതിൽനിന്നെല്ലാം വ്യത്യസ്തപ്പെട്ടിട്ടാണ്. അവരുടെ അഭിപ്രായങ്ങളും, പ്രവൃത്തികളും അപ്പോഴത്തെ ഭരണകർത്താക്കന്മാരുടെ അഭിപ്രായത്തിൽനിന്നു ഭേദിച്ചിരിക്കുന്നു. ആ അഭിപ്രായങ്ങഠക്കു ബലം കൂട്ടുകയൊ അവക്കനുസരിച്ചു പ്രവൎത്തി

ക്കുകയോ ചെയ്യാൽ ഭരണസമ്പ്രദായം അന്നത്തെ ഭരണകത്താക്കന്മാരുടെ വിചാരത്തിൽനിന്നും ആഗ്രഹത്തിൽനിന്നും വളരെ മാറിപ്പോകുന്നു. അതുകൊണ്ടു സമുദായത്തെ ഈ തരക്കാരിൽനിന്നു രക്ഷിക്കേണ്ടതാണെന്നു ഭരണകത്താക്കന്മാർ തീച്ചപ്പെടുത്തുന്നു. അതേ സമയത്തുതന്നെ വിപ്ലവത്തിന്നായി പരിശ്രമിക്കുന്നവരും പരമാത്ഥബോധത്തോടുകൂടി പ്രവത്തിക്കുന്നവരാകകൊണ്ടു അവരുടെ വേർവാടിന്നുമാത്രം വേണ്ടുന്ന മുൻകരുതൽ അധികാരസ്ഥന്മാർ ചെയ്യുന്നു. സാധാരണ സൌകയ്യങ്ങളെല്ലാം കൊടുത്തു അവരുടെ സ്വാതന്ത്ര്യത്തെ മാത്രം ബന്ധിച്ചു അവരെ പാപ്പിക്കുന്നു. ഈ തരത്തിലായിരിക്കണം രാഷ്ട്രീയതടവുകാരുടെ നേരെ പെരുമാറെണ്ടത്. മനുഷ്യസമുദായത്തിൻെറ മുന്നോട്ടുള്ള ഗതിക്കുമാർഗ്ഗങ്ങളെ ശരിപ്പെടുത്തുകയാണു ഇവരുടെ ധമ്മം. തല്ക്കാലം ലോകർ അവരോടു യോജിച്ചു എന്നു വരുകയില്ല. എന്നാൽ അവരുടെ ബന്ധനവും സ്ഥിരമായ വിശ്വാസവും തന്നെയാണു ക്രമേണ മററുള്ളവരേയും അവരുടെ വിശ്വാസത്തോടുകൂടി യോജിക്കുവാൻ പ്രേരിപ്പിക്കുന്നതു. ജെയിലിന്നകത്തും,അതിന്നുപുറത്തും, രാജാവിൻെറ കൊട്ടാരത്തിലും, കൂലിക്കാരൻെറ കുടിലിലും, നിവസിക്കുന്ന ജീവികളെല്ലാം ഒരു കുടുംബത്തിൽ പെട്ടവരാണ്.പൊതു സൌഖ്യത്തിന്നുവേണ്ടിയാണു ലോകത്തിലെ സവ്വഏപ്പാടുകളും. അങ്ങാടികളും, ആസ്പത്രികളും, കോടതികളും, ഭ്രാന്തശാലകളും,ജെയിലുകളും, ദേവാലയങ്ങളും മനുഷ്യൻെറ രക്ഷയേയും സൌഖ്യത്തേയും, സ്വാത

ന്ത്ര്യത്തേയും കാത്തിട്ടുമാത്രമാണു സ്ഥാപിക്കപ്പെട്ടിട്ടുള്ളതു. ആ രക്ഷയെ ഉണ്ടാക്കുവാനും സൌഖ്യത്തെ വദ്ധിപ്പിക്കുവാനും സ്വാതന്ത്ര്യത്തെ നിലനിത്തുവാനും പ്രയത്നിക്കുന്നതിലാണു സൃഷ്ടികത്താവിന്റെ മഹത്തായ ഉദ്ദേശ്യത്തെ നാം നിറവേററുന്നതു.

---

## പത്താം അദ്ധ്യായം.

എല്ലാവരും പാക്കുകിലൊന്നുപോലെ
അല്ലൽപ്പെടാനായിഹ സൃഷ്ടരത്രെ.

സത്യാഗ്രഹസമരത്തിൽ പങ്കുകൊണ്ടിരുന്ന മററു ചിലരെയും ഇതേ കാലത്തുതന്നെ തിരുവനന്തപുരം സെൻട്രൽജെയിലിൽ പാപ്പിച്ചിട്ടുണ്ടായിരുന്നുവല്ലോ. വാളണ്ടിയർമാരായി പോയവരിൽ മിക്കവരെയും പാപ്പിച്ചിരുന്നതു വെറും തടവുകാരെ പാപ്പിച്ചിരുന്ന വാഡിൽ ആയിരുന്നു. ഇവരെ സാധാരണ തടവുകാരെ പോലെയാണു് കരുതിവന്നിരുന്നതു. ഭക്ഷണത്തിലും, മററു സൌകയ്യങ്ങളിലും സാധാരണ തടവുകാരേപോലെ മാത്രമെ ഇവരേയും കരുതീട്ടുണ്ടായിരുന്നുള്ളു. സത്യാഗ്രഹതടവുകാരെ രണ്ടു തരക്കാരായി പിരിച്ചു ഇങ്ങനെ പാപ്പിച്ചതു എന്തിനെ ആസ്പദമാക്കിയിട്ടാണെന്നു മനസ്സിലാക്കുവാൻ പ്രയാസമായിരുന്നു. ഭേദപ്പെട്ടവരെ അവരുടെ സാധാരണ സൌകയ്യങ്ങളെ കഴിയുന്നതും കുറക്കാതെതന്നെ പാപ്പിക്കണം എന്ന ഉദ്ദേശ്യത്തോടുകൂടി

ആയിരുന്നു ഗവമ്മേണ്ടു ഇങ്ങിനെ ചെയ്തതെങ്കിൽ ഈ തരത്തിലുള്ള ചിലർ മറ്റെവരുടെ കൂട്ടത്തിലും ഉണ്ടായിരുന്നു. ഞങ്ങൾ പ്രത്യേക ചില സൌകയ്യങ്ങൾ അനുഭവിക്കുന്നതും മററുള്ളവർ അവയൊന്നും ഇല്ലാതെ ബുദ്ധിമുട്ടുന്നതും വിചാരിച്ചു മനസ്സിന്നു വല്ലാത്ത അസ്വാസ്ഥ്യം ഉണ്ടായി. ഇതിനെപററി ഒന്നുരണ്ടു പ്രാവശ്യം സൂപ്രഡേണ്ടിനോടു പറയുകയുണ്ടായി. ഗവമ്മേണ്ടു കല്പനയാകയാൽ തനിക്കു അതിൽ യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ലെന്നു സൂപ്രഡേണ്ടു പറഞ്ഞു. എന്നാൽ ഈ കാൎയ്യത്തിൽ ഗവമ്മേണ്ടിൻെറ മനസ്ഥിതി മാററുവാൻ സാധിക്കുമോ എന്നറിയുവാനായി ഞങ്ങൾ താഴെ പറയുന്ന കത്തു സൂപ്രഡേണ്ടിന്നയച്ചു:—

സെൻട്രൽജെയിൽ,
തിരുവനന്തപുരം,
1099 മേടം 18-ാംനു-

ഞങ്ങൾ ഇവിടെ വന്നതിന്നു് ശേഷം ഒരു വിഷയത്തെപ്പററി വിചാരിച്ചു ഞങ്ങളുടെ മനസ്സിന്നു വലിയ അസ്വാസ്ഥ്യം ഉണ്ടായിട്ടുണ്ടു. ഇതിനെപ്പററി ഞങ്ങൾ തമ്മിൽ പലപ്പോഴും വാദപ്രതിവാദം ചെയ്തിട്ടുണ്ടു. ഈ തരത്തിലുള്ള ഒരു കത്തു എഴുതാതെ കഴിക്കുവാൻ ഞങ്ങൾ പരിശ്രമിച്ചിട്ടും ഉണ്ടു. എന്നാൽ ഇതിനെ സംബന്ധിച്ചു് ഇനിയും മൌനം ദീക്ഷിച്ചിരിക്കുന്നതിന്നു് ഞങ്ങളുടെ മനസ്സ് അനുവദിക്കാത്തതുകൊണ്ടാകുന്നു ഇപ്പോൾ ഈ എഴുത്തിന്നു് കാരണമായിട്ടുള്ളതു.

"വൈക്കത്തെ സത്യാഗ്രഹത്തെ സംബന്ധിച്ച് തടവുശിക്ഷ അനുഭവിച്ചുവരുന്ന 10 വാളണ്ടിയർ പുള്ളികൾ ഇവിടെ ഉണ്ടല്ലോ. ഞങ്ങൾക്കു അനുവദിച്ചുതന്നിട്ടുള്ള പ്രത്യേക സൌകര്യങ്ങൾ താങ്കൾ അവൎക്കു കൊടുത്തിട്ടില്ല. ഇതിനെപ്പററിയാണ് ഞങ്ങൾക്കു ഇപ്പോൾ പറയുവാനുള്ളതു. ശിക്ഷാനിയമങ്ങൾക്കു വിരോധമായി, സ്വാൎത്ഥത്തിന്നുവേണ്ടി പ്രയത്നിക്കുന്ന സാധാരണ തടവുകാരുടെ കൂട്ടത്തിൽ പെട്ടവരല്ല ഞങ്ങൾ എന്നു കരുതിപോന്നതിന്ന് ഞങ്ങൾ തിരുവിതാംകൂർ ഗവന്മേണ്ടിനെ ബഹുമാനപുരസ്സരം അഭിനന്ദിക്കുന്നു. താങ്കളും താങ്കളുടെ കീഴുദ്യോഗസ്ഥന്മാരും, ഞങ്ങളുടെ സൌകര്യങ്ങളെ വേണ്ടുംവിധം അന്വേഷിച്ചു പ്രവൃത്തിക്കുന്നുണ്ടെന്നു സമ്മതിക്കാതെ കഴിയുകയില്ല. എന്നാൽ മുമ്പ് പ്രസ്താവിച്ചുതായ 10 വാളണ്ടിയർ തടവുകാരെ ഇപ്പോഴും സാധാരണ തടവുകാരെ പോലെയാണു കരുതിവരുന്നതു. ഞങ്ങൾക്കു ഗവന്മേണ്ടു അനുവദിച്ചുതന്നിട്ടുള്ള സൌകര്യങ്ങൾ ഒന്നും അവൎക്കു കൊടുത്തിട്ടില്ല. ഈ വ്യത്യാസം അനീതിയായിട്ടുള്ളതും അൎത്ഥമില്ലാത്തതും ആകുന്നുവെന്ന് പറയാതെ നിവൃത്തിയില്ല. കുററത്തിന്റെ ഗൌരവംകൊണ്ടാണു ഈ വ്യത്യാസം എന്ന് വാദിക്കുന്നതായാൽ അവരെക്കാൾ വലിയ കുററക്കാർ ഞങ്ങളായിരുന്നു. ഞങ്ങളുടെ നയത്തിന്നനുസരിച്ചു അവർ ഞങ്ങളുടെ കല്പനകളെ അനുസരിക്കുക മാത്രമായിരുന്നു ചെയ്തിരുന്നതു. അതുകൊണ്ടു ഞങ്ങൾ അനുഭവിക്കുന്നതിനെക്കാൾ വലിയശിക്ഷ അനുഭവിക്കുവാൻ അവരെ നി

ബ്ബന്ധിതരാക്കുന്നതു അന്യായമാണു്. ഞങ്ങൾ കുറെ ഉയൎന്ന സ്ഥിതിയിൽ ഇരുന്നിരുന്നവരാകകൊണ്ടു് പ്രത്യേക സൌകൎയ്യങ്ങൾ ഉണ്ടായിരുന്നാൽകൂടി അവയില്ലാതെ ശിക്ഷ അനുഭവിക്കുന്ന വളണ്ടിയർമാരുടെ നിലക്കു തുല്യമാണു് ഞങ്ങളുടേതും എന്നു് ഒരു പക്ഷെ വാദിക്കുവാൻ മതി. ഈ വാദത്തിന്നു് രണ്ടു സമാധാനങ്ങൾ ഉണ്ടു്. ഒന്നാമതായി ഞങ്ങളെപോലെതന്നെ പഠിപ്പും സ്ഥിതിയും ഉള്ളവർ വളണ്ടിയർമാരുടെകൂട്ടത്തിലും ചിലർ ഉണ്ടു. രണ്ടാമതായി (ഇതു പ്രധാനമായ ഒരു സംഗതിയാണു) ഇങ്ങനെ ഒരു വ്യത്യാസത്തെ അംഗീകരിക്കുവാൻ ഞങ്ങൾ വിചാരിക്കുന്നില്ല. ഞങ്ങളെല്ലാവരും ന്യായവും ശ്രേഷ്ഠവുമായ ഒരേ ഉദ്ദേശ്യത്തിന്നായി പ്രവൎത്തിച്ചിരുന്നവരാണു്. അതിൽ പ്രവേശിച്ചപ്പോൾ അതുകൊണ്ടുണ്ടാവാനിടയുള്ള ബുദ്ധിമുട്ടുകളെ ഞങ്ങൾ നല്ലപോലെ ആലോചിച്ചിട്ടുണ്ടായിരുന്നു. തങ്ങളാൽ കഴിയുന്ന സഹായം പൊതുഗുണത്തിന്നുവേണ്ടി ചെയ്യുവാൻ ഒരുക്കമുള്ള ഒരു സംഘക്കാരായിട്ടാണു ഞങ്ങൾ പ്രവൃത്തി ആരംഭിച്ചതു. ചിലർ ഉപദേശംകൊണ്ടും, ചിലർ രൂപീകരണപ്രവൃത്തികൊണ്ടും, മററു ചിലർ കല്പനഅനുസരിച്ചും ഇങ്ങിനെ ഓരോരുത്തരും ഓരോ തരത്തിൽ പ്രവൎത്തിക്കുവാനാണു തീൎച്ചപ്പെടുത്തിയിട്ടുള്ളതു. അങ്ങിനെയിരിക്കെ ഒരു പുതിയ തരത്തിലുള്ള അയിത്തവും തീണ്ടലും ഇപ്പോൾ ഇവിടെ സൃഷ്ടിക്കേണ്ടുന്ന ആവശ്യമില്ല. ഇതിനെ വിസ്മരിച്ചു പ്രവൎത്തിക്കുന്നതു ഏതൊരു ഉദ്ദേശ്യത്തെ മുൻനിൎത്തി പ്രയത്നിക്കകൊണ്ടു

ഞങ്ങൾ ഇപ്പോൾ ജെയിൽശിക്ഷ അനുഭവിക്കുമ്പോ ആ ഉദ്ദേശ്യത്തെ തെററിനടക്കുന്നതുപോലെയാണ്.

"ഇതിനെ ഇല്ലാതാക്കുവാൻ രണ്ടു മാർഗ്ഗങ്ങൾ ഉണ്ടു. ഒന്നുകിൽ ഞങ്ങൾക്കു ഇപ്പോൾ അനുവദിച്ചുതന്നിട്ടുള്ളതായ സൌകര്യങ്ങൾ വാളണ്ടിയർമാൎക്കും കൊടുക്കുക. ഇതായിരിക്കും ശരിയായ പ്രവൃത്തിയെന്ന് ഞങ്ങൾ തുറന്നു പറഞ്ഞുകൊള്ളുന്നു. ഞങ്ങൾ അപേക്ഷിച്ചിട്ടല്ല ഗവൎമ്മേണ്ടു ഞങ്ങളുടെനേരെ ഈ തരത്തിൽ പെരുമാറിവരുന്നതു. അതുപോലെതന്നെ മററുള്ള വളണ്ടിയർതടവുകാരോടും ആചരിക്കുന്നതായിരിക്കും ഗവൎമ്മേണ്ടിന്ന് അധികവും യോഗ്യമായിട്ടുള്ളതു. പരിഷ്കൃതരാജ്യങ്ങളിലെ തടവുകളിൽ ചെയ്തുവരുന്നതുപോലെ രാഷ്ട്രീയ തടവുകാരെ ഇപ്രകാരം പാൎപ്പിച്ചുവരുന്നതു പൊതുജനങ്ങളെ തൃപ്തിപ്പെടുത്തുവാനായിരിക്കാം. അതിന്നൊരുക്കമില്ലാത്ത പക്ഷം വളണ്ടിയർമാരെ നോക്കുന്നതുപോലെ ഞങ്ങളെയും നോക്കേണ്ടതാണ്. ഇപ്പോൾ ഞങ്ങൾക്ക് അനുവദിച്ചിരിക്കുന്ന പ്രത്യേകസൌകര്യങ്ങളെ എടുത്തു അവരേയും ഞങ്ങളേയും ഒരു നിലക്കു പാൎപ്പിക്കേണ്ടതാണു. ഇതു ഞങ്ങൾക്കു കുറെ അസൌകര്യങ്ങൾ ഉണ്ടാക്കുന്നതാണെന്നു ഞങ്ങൾക്കറിയാം. ഇപ്പോൾ നിലനിന്നു വരുന്ന വ്യത്യാസങ്ങളെകൊണ്ടു ഞങ്ങളുടെ മനസ്സിന്നുണ്ടായിട്ടുള്ള ശല്യങ്ങളെ ആശ്രയിച്ച് ഈ അസൌകര്യങ്ങൾ എത്രയോ നിസ്സാരമാണ്."

ഈ കത്ത് അയച്ചതു മേടം 18-ാംനു-യായിരുന്നു. സൂപ്രഡേണ്ടു ഈ എഴുത്തു ഗവൎമ്മേണ്ടിലേക്കു അയച്ചു.

ഇതിന്നനുസരിച്ച് മേടം 29-ാംനു- ഗവർമ്മേണ്ടിൻെറ കല്പനവന്നു. വളണ്ടിയർ തടവുകാൎക്കും ഞങ്ങളെപോലെ തന്നെ പ്രത്യേക സൌകൎയ്യങ്ങൾ അനുവദിച്ചുകൊടുക്ക വാൻ ഗവർമ്മേണ്ട തീൎച്ചപ്പെടുത്തി. കല്പന വന്നഉടനെ സൂപ്രണ്ട വിവരം ഞങ്ങളെ അറിയിച്ചു. ഞങ്ങളുടെ അടുത്തുണ്ടായിരുന്ന മറെറാരു കെട്ടിടം ഒഴിപ്പിച്ചു. ഏ താനും ആളുകളെ അവിടെയും ബാക്കിയുള്ളവരെ ഞ ങ്ങൾ രണ്ട സംഘക്കാരും പാൎത്തിരുന്ന കെട്ടിടങ്ങളിലേ ക്കും അയച്ചു. ഞങ്ങൾക്ക തന്നിരുന്നതുപോലെയുള്ള ക ട്ടിലും, ജമുക്കാളവും, ഭക്ഷണസൌകൎയ്യങ്ങളും എല്ലാം അ ന്നുമുതൽ അവൎക്കും കിട്ടിതുടങ്ങി. വൈക്കം സത്യാഗ്രഹം ആരംഭിച്ചതിന്നുശേഷം തിരുവിതാംകൂർ ഗവർമ്മേണ്ടി ൻെറ മൎയ്യാദയും മഹാമനസ്കതയും അറിയുവാനുള്ള പല അവസരങ്ങളും ഞങ്ങൾക്കുണ്ടായിരുന്നു. അവയിൽ ഒ ന്നായിരുന്നു ഇതെന്നു പറയേണ്ടതില്ലല്ലോ.

ഇവരുടെ വരവോടുകൂടി ഞങ്ങളുടെ കുടുംബം വ ൎദ്ധിച്ചു. ചൎക്കയുടെ ശബ്ദം ഒരു സ്ഥലത്തല്ലെങ്കിൽ മറെറാ രുസ്ഥലത്ത് വിടാതെ കേട്ടിരുന്നു. നൂല് നൂൽക്കാത്ത വർ അധികം ഉണ്ടായിരുന്നില്ല. ചിലർ അൎദ്ധരാത്രി യിൽകൂടി ചൎക്ക തിരിച്ചിട്ടുണ്ടായിരുന്നു. ഖദറിനോടുള്ള സ്നേഹം മററുള്ളവരുടെ സൌകൎയ്യത്തെ സംബന്ധിച്ചുള്ള വിചാരത്തെക്കൂടി ഇല്ലായ്മചെയ്തിരുന്നു. ഹിന്തിക്ലാസ്സും, ഉർദുക്ലാസ്സും ശരിയായി നടത്തിട്ടുണ്ടായിരുന്നു. ചിലർ കസത്ത് എടുക്കുവാനും ശീലിച്ചിരുന്നു. ഇതുകൂടാതെ ഒരു ചരിത്രക്ലാസ്സും ഉണ്ടായിരുന്നു. ഏതായാലും രാവിലെ

5 മണിമുതൽ രാത്രി 10 മണിവരെ എല്ലാവക്കും വിടാതെ പ്രവൃത്തി ഉണ്ടായിരുന്നു.

സൌകയ്യത്തിന്നനുസരിച്ച ജെയിലിന്നകത്തുവെച്ച വിശേഷദിവസങ്ങളും ഞങ്ങൾ കൊണ്ടാടിയിരുന്നു. തിലകജയന്തി കൊണ്ടാടിയതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. ദിവസേന വൈകുന്നേരം 6 മണിക്ക് ഞങ്ങൾ ഒന്നിച്ചുകൂടി പ്രാത്ഥന നടത്തിയിരുന്നു. തിലകജയന്തിദിവസം പ്രാത്ഥനകഴിഞ്ഞു എല്ലാവരും തിലകൻെറ ഒരു പടത്തിൻെറ മുമ്പിൽ ഇരുന്നു. പടം ഞങ്ങളിൽ ഒരാൾ ഈ ആവശ്യത്തിന്നായി പ്രത്യേകം വരച്ചുണ്ടാക്കിയതായിരുന്നു. പൂമാലകൊണ്ടു പടത്തെ അലങ്കരിച്ച ഒരു കസാലമേൽവെച്ച ഭഗവൽഗീതയിൽനിന്നു അദ്ദേഹത്തിൻെറ ഇഷ്ടപദ്യങ്ങളെ വായിച്ച. തിലകൻെറ സന്ദേശത്തെപ്പററി ഒരാൾ പറഞ്ഞു തിലകനെ സ്തുതിച്ചുള്ള ഗാനങ്ങൾ പാടി. ലോകമാന്യൻെറ ദേശാഭിമാനവും, ത്യാഗബുദ്ധിയും സ്ഥിരതയും, ധൈയ്യവും ഞങ്ങൾക്കും തരേണ്ടതിന്നായി ഈശ്വരനെ പ്രാത്ഥിച്ചു.

ശ്രീമാൻ ഈരോട്ട് രാമസ്വാമിനായ്ക്കരും, ശിവശൈലം, മുത്തുസ്വാമി എന്നു പേരായ വേറെ രണ്ട് സത്യാഗ്രഹിതടവുകാരും ഞങ്ങളുടെ ഒന്നിച്ച ഉണ്ടായിരുന്നില്ല. നായ്ക്കരെ കഠിനതടവിന്ന് വിധിച്ചിട്ടുണ്ടായിരുന്നു. തമിൾനാട് കൊൺഗ്രസ്കമ്മിററിയുടെ പ്രസിഡേണ്ടും ഈരോട് മുനിസിപ്പാൽകൌൺസിലിലെ ചെയമ്മാൻ ആയിരുന്ന ആളും, ഒരു വലിയ ധനികനും, ഒരു ഉത്തമദേശാഭിമാനിയും ആയ നായ്ക്കർ കാലിൽ

തളയും,തടവുകാരുടെ തൊപ്പിയും, മുട്ടവരെയുള്ള മുണ്ടും, കഴുത്തിൽ മരത്താലിയും ഇട്ട് കൊള്ളക്കാരന്റേയും, കൊലപാതകിയുടേയും ഒന്നിച്ച ജോലിക്ക് പോകുന്നതു കണ്ടിട്ട് കേരളത്തിലെ തീണ്ടൽജാതിക്കാരുടെ സ്വാതന്ത്ര്യത്തിന്നായി തമിഴ് നാട്ടിലെ ഒരു വലിയ സവൎണ്ണഹിന്ദുവിനെ ഈ ത്യാഗത്തിന്ന് പ്രേരിപ്പിച്ച ശ്രേഷ്ഠപ്രസ്ഥാനത്തിന്റെ മഹിമ ഞങ്ങൾക്ക പുതിയജീവൻ തരാതിരുന്നില്ല. നായ്ക്കരേയും മററു രണ്ടുപേരേയും 'പ്രത്യേകതടവുകാരാക്കി' വെയ്ക്കാത്തതിനെപററി തിരുവിതാംകൂർ ഗവൎമ്മേണ്ടിന്ന ഞങ്ങൾ അയച്ചതായ കത്തിന്ന് വിടുന്നതുവരെ മറുവടി കിട്ടീട്ടില്ലായിരുന്നു. കവർ ഒട്ടിയ്ക്കുകയായിരുന്നു നായ്ക്കരുടെജോലി. സാധാരണ തടവുകാർ എടുത്തിരുന്നതിൽ ഇരട്ടിപണി നായ്ക്കർ ദിവസേന എടുത്തിട്ടുണ്ടായിരുന്നു.

---

## പതിനൊന്നാം അദ്ധ്യായം.

കാലനെയുമന്ന കാണുന്നിതെല്ലാടവും
കാലമാപത്തിനുള്ളൊന്നിതു നിൎണ്ണയം.

ജെയിലിന്നകത്ത് ഞങ്ങൾ ഇങ്ങിനെ കഴിയുമ്പോൾ ഭയങ്കരമായ അനേകം സംഭവങ്ങൾ വെളിയിൽ നടന്നുകൊണ്ടിരിക്കുന്നു. അഭൂതപൂൎവ്വമായ അതിവൎഷത്താൽ ഉണ്ടായ വെള്ളപ്പൊക്കം നാടെങ്ങും നാശത്തെ ഉണ്ടാക്കിത്തീൎത്തിരിക്കുന്നു. പാലങ്ങൾ പൊളി

ഞ്ഞുപോയി, വയലുകൾ കായലുകളായി, വീടുകൾ കുള ങ്ങളായി, തോട്ടങ്ങൾ പുഴകളായി, കന്നുകാലികൾ നശിച്ചു, ജനങ്ങളും വളരെ മരിച്ചു. പാക്ക്വാൻ പുരയില്ലാതെയും, ഭക്ഷണത്തിന്നു മാൎഗ്ഗമില്ലാതെയും അലഞ്ഞുനടക്കുന്നവർ അസംഖ്യം. ഇതെല്ലാം കേട്ടുകൊണ്ടു നിസ്സഹായന്മാരുടെ നിലയിൽ ബന്ധനത്തിൽ ഇരിക്കുവാനെ ഞങ്ങൾക്കു നിവൃത്തി ഉണ്ടായിരുന്നുള്ളൂ.

വെള്ളപ്പൊക്കത്തിൻെറ ക്രൂരത അവസാനിക്കുന്നതിന്നുമുമ്പായി അതാ മറെറാരു ആപത്ത് നേരിട്ടിരിക്കുന്നു. തിരുവിതാംകൂർ ശ്രീമൂലം തിരുനാൾ മഹാരാജാവിൻെറ ശീലായുസ്സയെപ്പററി ഇടക്കിടെ പല പ്രസ്താവങ്ങളും കെട്ടിട്ടുണ്ടായിരുന്നു. സുഖക്കേട് അധികമായിരിക്കുന്നു. നാട്ടു നീങ്ങിയിരിക്കുന്നു. ഇല്ല, ബോധക്ഷയമായി കിടക്കുന്നതെയുള്ളൂ. എന്നിങ്ങിനെ പല വാൎത്തകളും പുറത്തുകേൾക്കുന്നതുപോലെ ജെയിലിന്നകത്തും കെട്ടിട്ടുണ്ടായിരുന്നു. മഹാരാജാ ആസന്നമരണനായിരിക്കുന്ന വൎത്തമാനം ആഗസ്തമാസം 7-ാംനു- സൂക്ഷ്മമായി അറിഞ്ഞു. പിറെറ ദിവസം പുലച്ചെ രണ്ടര മണിക്ക് വളരെ നേരം അടിച്ചുകൊണ്ടിരുന്ന കൂട്ടമണിയുടെ ശബ്ദവും, കുതിരപട്ടാളക്കാരുടെ കൊമ്പുവിളിയും, അതിനെ പിന്തുടൎന്നുണ്ടായ 66 പീരങ്കിവെടിയും അടുത്തിരിക്കുന്നു എന്ന് ഭയപ്പെട്ടിരുന്ന സംഭവം വാസ്തവത്തിൽ നടന്നിരിക്കുന്നു എന്നു മനസ്സിലാക്കി. 39 സംവത്സരകാലം കൃത്യനിഷ്ഠയോടും, ധൎമ്മതല്പരതയോടും, പ്രജാവാത്സല്യത്തോടുംകൂടി തിരുവിതാംകൂർ ഭരിച്ചിരുന്ന ശ്രീ

രാമവൎമ്മമൂലം തിരുനാൾ തൻെറ രാജ്യത്തെയും സ്ഥാന ത്തെയും വിട്ട് കുലീനനെന്നൊ കൂലിക്കാരനെന്നൊ ഭേദ മില്ലാത്ത മറെറാരു ലോകത്തിലേക്കു ഗമിച്ചു. ജലപ്ര ളയത്തിൽനിന്നു പൊന്തിവന്നിരുന്ന തിരുവിതാംകൂർ നിവാസികൾക്ക് ഇതാ ഇപ്പോൾ ദുഃഖസമുദ്രത്തിൽ മുങ്ങികിടക്കാറായി.

വെള്ളിയാഴ്ച നേരം പുലരുന്നതിന്നുമുമ്പെ തിരുമേ നിയുടെ മൃതശരീരത്തെ എഴുന്നള്ളിച്ചു കൊണ്ടുപോകു ന്ന വഴിയുടെ ഇരുവശത്തും ജനങ്ങൾ വന്ന് തിരക്കി. തലക്കെട്ട് വെക്കാത്ത പട്ടാളക്കാരും, ഉടുപ്പൊന്നുമില്ലാത്ത ഉദ്യോഗസ്ഥന്മാരും, തലതാഴ്ത്തി നടക്കുന്ന തമ്പിമാരും, ചെറുബാലനായ ചിത്തിര തിരുനാളും, പച്ചപ്പല്ലക്കിൽ കിടക്കുന്ന തണുത്ത മൃതശരീരവും അതിന്ന് പിന്നാലെ തലപിരിച്ചിട്ട് മാറത്തടിച്ച് നിലവിളിച്ചു നടക്കുന്നസ്ത്രീസ മൂഹവും, കാഴ്ചക്കാരുടെ കണ്ണിൽനിന്ന് ധാരധാരയായി വെള്ളം ഒഴുക്കിയിരുന്നു എന്ന് കേട്ടു. ചിതയിൽ തിരുമേ നിയെ വെച്ചപ്പോൾ ഉണ്ടായ 21 പീരങ്കിവെടിമാത്ര മെ രാവിലെ ഏഴുമണിക്ക് ജെയിലിന്നകത്തുള്ള ഞങ്ങൾ കേട്ടിരുന്നുള്ളു.

തിരുവിതാംകൂറിൻെറ ദീൎഘചരിത്രത്തിൽ ദീൎഘമാ യ ഒരു വാഴ്ചയായിരുന്നു നാടു നീങ്ങിയ ശ്രീമൂലം തിരുനാ ളിൻെറ കാലം. പെരുമാക്കന്മാരുടെ ഭരണത്തിന്നുമുമ്പ തന്നെ തിരുവിതാംകൂർ രാജവംശം ഉണ്ടായിരുന്നുവെന്നു പറയുന്നു. ചേരമാൻ പെരുമാളുടെ പുത്രനായിരുന്നു തിരുവതാംകൂറിലെ ഒന്നാമത്തെ രാജാവായിരുന്ന വീര

കേരളവമ്മ എന്നും ചിലർ വാദിക്കുന്നു. പിന്നീട ഉണ്ടായ രാജാക്കന്മാർ രാജ്യത്തിൻെറ വലിപ്പം കൂട്ടി. 1758-ൽ നാടുനീങ്ങിയ ചരിത്രപ്രസിദ്ധനായ മാത്താണ്ഡവമ്മ ആണ് നവീന തിരുവിതാംകൂറിൻെറ സൃഷ്ടികത്താവ്. ക്ഷയിച്ചുകിടന്നിരുന്ന തൻെറ വംശത്തിന്നു ശക്തി കൂട്ടിയതും, എട്ടുവീട്ടിൽ തമ്പിമാരുടെ അക്രമങ്ങളെ അമത്തി രാജ്യത്തിൽ സമാധാനം ഉണ്ടാക്കിയതും, കായങ്കുളം, കൊല്ലം, അമ്പലപ്പുഴ മുതലായ സ്ഥലങ്ങൾ പിടിച്ചടക്കിയതും, രാജ്യം ശ്രീപത്മനാഭന്ന് സമപ്പണം ചെയ്തു ദാസൻെറ നിലയിൽ താൻ ഭരിക്കുവാൻ തുടങ്ങിയതും, യുദ്ധകാലത്ത് ചെയ്തിരുന്ന ഭയങ്കരകൃത്യങ്ങളുടെ പാപത്തിന്നുള്ള പരിഹാരമായി ബ്രാഹ്മണരുടെ ഉപദേശപ്രകാരം മുറജപവും, ഭദ്രദീപവും ആരംഭിച്ചതും, മാത്താണ്ഡവമ്മയുടെ കാലത്തായിരുന്നു. ഭാഗ്യവശാൽ അത്യധികം പ്രാപ്തനും, നിഷ്കളങ്കമായ സ്വാമിഭക്തിയുള്ളവനും, ആയിരുന്ന ഒരു മന്ത്രിയും മാത്താണ്ഡവമ്മക്കുണ്ടായിരുന്നു. തിരുവിതാംകൂറിൻെറ ഗുണത്തെ മാത്രം ഓത്തു പ്രവത്തിച്ചിരുന്ന രാമയ്യൻ ദളവ മരിച്ച സമയത്ത അദ്ദേഹത്തിന്നു ഒരു പൈപോലും സ്വത്ത് ഉണ്ടായിരുന്നില്ല എന്നതുതന്നെ അദ്ദേഹത്തിൻെറ സത്യനിഷ്ഠയെ വെളിപ്പെടുത്തുന്നുണ്ടു.

മാത്താണ്ഡവമ്മയുടെ പിൻവാഴ്ചക്കാരനായ രാമവമ്മ 40 കൊല്ലം രാജ്യം ഭരിച്ചു. ഈ കാലത്തായിരുന്നു ദിവാൻരാജ കെശവദാസ് ബ്രിട്ടീഷകാരുടെ മേൽക്കൊയ്മ തിരുവിതാംകൂറിൽ ഉറപ്പിച്ചതു. ധീരനായിരു

ന്ന വേലുതമ്പി ദളവായുടെ കാലത്ത് ബ്രിട്ടിഷാധിപത്യ ത്തെ ഉടക്കുവാൻ ശ്രമിച്ചതും, അതിന്നായി യുദ്ധത്തി ന്നൊരുങ്ങിയതും, ശത്രുക്കളുടെ കയ്യിൽ പെട്ടമെന്നു ക ണ്ടപ്പോഠം സഹോദരനോടു തൻെറ കഴുത്തവെട്ടുവാൻ ആജ്ഞാപിച്ചതും, കേരളത്തിലെ വീരസന്താനങ്ങഠം നിശ്ശേഷം നശിച്ചിട്ടില്ലെന്ന് ലോകരെ ബോദ്ധ്യപ്പെടു ത്തിയതും തിരുവതാംകൂർ ചരിത്രത്തിലെ അഭിമാനജന കമായ ഘട്ടങ്ങളാണ്.

ഒരു നൂററാണ്ടു മുമ്പ്, ഗൌരിലക്ഷ്മിഭായിയുടെ കാല ത്ത്, കെർനൽമുൺറൊ എന്ന പേരായ ഇംഗ്ലിഷുകാ രൻ ദിവാൻെറയും റസിഡേണ്ടിൻെറയും ഉദ്യോഗം ഒ ന്നിച്ചുനോക്കിയിരുന്നു. ഉപദേശകന്മാരാണെന്ന ഭാവ ത്തിൽ ഇരുന്നിരുന്ന റസിഡേണ്ടുമാർ പലപ്പോഴും അ ധികാരികഠം തന്നെ ആയിരുന്നു. 1847_ൽ നാടുനീ ങ്ങിയ രാമവമ്മ തിരുമനസ്സുകൊണ്ടു റസിഡേണ്ടിൻെറ മല്ലുസഹിക്കാതെ ഭരണത്തിൽനിന്നൊഴിഞ്ഞു സന്ന്യാ സിയായിത്തീന്നു.

ആയില്യംതിരുനാഠം, വിശാഖംതിരുനാഠം ഇവരു ടെ വാഴ്ചകാലത്തുണ്ടായിരുന്ന പരിഷ്കാരങ്ങളും, അനേക ദിവാന്മാർ അന്നത്തെകാലത്ത് ചെയ്തിരുന്ന മാററങ്ങളും ഇവിടെ വിവരിക്കേണ്ടതില്ല.

പ്രജാസഭാ, നിയമനിമ്മാണസഭാ, മുതലായ പു തിയ സ്ഥാപനങ്ങഠം മൂലംതിരുനാളിൻെറ കാലത്താ യിരുന്നു ഏപ്പെടുത്തിയിരുന്നതു. പുതിയ രീതികഠം ത ൻെറ രാജ്യത്തിൻെറഗുണത്തിന്നായി സ്വീകരിക്കുവാൻ

ദിവാന്മാരെ ഉത്സാഹപ്പെടുത്തിയിരുന്നു. പഴയരീതിയിൽ പരിചയിച്ച, അധികം സഞ്ചാരമൊന്നും ചെയ്യാതെ, ബ്രാഹ്മണമേധാവിത്വത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന തമ്പുരാൻ സാമുദായികപരിഷ്കാരത്തിൽ വിമുഖനായിരുന്നതിൽ അതിശയിക്കുവാനില്ല. ചുററുമുള്ള സ്ഥിതിയെ ഓർത്തിട്ടുവേണം ഒരാളുടെ ഗുണദോഷങ്ങളെ വിചിന്തനം ചെയ്യുവാൻ.

പുണ്യാഹവും, തൃപ്പടിയെററവും കഴിഞ്ഞു ചിത്തിരുനാൾ മഹാരാജാവിനു പ്രായപൂർത്തിയാകുന്നതുവരെ സേതുലക്ഷ്മിബായി ആററിങ്കൽ വലിയതമ്പുരാൻ രാജ്യഭാരം കയ്യിൽ എടുക്കുവാനും തീർച്ചപ്പെടുത്തി.

---

## പന്ത്രണ്ടാം അദ്ധ്യായം.

മാതൃവാക്കൊന്നാകുന്നു നമുക്കു സാക്ഷാൽവേദം,
മാതൃശുശ്രൂഷയാം യത്നമാകുന്നുമഹായജ്ഞം.
മാതാവിനൊഴിഞ്ഞിട്ടകാത്മജീവിതം! പ്രിയ
ഭ്രാതാക്കന്മാരെ, പാരിൽ ദൈവമെതുള്ളവേറെ?
വന്ദിപ്പിൻ മാതാവിനെ വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ സർവ്വാഭീഷ്ടസാധകപ്രസാദയെ.

1924 സപ്തമ്പർ 1-ാംനു-യായിരുന്നു ചിത്തിരുനാളിന്റെ കിരീടധാരണം. പുതിയ മഹാരാജാവിന്റെ കിരീടധാരണദിവസം കുറെ തടവുകാരെ വിടുന്നതാണെന്നുള്ള ശ്രുതി മൂലം തിരുനാൾ നാടുനീങ്ങി ഒരാഴ്ച കഴി.

ഞ്ഞപ്പോൾ കേൾക്കുവാൻ തുടങ്ങിയിരുന്നു. ആരെയെ ല്ലാമാണ് വിടേണ്ടത് എന്ന തീച്ച്പ്പെടുത്തുവാനായി ഒരു കമ്മററിയെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. കമ്മിററി മെമ്പർമാർ ജെയിലിൽവന്ന് റിക്കാട്ടുകൾ പരിശോധിച്ച വിട്ടയക്കുവാൻ അഹ്ന്മാരായ 36 തടവുകാരുടെ പേര് ഗവമ്മേണ്ടിന്ന് അയച്ചിട്ടുണ്ടായിരുന്നു. ആരെയെല്ലാ മാണ് വിടുന്നത് എന്നുള്ള വിവരം സ്വകാര്യമായി വെ ച്ചിരുന്നു. ഓരോ തടവുകാരും തങ്ങളെ വിടും എന്ന മോ ഹിച്ചുകൊണ്ടു കിരീടധാരണ ദിവസത്തെ പ്രതീക്ഷിച്ച് ഇരുപ്പായി. സത്യാഗ്രഹ തടവുകാരെ സംബന്ധിച്ചേട ത്തോളം യാതൊരു വിവരവും ഉണ്ടായിരുന്നില്ല.

1100 ചിങ്ങം 17-ാംനു-യായിരുന്നുവെല്ലോ ചിത്തര തിരുനാളിൻെറ കിരീടധാരണം. അന്ന് രാവിലെ പതി വ് പ്രകാരം സൂപ്രഡേണ്ട് ഞങ്ങളുടെ വാഡിൽ വന്നി ട്ടുണ്ടായിരുന്നു. എങ്കിലും വിടുവാൻ പോകുന്നതിനെപ്പ ററി യാതൊന്നും പ്രസ്താവിച്ചിട്ടുണ്ടായിരുന്നില്ല. കേട്ടി രുന്ന ശ്രുതിയെല്ലാം അടിസ്ഥാനമില്ലാത്തതായിരിക്കാം, ഇന്നു വിടുന്നതായിരുന്നാൽ വല്ല അറിവും കിട്ടാതിരിക്കു മൊ എന്നു ഞങ്ങളിൽ ചിലർ വിചാരിച്ചു. ഉച്ചക്കല ത്തെ ഭക്ഷണവും കഴിച്ചു, സാധാരണപോലെ ഓരോരു ത്തർ അവരവരുടെ ജോലിനോക്കികൊണ്ടിരുന്നു. ഉച്ച തിരിഞ്ഞു ഏകദേശം $2\frac{1}{2}$ മണി സമയമായപ്പോൾ സൂപ്ര ഡേണ്ട് അകത്തേക്കുവന്ന് $4\frac{1}{4}$ മണിക്ക് ഞങ്ങളെ എല്ലാ വരേയും വിടുവാൻ കല്പനവന്നിരിക്കുന്നു എന്ന് അറിയി ച്ചു. അഞ്ചുമാസകാലത്തോളം ഞങ്ങളുടെ ഭവനമായിരു

ന്ന ആ സ്ഥലം വിട്ടുപോകുവാൻ കഷ്ടിച്ച രണ്ടുമണിക്കൂറ് നേരമെയുള്ളു. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഞങ്ങൾ സാമാനങ്ങൾ എല്ലാം കെട്ടി പുറപ്പെടുവാൻ തെയ്യാറായി. വളരെകാലം പാർത്തിരുന്ന ഒരു സ്ഥലത്തെ വിട്ടുപിരിയുമ്പോൾ ഉണ്ടാകുന്ന അസ്വാസ്ഥ്യത ആ കെട്ടിടത്തെ വിട്ടു പിരിയുമ്പോഴും ഞങ്ങളുടെ മനസ്സിൽ ഉണ്ടായിരുന്നു. വാർഡർമാരും, ഹെഡ് വാർഡർമാരും ജെയിലിൽ ഉദ്യോഗസ്ഥന്മാരും സുപ്രണ്ടും ആസമയത്തു അവിടെ വന്നുകൂടി. എല്ലാവരോടും യാത്രപറഞ്ഞു ഞങ്ങൾ പുറത്തേക്കുവന്നു.

4¼ മണിക്കു ആ വലിയ വാതിലിന്റെ പുറത്തേക്ക് വന്നു ചുററുംനോക്കിയപ്പോൾ വൃക്ഷങ്ങൾ ആടുന്നതും, പക്ഷികൾ പറക്കുന്നതും, കുട്ടികൾ കളിക്കുന്നതും, മേഘങ്ങൾ ഓടുന്നതും, ഞങ്ങളുടെ ഹൃദയത്തിന്റെ തുള്ളലിന്നനുസരിച്ചോ എന്ന തോന്നിപ്പോയി.

പുറത്തുനില്ക്കുന്ന ആ സംഘത്തെ നോക്കുക! പട്ടരും, പുലയനും, നായരും, നായ്ക്കരും, ഈഴവനും, നസ്രാണിയും ഭ്രാതാക്കന്മാരെപ്പോലെ,'മാതൃവാക്കു വേദമായും' മാതൃശുശ്രൂഷ മഹായജ്ഞമായും കരുതി ഇതാ രണ്ടാമതും തങ്ങളുടെ സമരത്തെ പിന്തുടരുവാനായി പുറപ്പെട്ടിരിക്കുന്നു. ആ സംഘത്തെ നോക്കുമ്പോൾ ഐക്യകേരളത്തെ സ്വപ്നത്തിൽ എന്നപോലെ കാണുന്നു. അവരുടെ മുഖം പുതിയ യുഗത്തെ ഘോഷിക്കുന്നു. അവരുടെ ഭാവം പുതിയ ഐക്യത്തെ സൂചിപ്പിക്കുന്നു. ജേലിന്റെ കെട്ടിടത്തിന്മേൽ ഇരുന്നിരുന്ന മാടപ്രാവ് അപ്പോൾ

പറന്ന് ഞങ്ങളെ അനുയാത്രചെയ്യുവാനായി പുറത്ത് ഒരു മരത്തിന്മേൽ വന്നിരുന്നു. തന്റെ ദൃഷ്ടിയെ മറച്ചിരുന്ന കാർമേഘത്തെ മാറിനില്പ്പാൻ ആജ്ഞാപിച്ച് വൃദ്ധനായ ആദിത്യൻ തന്റെ ക്ഷയിച്ച രശ്മികൊണ്ട് ഞങ്ങളെ അനുഗ്രഹിച്ചു.

സ്വല്പം അകലെനിന്നു പട്ടാളക്കാരുടെ കൊമ്പു വിളികേട്ടു. വിശ്രമിച്ചിരുന്ന യോദ്ധാക്കളെ ഉണർത്തുന്നതുപോലെ ആ കാഹളശബ്ദം ഞങ്ങളുടെ മനസ്സിൽ വലിയ ഒരു ഉണർവ്വിനെ ഉണ്ടാക്കി. എന്തു അക്രമങ്ങൾ നാട്ടിൽ നടക്കുന്നു! എന്തു ദണ്ഡം ജനങ്ങൾ അനുഭവിക്കുന്നു? എന്തെല്ലാം അപമാനങ്ങൾ അവർ പൊറുക്കുന്നു? എന്ത ദാരിദ്ര്യം അവർ അനുഭവിക്കുന്നു? എത്ര ധനം ഈ രാജ്യത്തിൽനിന്നുപോകുന്നു! അന്യ രാജ്യങ്ങൾ ദിവസംതോറും മുന്നോട്ടുവരുന്നു. ഈ നിർഭാഗ്യഭൂമി അന്യാധീനത്തിൽപെട്ടു അധോഗതി പ്രാപിക്കുന്നു. അമേരിക്കക്കാർ പുതിയ യന്ത്രങ്ങൾ കണ്ടുപിടിക്കുന്നു. ജർമ്മനിയിൽ പല പരിഷ്കാരങ്ങളും വന്നുചേരുന്നു. റുഷ്യക്കാർ മൂന്നുകൊല്ലംകൊണ്ടു അവരുടെ ചരിത്രത്തിന്റെ ഗതി മാററിയിരിക്കുന്നു. തുർക്കിയിൽ റിപ്പബ്ലിക്ക് സ്ഥാപിച്ചിരിക്കുന്നു. ചീനയിൽ വലിയ വിപ്ലവങ്ങൾ നടക്കുന്നു. ഐർലാണ്ടുകാർ സ്വയംഭരണം തുടങ്ങിയിരിക്കുന്നു. ഈജിപ്തുകാർ സ്വാതന്ത്ര്യക്കൊടി ഉയർത്തുന്നു. ഇതെല്ലാം കണ്ട് പിന്നെയും വിസ്മയഭരിതരായി ഇന്ത്യക്കാർ ഇളകാതെ നില്ക്കുന്നു. എന്ത് കണ്ടാലും, കേട്ടാലും, അനുഭവിച്ചാലും മനസ്സിളകാത്ത കേരളീയരെ! നാം

വികാരമില്ലാത്ത കല്ലുകളൊ, അതൊ ആത്മാഭിമാനത്തെ രക്ഷിക്കുന്ന മനുഷ്യരോ? അവകാശം എന്തെന്നു അറിയാത്ത അടിമകളൊ, അതൊ അധികാരത്തിന്നായി പൊരുതുന്ന പുരുഷന്മാരൊ? ദേശമില്ലാത്ത സഞ്ചാരിവൎഗ്ഗങ്ങളൊ, അതൊ ദേശസ്വാതന്ത്ര്യത്തിന്നായി മരിക്കുന്ന വീരയോദ്ധാക്കളൊ? നിങ്ങളുടെ ധീരകൃത്യങ്ങളെ രേഖപ്പെടുത്തുവാനായി ചരിത്രകാരൻ തൂലികയും കയ്യിൽപിടിച്ചിരിക്കുന്നു. മനുഷ്യജീവിതത്തിന്റെ മാഹാത്മ്യത്തെ പ്രവൃത്തിരൂപേണ വെളിപ്പെടുത്തുവിൻ!

B108

23 FEB 194